THE SOUTH INDIAN BANK LTD.,

Regd. Office: TRICHUR

Looks forward to your patronage
Offers attractive rates on deposits

ALL MODERN BANKING FACIL TIES AVAILABLE

M. V. John,
*General Manager.*

Joseph Chakola,
*Chairman, Board of Directors.*

# The Beggar

—George Chazhoor

Unknowingly fell down two drops of warm tears from my eyes,
When I beheld, a long skeleton bearing a human soul,
It moved like a spirit, from gate to gate very slowly,
From door to door for kindness with a face having worries.
Never ! he got even a kind look, but faces with discontent.
Torn rags he wore; broken pots he bore stretching for mercy,
A black stick in his hand and wallet on his shoulder.
People with hatred looked and from doors he was driven away
I could'nt but lament this is man, O ! this is man
The Church of the Holy Ghost; the son of the Almighty one !
A decrepit gave him the only thing he had–a piece of bread,
His gelated hair like crown and he moved a king with sceptre.
God he was !! to examine people he came to earth from heaven,
He moved an emperor, with a pot to measure the goodness of man,
None of them recognized him, the wandering leper beggar.
Judge of judges He was and scholar of scholars,
Savant of savants he was and thinker of thinkers,
He was beauty, the sky and the earth and all and all.
Existing truth he is having neither the start nor the end.

* * * * * *

All the day nothing the decrepit had to eat or drink.
Hunger and thirst exhausted him; like a dry leaf he lay.
At night a voice he heard and a celestial light he saw.
"Blessed are the merciful for they shall obtain mercy"—and indeed !!
O wonder ! When he woke up a sumptuous meal for him he saw,
In this world, with mortals fraught, doubtless, reigns Providence Supreme.

# How and Why of Sex

M. M. Appachan, M.Sc.

It was a mixed College. Students and guardians were assembled in the hall to attend the 'College Day' celebrations. "The next item is fancy dress competition"; the sonorous voice of the Vice Principal came through the mike. "First comes Miss..X who claims to be of 'double sex' ". A few more words he added; "What"? a 'double sex' !! Eager looks from all sides centred upon the stage. Yes! there it came — half male and half female, and that too longitudinal halves. Hundred percent correct from head to foot. How funny it is!! Neither a 'he' nor a 'she' but both; a modern well dressed Lakshmi-Narayanan. It was moving through the crowd. For the boys who were sitting on the right side 'it' was a modern 'she', a civilised Indian half lady and for the girls who were on the left side, the nearing figure was a perfect but 50% gentleman. Pooh.. Pooh...., the boys began; a few girls too. Some even dared to touch that 'he + she' to make themselves believe or to pretend that they could enjoy it. For a few moments we, poor fools, forgot that it was a fancy dress. Everything in make-up!! It soon finished and the next one came. Are we not inclined to think, at this moment, about the possibility of obtaining such a figure ? Not of costume, cloak and make-up but a genetically real one. Here is an example; not in human beings but in insects.



*Gynandromorph:*

In the year 1904, Thomas Hunt Morgan was appointed to the faculty of Columbia University as a professor of experimental biology. He was skeptical about some of the Mendelian findings and so he wanted to continue his investigations. It was at this time that one of his friends F. E. Lutz called his attention to the common little fruit flies-Drosophila. Bottles upon bottles of this Drosophila flies filled the shelves of his laboratory. It soon proved even better than Lutz had said and it was a good tool in the hands of that great geneticist. Both the male and female flies were examined. Numerous crosses were made. The flies bred rapidly in great numbers. Not a single fly was left unchecked. One fine morning as usual he went to the laboratory and started to examine his flies with a hand lens and for his wonder he got a peculiar fly. Part of its body was masculine while the other part was feminine — a 'gynandromorph', a true combination. The somatic cells of the two halves were examined under the microscope. The Chromosome number also varied. How could this happen? Morgan, assisted by Bridges, explained this by assuming that 'gynandromorphs' first started with two x chromosomes' (sex chromosome) in addition to the autosomes (chromosomes other than sex chromosomes). But after the first cleavage, one of the X chromosomes might have lost by some misdivisions during mitosis. Thus there arose two types of flies, some with two X chromosomes together with the autosomes, and the other with one X chromosome in addition to the auto-somes. Thus it was proved beyond doubt that such 'gynandromorphs' are produced due to some

accidental misdivisions in the case of certain organisms.

Syndromes may be noticed rarely in human beings also, but a genetically true human gynandromorph has not so far been observed. There we need make-ups and costumes. The present effort is not to place before you the possibilities of obtaining a hermaphrodite homosapien, but to go deep into the intricate methods involved in the determination of sex in different organisms.

Sexual reproduction is a common phenomenon found among almost all kinds of plants and animals. For long biologists were puzzled by the factors determining the sex of individuals. "Sexual reproduction leads to the occurrence of a great variety of genetic combinations and then accounts for much of the heritable variation that is so typical of life and basic to evolutionary process".

E. L. Tatum's experiments suggest that bacteria too have some kind of mechanism for sexual reproduction. Even bacteriophage may show genetic recombinations and it is concluded that a mechanism like sexual reproduction is in operation. How is the sex determined? That is the puzzling problem.

Students of biology know pretty well that sex in certain organisms is determined by the presence of sex chromosomes i.e., X and Y chromosomes in the nucleus. But a sex determining mechanism like the X, Y, although very satisfactory for explaining some aspects of sexuality, may be misleadingly simple. Sexual scientists especially Allen, Bridges, Goldschemidt, Rick, Tatum, Warmke and others have contributed substantially to this field and as a result of their work we are inclined to believe that sexuality is a complex phenomenon, embracing many functions. Moreover for different groups of organisms different answers need to be given with respect to their sexuality.

*Pre-Mendelian Concepts:*

Earlier experiments in this field were based on external factors rather than the inherent nature of reproductive cells. Varying nutrition, vigour of the parent, relative age of the parent, freshness of the egg, quality of sperms, season of mating etc. were a few of such criteria in the determination of sex. So far there is no conclusive evidence to prove the significance of any of these factors. Then what is actually happening? What is the real mechanism involved in it? People began to think about it and a few theories were proposed.

*Theory of alternate dominance by Cartle (1903):*

He assumed that every individual is potentially bisexual. Accordingly one sex is dominating over the other or in other sense one remains latent or it may be undeveloped.

Interesting instances have been observed by various scientists with regard to the variations in sexual characters (in man and others animals) due to hormonal influence. Hormones are biologically potent chemical substances and the activities of these substances in sex differentiation prove the fact that basically every individual is bisexual. Mr. Witschi conducted experiments in salamanders and found that Male hormones could suppress the development of ovaries in the female. In man if the testes are removed before puberty, qualities associated with femaleness such as high-pitched voice, large lips, lack of beard, body hair etc. may become prominent. In such individuals if we inject the male hormone or testosterone those feminizing effects can be counteracted to a certain extent. Enlargement of the breasts and certain other tendencies toward femaleness are noticed in males due to some disturbances in the endocrine system. So also masculinization has been observed in certain women due to the same reason. This is evidenced by the development of facial hair in such women.

### *Theory of metabolic differentiation by Riddle (1915):*

Riddle worked on doves and pigeons and advanced the idea that sex differentiation is conditioned by the degree of metabolism involved. According to him increase in the rate of oxidation, greater water content, less protein storage etc. may help to produce males. He claims that by altering the metabolic conditions the reversal of sex dominance is possible.

### *Quantitative theory of Sex by Goldschemidt:*

Thr occurrence of actual intersexes was discovered by Goldschemidt and the artificial production of them led him to propound this theory. The term intersex was first employed by Goldschemidt for an individual with a mixed development of male and female qualities. Instead of Drosophila he used the gypsy moth 'Lymantria dispar' for crossing. When he made crosses between different geographical races of this moth he obtained a number of intersexes of different grades. They range from normal males through various stages of low intersexuality and high intersexuality to females which are genetically males. The relative strengths of the substance that determine sex are such that two doses of male determining substance overcome the action of female determining substance. The latter is sufficiently potent to overcome the action of the single dose of the former in the female. According to Riley these determiners are actually nothing but genes.

### *Balance theory of Calvin B. Bridges (1925):*

A modification of the quantitative theory of sex was propounded by Bridges in the year 1925. This is called the theory of 'genic balance' or the 'Balance theory'. Support comes from his work on Drosophila. Two sets of autosomes and one X chromosome give a male. Two sets of autosomes and two X chromosomes give a female. Proportion between X chromosomes and autosomes decides the sex of an individual. According to this theory the Y chromosome does not exert any influence. The formula 2x 2A designates the chromosome complement of a normal female.

Ratio X/A – 2/2 = 1 – Female

,, X/A – ½ = 0.5 – Male

,, X/A – 2/3 = 0.67 – Male

,, 3x/2A – 3/2 = 1.5 – Super female

,, x/3A – 1/3 = 0.33 – Super male.

In 1946 Warmke published a table showing chromosome constitution and sex in Drosophila and Melandrium. Here polyploidy had also been studied in relation to sex and supported the balance theory of sex. The occurrence of 'gynandromorphs' can also be explained by this theory. This theory shows that sex is not a rigidly fixed quality since it appears in variable quantity. Here the deciding factor is the x/A ratio. The intersexes and supersexes can also be explained by this theory.

### *Theory of Heterogamosis by Correns:*

Correns tried to avoid the difficulties in this field by supposing that there are two types of sex chromosomes — x and y. One parent is heterozygous (having both these chromosomes and hence producing two types of gametes) while the other is homozygous (with only one type).

### *Some recent findings:*

In Drosophila a recessive gene 'tra' has the effect of transforming diploid females into sterile males when it comes in the homozygous condition.

Rick and Hanna have shown that in Asparagus, the segregating germinal elements that determine sex are not whole chromosomes but members of a single allelic pair.

In Habrobracon, the fertilized eggs become females while unfertilized eggs become males.

Bonellia is a marine worm. Here, the free living forms develop into females but the attached ones develop into structurally degenerate males and they lead a parasitic life on the sexual organs of females.

Emerson and Jones showed that the unisexual condition can be induced from bisexuality! But Allen and Loehewig (1940) have shown reversion to bisexuality from unisexual condition.

Winge has reported shifting of the sex-determining mechanism from one chromosome to another.

The effects of light and temperature were studied by Nitsch and Went in 1952. They found that high temperature and long days encouraged the formation of male flowers whereas the reverse condition helped the development of female flowers.

In the alga, 'Codium elongatum', in some season of the year, the male and female branches are separate. But unisexual individuals are produced during autumn. Variations from the usual condition are thus noticed in all the above instances. Even the disappearance of the Y chromosome has been noticed in several cases in the course of evolution. About 46 dioecious species have been reported by Allen where he could not find any sex chromosome. So sexuality is a complex phenomenon and the difference in sex is frequently based on the segregation of simple alternatives. These may be chromosomes, groups of genes, or single allelic pairs. In some cases environment may play the critical role while in some others mere autosomes are enough. In certain other cases sexuality is expressed as a series of relative difference of physiologic nature. As sexuality embraces many functions we can assume that many genes are involved in it. Even if sex chromosomes are present we are again not quite sure whether there is any mutual attraction between the x and y chromosomes during the period of zygote formation. If we assume like that then quite naturally we should also admit that it is a gene controlled quality which again may vary in its degree of operation in different individuals, otherwise no females would exist. Thus the problem of sex and its differentiation necessitates further research.

---

PROCESS BLOCK MAKERS

GERVAS JOHN & CO.

★

COLOUR BLOCKS, HALF-TONE & LINE BLOCKS

VALANJAMBALAM - ERNAKULAM

# INAUGURATIONS



COLLEGE UNION
DR. A. T. MARKOSE



C. S. U.
CHEV. RUTHNASWAMY M. P.



CHEMISTRY ASSOCIATION
SRI GEORGE ABRAHAM



INAUGURATION OF
ORIENTAL LANGUAGES ASSOCIATION :
ANNIE K. THAYIL



INAUGURATION
PLANNING FORUM :
PHILIP K. THA



INAUGURATION OF
LIFE SCIENCE ASSOCIATION :
V. G. MANAMOHAN

## EMINENT GUESTS IN THE COLLEGE



SRI NIJALINGAPPA



SRI PANAMPILLI



CAPTAIN SARMA

## DISTINGUISHED MEN ADDRESSING OUR STUDENTS



Justice K. K. Mathew



Fr. Xavier Kaniampuram



Dr. A. T. Markose



Sri Nijalingappa



Sri Panampilli



Siva Rama Krishna Iyer



E. Narayanan



George Abraham

## *"They brought new gospels to us"*



Chev. Ruthnaswamy



Mgr. V. Kavalakkatt



P. A. Thomas



Philip K. Thayil



Capt. Sarma



Fr. Canisius, Prior General



P. T. Mathew, Judge



Annie K. Thayil



Manomohan



Prof. Guptan Nair



Hans A. D'Boer

# BARTHALOMEW TOURNAMENTS















INAUGURATION OF
ENGLISH ASSOCIATION
SRI E. NARAYANAN

INAUGURATION OF
YOUTH FESTIVAL:
JUDGE P. T. MATHEW





SRI THOMAS PALACKAN
RECEIVING 'THE BEST ACTOR' PRIZE



STUDENTS FROM CALIFORNIA IN THE COLLEGE



College Union Secretary
I. D. Michael, II M.A.



CHAIRMAN TAKING OATH



College Union Chairman
Vidyasagar, II M.Com.

## BRANCH ASSOCIATION SECRETARIES



Maths, and Phys. Association
B. Raghunandanan



Dramatic Club
T. K. Abraham



Chemistry Association
P. V. Jacob



Life Science Association
V. J. Thomas



Planning Forum
V. D. Jacob



Ori. Languages Association
Mohandas



Social Service League
Umakanth Pai

# CREATIONS OF OUR BUDDING ARTISTS



By W. Jayapriyadarsan



By P. K. Mohan




By P. K. Mohan



By W. Jayapriyadarsan

# OUR FIRST CLASSES
## (GRADUATES)





C. Z. Johny



Kosy Varghese











Rev. Aquin Vincent
I Rank in English
(I Part)



P. John Mathew
I Rank in I Class
M.Com.









A. C. Mathew
P. J. Joseph
Ramachandra Kamath
T. R. Sasidharan
K. A. Chandran



Rev. P. M. Joseph

*Photos not reached of:* Sasidhara Menon N.
Anthonikutty P. M.
Peter A. S.



A. V. Joseph
P. Y. Chacko
Jimmy C. Mattam
Joseph Chacko
K. P. Johny

# PRE-DEGREE FIRST CLASSES


Rev. Varghese P. J.


Rev. Johny A. C.


Rev. Jose L. F.


R. Ramanathan


C. J. Andrews


R. Sasanga Prabhu


N. Sree Ramachandran


N. K. Joseph


E. M. Jacob


Mathew Sebastian


E. C. John

*Photos not reached of:*

P. E. Soman
M. V. Kuriakose
C. J. Joy
P. J. Joseph



INAUGURATION OF MATHS AND PHYSICS ASSOCIATIGN:

SIVARAMAKRISHA IYER

Gathering for Unveiling of the Portrate of Fr.J.Berchmans,C.M.I., in the College Auditorium

CHIEF GUESTS





Late Fr. John Berchmans, C.M.I.



Archbishop of Ernakulam making the eulogy

# SCENES OF OUR COLLEGE AND ITS PREMISES














PHOTOGRAPHER
RADHAKRISHNAN K.K.

# C. S. U. 9TH INTER-COLLEGIATE.........

*... histrionic talents in climax ...*








# COLLEGE SPORTS FESTIVAL



# OUR N.C.C. BIGWIGS



U. O. Jayaprakasan represented in R. D. Parade, Delhi



C.U.O., C.K. Mattam Took part in Anamudi Expedition



E. I. Mathew Represented in R.D. Parade, Delhi



S.C.U.O., Ragunandanan



C.U.O., George Joseph



C.U.O., T. I. Daniel



C.U.O., T. George



S.U.O., S. Tilak Babu



U.O., Johnykutty Joseph



C.U.O., A.N.Sasidharan



Nandakumar, Participated in Anamudy Expedition



Sasidharan



Gopalakrishnan N.



O Radhakrishnan



K. R. Balakrishnan, Abraham Prakash, Gokuldas Kini



Sreekumar



Scholarship Holders 1967–1968



Social Service League



Final M. Com.



College Union Office Bearers 1967– 68


FINAL B.SC.
ZOOLOGY


FINAL B.SC.
BOTANY



Electoral College 1967–'68



College Athletic Association



FINAL B. A.
ECONOMICS



FINAL B. A.
SOCIOLOGY



FINAL M.A.
ENGLISH

FINAL M.A.
ECONOMICS





FINAL M.Sc.
ZOOLOGY



FINAL M.Sc.
CHEMISTRY



Marian Sodality 1967–'68



Sodality Secretary
T. A. Kunjuvarkey



Jt. Secretary
Mathews T. M.



Knights of the Altar



C.S.U. Secretary
K. K. Baby



C.S.U. Chairman
P. C. Joseph

# IN MEMORIAM



**Fr. TOBIAS, C. M. I.,**
S. H. MONASTERY, THEVARA.
Died on 17th of Nov. 1967.



**T. K. MURALEEDHARAN II P. D.**
Died on 30th Sept. 1967

**R. I. P.**



MAGAZINE COMMITTEE



കവിത

# 'ദി ഡാഫൊഡിൽസ്'



(വേഡ്സ്‌വർത്തിന്റെ 'ദി ഡാഫൊഡിൽസ്' എന്നകവിതയുടെ സ്വതന്ത്രവിവർത്തനം)

വിവർത്തകൻ:
എൻ. ആർ. ചന്ദ്രശേഖരൻ
I.P.D.

1

ആകാശത്തുല്ലസിച്ചും പരിചൊടുശിഖരം
താഴ്‌വരബ്ഭൂപ്രദേശം
പൂകിക്കാണുന്ന മേഘം അഴകൊടൊഴുകിടും
പോലെ ഞാൻ വാപിതീരേ
ഏകാന്തത്തിൽ നടന്നാൻ; നയനമതമിതം
'ഡാഫൊഡിൽ' നൽകിതോഷം:
ആകപ്പാടേ മനോജ്ഞം കുസുമവിതതികൾ
ചെയ്തിടും വശ്യനൃത്തം.

2

പററം കൈക്കൊണ്ടുനന്നായ് ഗഗനതലമതിൽ
'മില്ക്കിവേ'യായിനില്ക്കും
ഏററം നന്നായ്ത്തിളങ്ങും ഉഡുമണിനിവഹം
തന്നെയാണെന്നുതോന്നും;
അററംകൂടാതെ കാണാം സമനിചയമതിൻ
നൃത്തനൃത്യപ്രഭേദം
പററത്തോടക്ഷണം ഞാൻ നദിയുടെ കരയിൽ
കണ്ടഹോ നിന്നുപോയി.

3

നൃത്തം നന്നായ് തകർക്കും അലകളിലധികം
വാച്ച സൗന്ദര്യമെന്നാൽ
ചിത്തം പാടേഹരിക്കാൻ അവകളപജയം
പൂണ്ടപോൽ സത്യമത്രേ;
സത്താം സൗന്ദര്യമൂർത്തേ, കുസുമനടനമേ,
കണ്ണിമയ്ക്കാതെകണ്ടേൻ;
വിത്തം നീ നൽകിയെന്നിൽ വളരെവളരെയായ്
ഞാനറിഞ്ഞില്ല ലേശം.

4

ആനന്ദം പോയ ചിത്തം വിരസശയനമായ്
ചിന്തയിൽ പൂകിടുമ്പോൾ
ഊനംതട്ടാതെ കാണും മമമനമുകുരേ
പൂക്കൾ തൻ വശ്യനൃത്തം;
ഞാനപ്പോഴേ മറക്കും വിരസതയഖിലം,
മാറിടും ദുഃഖമെല്ലാം,
ആനന്ദത്തിൽ ലയിക്കും ഹൃദയ,മധികമായ്
ആടുമൊപ്പം സുമംപോൽ.






ആരംഭം ഇങ്ങനെയൊക്കെത്തന്നെയാണ്. ആദ്യം ചിരിക്കും. അതോടെ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുകയായി. താളുകൾ മറിയുന്നതോടൊപ്പം പുതിയപുതിയ അനുഭവങ്ങൾ. അവസാനം... അവസാനം എന്തായിരിക്കും? കുറെ കരിയും പുകയും! ചിലപ്പോൾ ഉഗ്രമായ പൊട്ടിത്തെറിയും. അപ്പോൾ..............ചിലതെല്ലാം ചാമ്പലാകും. അതേ, നല്ല വെള്ളനിറമുള്ള ചാമ്പൽ. കാഴ്ചയ്ക്കു മനോഹരമായിരിക്കും.

അതിൽ നോക്കിനില്ക്കുമ്പോൾ ഒന്നുമാത്രം മറന്നു പോകുന്നു. ചാമ്പലുണ്ടാകുവാൻ ഹോമിക്കപ്പെട്ട വസ്തുക്കളെ. ശരിയാണ്.

ഒരിക്കലും ഓർമ്മിക്കപ്പെടാത്ത സത്യങ്ങൾ!

ഓ, സംഗതി ഗതിമാറിപ്പോകുന്നു. തുടങ്ങിവെച്ചതു് ചിരിയിലാണ് സുന്ദരമായ ചിരി. അതും ബസ്സ്റ്റോപ്പിൽവെച്ച്. തികച്ചും ന്യായീകരിക്കാവുന്ന പ്രവൃത്തി. പതിവായി കാണുമ്പോൾ പ്രത്യേകിച്ചും.........

കാണുമ്പോൾ എന്താണ്? പരിചയമാവും. അത്രതന്നെ. പിന്നെ ചിരിക്കാതിരിക്കാൻ കഴിയുമോ? അതു കൊണ്ടു ചിരിച്ചു.

ചിരി വശീകരണശക്തിയുള്ളതായിരുന്നു. അവൾക്ക് ഭംഗിയായി ചിരിക്കാനറിയാം. എന്തിനു് പരത്തിനു പിശുക്കു് കാട്ടുന്നു? 'എൻ'ടി മ്'ലി ബ്യൂട്ടിഫുൾ!'

പക്ഷേ, അതു് ആദ്യം കണ്ടപ്പോൾ അയാൾക്കുണ്ടായതോ—

ഒരു വിറയൽ! വിളർപ്പ്!

ജാള്യം മറയ്ക്കുവാൻ ഷർട്ടിന്റെ കോളർ ശരിയായി വെയ്ക്കുന്നതിൽ അയാൾ അപ്പോൾ വ്യാപൃതനായി. മുഖം ശാന്തമായിരുന്നു. ദൈന്യമായിരുന്നു. ഒരു ട്രാജഡിയിലെ നായകന്റേതുപോലെ.

പാവം. ശാന്തൻ. ശുദ്ധൻ!

അയാൾ ചുററുപാടും കണ്ണോടിച്ചു. ഹൃദയം ക്രമാതീതമായി ചലിച്ചു. പെരുമ്പറ അടിക്കുന്നതുപോലെ. നെററിയിൽ വിയർപ്പു പൊടിച്ചു. ഈ മഹാരഹസ്യം ആരെങ്കിലും കണ്ടോ? ഒരു പെൺകുട്ടി ചിരിക്കുന്നതു്. അതും അയാളെ നോക്കി!

ഇല്ല. ആരും കണ്ടില്ല. സമാധാനമായി. പക്ഷേ ഒരു സംശയം: പകരം ചിരിക്കണോ? ഇല്ലെങ്കിൽ അവൾ എന്തു കരുതും? ആകെപ്പാടെ ഒരു വല്ലായ്മ. കർച്ചീഫെടുത്തു മുഖം തുടച്ചു. കർച്ചീഫിൽ കറുത്ത പാടുകൾ! അയാൾ തന്റെ മീശയിൽ തടവിനോക്കി. അവ ഇപ്പോൾ ചെമ്പിച്ചിരിക്കും.

തിരിഞ്ഞു നടക്കുമ്പോൾ അയാളുടെ തല ഉയറ്ന്നു കണ്ടില്ല. പക്ഷേ ആ കാൽവെപ്പുകൾ ദൃഢമായിരുന്നു. എന്തോ തീരുമാനിച്ചുറച്ചതുപോലെ.

സംഗതി പുരോഗമിച്ചിരിക്കുന്നു. ഇപ്പോൾ അയാൾക്കും അവളെ നോക്കി ചിരിയ്ക്കാൻ കഴിയും. കാണുമ്പോൾ അന്യോന്യം പുഞ്ചിരിക്കാൻ മറക്കില്ല. മൂകമായ ഭാഷയിൽ കണ്ണുകൾ കഥപറയും; മഹാകാവ്യം രചിക്കും. ഇടയ്ക്കു കവിതയും.

ഒരു പുതിയ വാർത്ത!

ഷോക്കിങ് ന്യൂസ്!!

അവർ സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. സംസാരിക്കുക മാത്രമല്ല. ചെറിയ ഒരു പിക്നിക്കിനു് പോകുകകൂടിച്ചെയ്തു. പിന്നെ ബീച്ചിൽ, തീയേററിൽ, എയർ കണ്ടീഷൻഡ് ഹോട്ടലിൽ. എവിടെയും.

ഇണക്കുരുവികൾ!

ഹൃദയം കൈമാറിയവർ!

അയാളോടു് ഇക്കാര്യത്തെപ്പററി ചോദിച്ചാലോ? അയാൾ ചിരിക്കും. സുന്ദരമായിത്തന്നെ. 'ഹേ. മഹാമനസ്കരായ നാനാജാതിമതസ്ഥരേ, സത്യത്തിൽ നിങ്ങൾ വിഡ്ഢികളാണ്; മര്യാദയില്ലാത്തവരാണ്; അല്ലെങ്കിൽ ഇതെല്ലാം ഇങ്ങനെ ചോദിക്കാമോ? ഇതെല്ലാം ലോകമര്യാദയ

ല്ലേ? ഇതിലെന്തു ചോദിക്കാനിരിക്കുന്നു?' എന്ന് ആ മുഖം വിളിച്ചു പറയുന്നുണ്ട് എന്ന് അയാൾക്കു തോന്നും.

അയാൾ കൂട്ടുകാരോടു പറഞ്ഞു; ശുദ്ധമായ മനസ്സോടെ ചെയ്തു് സുന്ദരമായിത്തന്നെ. കൂട്ടുകാർ അയാളെ കളിയാക്കി; [illegible] സുന്ദരികളായ പല പെൺകുട്ടികളും കേട്ടു. അയാൾ കൂട്ടുകാർക്ക് ബിരിയാണി വാങ്ങിക്കൊടുത്തു. കറപ്ഷൻ. കൈക്കൂലി!

അവൾക്ക് നാണം വന്നു. കൂട്ടുകാരികൾ അയാളെ ചൂണ്ടിക്കാട്ടി അടക്കം പറഞ്ഞു. അവൾ പറഞ്ഞു: 'ഒന്നു പോടീ'.

അവർ ആർത്തു ചിരിച്ചു.

അയാൾ സിഗററ്റ് വലിച്ച് പുക അവളുടെ നേരെ ഊതി. അവൾ പല്ലുഞെരിച്ചു. അയാൾ ചിരിച്ചു. ചിരി പതിവുപോലെ ഹൃദ്യമായിരുന്നു. പക്ഷേ അവൾക്കിഷ്ടമായില്ല. അവൾ തല വെട്ടിച്ചു. മറെറങ്ങോ ദൃഷ്ടി ഉറപ്പിച്ചു. അയാൾക്ക് സഹിച്ചില്ല. കണ്ണുകൾ നിറഞ്ഞു. രണ്ടുതുള്ളി കണ്ണുനീർ തറയിൽ വീണു ചിതറി.

ദുർവിധി!

അവൾ അതുകണ്ടു. അവൾക്കു ചിരിവന്നു. കൂട്ടുകാരികൾ കാര്യം അന്വേഷിച്ചു. അവൾ അയാളെ ചൂണ്ടിക്കാട്ടി. അയാൾ പരുങ്ങി. അയാൾക്ക് വല്ലാത്ത ദേഷ്യം വന്നു. എന്നിട്ടും അയാൾ ചിരിച്ചു.

സംഗതി ഇപ്പോൾ ക്ലൈമാക്സിലാണ്. അവളെ കണ്ടില്ലെങ്കിൽ അയാൾക്ക് ഉറക്കം വരില്ല. അവൾക്കും അങ്ങനെതന്നെ. ഉറങ്ങാതിരുന്നാൽ........?

എന്തുചെയ്യുമെന്ന് ചോദിക്കാനുണ്ടോ? സ്വപ്നം കാണും. നല്ല സുന്ദരസ്വപ്നങ്ങൾ.

പിന്നെ......?

പിന്നെ അവയെല്ലാം എഴുതും. കാവ്യാത്മകമായി. എന്നിട്ടോ......?അങ്ങനെ ചിന്തിക്കാനുണ്ടോ?.

എന്നിട്ട് കൈമാറും.

പക്ഷേ ഇതൊന്നും ശാശ്വതമല്ല. അതുകൊണ്ട് അവളാണ് പുതിയ പോംവഴി നിർദ്ദേശിച്ചതു്.

'വിവാഹം നടത്തണം'

അയാൾ പറഞ്ഞു; 'നല്ലതു്'.

കാരണം, അവൾ സുന്ദരിയായിരുന്നു. അയാൾക്ക് അവളെ ഇഷ്ടമാണ്. ജീവനോളം. കൂടാതെ പാട്ടുപാടും.

അവൾക്കും സന്തോഷം തോന്നി. കാരണം, അയാൾക്ക് അനുസരണയുണ്ട്. റോസാപ്പൂ വേണമെന്ന് പറഞ്ഞാൽ ചെടിയോടെ കൊണ്ടുവരും. സ്നേഹമുള്ളവനാണ്. അങ്ങനെ സംഗതി സുന്ദരമായി കലാശിച്ചിരിക്കുന്നു.

ലക്ഷ്യ പ്രാപ്തിക്കായി പദ്ധതി ആവിഷ്കരിച്ചു. രണ്ടുപേരും സജീവമായി പ്രവർത്തിച്ചു. കൂടാതെ അറിഞ്ഞും അറിയാതെയും പല അനുഭവസ്ഥരുടെയും ഉപദേശം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പ്രതിഭാശാലികളുടെ യാഥാർത്ഥ്യബോധത്തോടുകൂടിയപദ്ധതി! അനായാസമായി പ്രയോഗിക്കാവുന്ന പദ്ധതി.

കളിപ്പാട്ടം!

അസാധാരണമായി ഒന്നും സംഭവിച്ചില്ല. തികച്ചും സാധാരണമായിത്തന്നെ പദ്ധതി കഴിഞ്ഞു. കാരണം വിപ്ലവമാണ്. അയാൾ ഉജ്ജ്വല പ്രഭാഷണത്തോടെ സംഗതി നിലയുറപ്പിച്ചു. ആദ്യം ഇപ്പോഴാണ്.

വിപ്ലവം അവരുടെ അച്ഛനപ്പോഴായിരുന്നു. സമ്പന്നനായിരുന്നു, പഴയ കാര്യങ്ങളല്ല. അയാളുടെ കൈയ്യിൽ കത്തി ഉണ്ടായിരുന്നില്ല. വിവാഹം ചെയ്തില്ല.

വെളുത്തുരുണ്ട കൊച്ചുസുന്ദരൻ! ഗംഭീര ശമ്പളമാണ്. സ്വന്തം കാർ. കമ്പനികളിൽ ഓഹരി. അൽസേഷ്യൻ നായും. അയാൾക്ക് ഒരേ ശ്രദ്ധ ഒരു പെൺകുട്ടിയെ വേണം. ഉം! ഒറ്റമകളായി ഒരു പെൺകുട്ടിയെ വേണം. അനാഥയായിരുന്നാൽ സന്തോഷം.

മനുഷ്യൻ ഐശ്വര്യസമേതം മുന്നോട്ടു വന്നിരിക്കുന്നു.

ആരാണ് വേണ്ടെന്ന് പറയുന്നതു്? ഒന്നാം തരം ശമ്പളം, മുററം നിറഞ്ഞ, സ്വന്തം കാർ, അൽസേഷ്യൻ നായ—എല്ലാം സ്വീകരിക്കും, അൽസേഷ്യൻ നായ—ആവശ്യമാണെങ്കിൽ വളളവനാണ്. അയാളുടെ ആവശ്യം: ഒരു പെൺകുട്ടി! ആർക്കും എതിരുണ്ടാവില്ല;വെറും ഒരു പെൺകുട്ടി! അവളുടെ അഭിപ്രായം ചോദിക്കേണ്ടിയിരുന്നു. അവൾ ഉറക്കെ ചിരിച്ചു. ചിരി ആകർഷകമായിരുന്നു. വീട്ടുകാർ കരുതി: നല്ല പെൺകുട്ടി. അനുസരണയുള്ളവൾ!

വിവാഹക്ഷണം അയാൾക്കും കിട്ടി. സ്വർണ്ണ നിറമുള്ള തിളങ്ങുന്ന അക്ഷരങ്ങൾ! അയാൾക്ക് അത്ഭുതം തോന്നി ഇതു് സത്യമോ?, അവൾ ക്ഷമാപണം ചെയ്യുവാനും മറന്നില്ല. മൂന്നുനാല് വാക്യങ്ങളിൽ ഒതുക്കിനിർത്തിയിരിക്കുന്നു. സുന്ദരമായ വാക്യങ്ങൾ. അതായതു്; അവൾ നിരപരാധിയാണ്. വീട്ടുകാരുടെ നിർബ്ബന്ധം കൊണ്ടാണ് അവളിതിനു വഴങ്ങാൻ നിർബ്ബന്ധിതയായതു്. അവൾ ഒരു സ്ത്രീയാണ്. കഴിഞ്ഞതെല്ലാം അയാൾ മറക്കണം. അവൾ എന്നെന്നും അയാളെ ഓർക്കുന്നതായിരിക്കും.

അയാൾ ചിരിച്ചു. ശാന്തമായി. സുന്ദരമായി. ഒരു ആത്മാവുകൂടി വെളിച്ചം കണ്ടിരിക്കുന്നു!

കല്യാണത്തിന്റെ തലേദിവസം അവൾ ഒരുസ്വപ്നംകണ്ടു: അയാൾ ഇരച്ചുവരുന്ന തീയിനു മുൻപിൽ എരുതു പാടുന്നതായി—ചിതറിവീണ ചോര ശരീരം രക്തത്തിൽ മുങ്ങിക്കിടക്കുന്നതായി. ആ കണ്ണുകൾ തുറിച്ചിരിക്കുന്നതായി.

അങ്ങനെ സംഭവിച്ചാൽ—

പാവം സ്നേഹമുള്ളവനായിരുന്നു. പക്ഷേ, എന്താണ് ഈ സ്നേഹം? അൽസേഷ്യൻനായയ്ക്കും ഉണ്ടു സ്നേഹം. കാണുമ്പോൾ വാലാട്ടും. കാലിൽ നക്കും. പിന്നെ.........

പക്ഷേ ആ ശബ്ദം കേട്ടപ്പോൾ ഞെട്ടിവിറച്ചു പോയി അതേ, അയാളുടെ ശബ്ദംതന്നെ. അയാൾ ക്ഷണം സ്വീകരിച്ചു കല്യാണത്തിനെത്തിയിരിക്കുന്നു! പന്തലിലും ഊട്ടുപുരയിലും ഓടിനടന്നു നിർദ്ദേശം നൽകുന്നു. അയാളെ ഒററയ്ക്ക് ഒന്നു കാണാൻ വിഷമിച്ചു. കണ്ടപ്പോൾ അവൾ രഹസ്യമായി അപേക്ഷിച്ചു: 'നിങ്ങൾക്കൊന്നു പോകാമോ?'

# മനുഷ്യനും ചിന്തയും

പി. ടി. ജോസഫ്, ഗ്രൂ. II P. D. C.

ഏകദേശം ഒരു വർഷംമുമ്പ് ഒരു മാസിക, 'റീഡേഴ്സ് ഡൈജസ്റ്റ്' ആണെന്നുതോന്നുന്നു, പ്രസിദ്ധീകരിച്ച ഒരുലേഖനത്തിൽ, ആധുനിക കാലഘട്ടത്തിലെ പത്ത് അത്ഭുതങ്ങളായി ഇലക്ട്രൺ മൈക്രോസ്കോപ്പിന്റെയും, പലോമർ ടെലസ്കോപ്പിന്റെയും മാക്സ്‌വെല്ലിന്റെയും ഐൻസ്റ്റയിനിന്റെയും ചില ഫോർമുലകളുടെയും പേരു ചേർത്തു കണ്ടു. എന്നാൽ പത്താമത്തെ അത്ഭുതമായി അവർ എടുത്തു കാണിച്ചതു മനുഷ്യനെയായിരുന്നു. കഴിവുള്ളമനുഷ്യനെദൃശ്യപ്രപഞ്ചത്തിലെ ഏറ്റവും വിസ്മയനീയനായൊരു ജീവിയാണ് മനുഷ്യൻ. ഷേക്സ്പിയറിന്റെ 'ഹാംലറ്റ്' എന്ന നാടകത്തിൽ ഹാംലറ്റ് രാജകുമാരൻ പറയുന്നഭാഗം ഇവിടെ ഓർക്കുന്നതുകൊള്ളാം: എത്രയോ വിസ്മയകരമായ ഒരു സൃഷ്ടിയാണ് മനുഷ്യൻ. ധിഷണാശക്തിയിൽ എത്രയോ സമുന്നതൻ; കഴിവിൽ എത്രയോ അനന്തൻ; ആകാരത്തിലും ചലനത്തിലും എത്രയോ ക്രമീകൃതനും സ്തുത്യനും; പ്രവർത്തനത്തിൽ ഒരു ദൈവദൂതനെപ്പോലെ, ധാരണാശക്തിയിൽ ഒരു ദേവനെപ്പോലെ! ഈ ലോകത്തിന്റെ സൗന്ദര്യതിലകം! ജന്തുലോകത്തിന്റെയെല്ലാം പരിപൂർണ്ണതയുടെ പാരകോടി! ലോകത്തിലെ ഓരോ ശക്തിയെയും മനുഷ്യൻ തന്റെ ചൊല്പടിയിലേയ്ക്കു കൊണ്ടുവരികയാണ്. അങ്ങനെ അവന്റെ കഴിവിന്റെ സീമകൾ വിസ്തൃതങ്ങളായിക്കൊണ്ടിരിക്കുകയാണ്. ആറ്റം ശക്തിയെ അവൻ കണ്ടുപിടിച്ചു. ബഹിരാകാശസഞ്ചാരത്തിന്റെ കാര്യത്തിൽ, ആ ശക്തി ഉപയോഗിച്ച്, സൂര്യനെക്കാൾ വേഗതയുള്ള ആകാശവിമാനങ്ങളെ അവൻ നിർമ്മിക്കുകയും അന്തരീക്ഷത്തിൽക്കൂടി സഞ്ചരിക്കുകയും ചെയ്യുന്നു. യവനപുരാണങ്ങളിൽ, പ്രൊമിത്യൂസും ഇക്കാറസും ആകാശത്തിൽക്കൂടി സഞ്ചരിച്ചതായും, ഇക്കാറസ് സൂര്യനടുത്തുകൂടെ പറന്നതായും ചിറക് കരിഞ്ഞ് താഴെപ്പതിച്ചതായും പറയുന്നുണ്ട്. എന്നാൽ പ്രൊമിത്യൂസിനെക്കാളും ഇക്കാറസിനെക്കാളും വൻശക്തികളുള്ളവനല്ലേ ആധുനിക മനുഷ്യൻ?

## മനുഷ്യനും പ്രതിഭയും

പക്ഷേ ഈ കഴിവുകളെല്ലാം എങ്ങനെയുണ്ടായി? എന്താണ് ഇവയുടെയെല്ലാം ഉറവിടം? ഈ കഴിവുകളെല്ലാം മനുഷ്യന്റെ ചിന്താശക്തിയുടെ ഫലമാണ്. ഇവയുടെയെല്ലാം ഉറവിടം മനുഷ്യന്റെ ബുദ്ധിശക്തിതന്നെ. കട്ടവണ്ടി യുഗത്തിലെ മനുഷ്യൻ ആറ്റം യുഗത്തിലേയ്ക്ക് പ്രവേശിച്ചു കഴിഞ്ഞു. എന്നാൽ പ്രാചീനമനുഷ്യനിൽ നിന്നു തികച്ചും വ്യതിരിക്തനായ ഒരു ആധുനികമനുഷ്യനെ നമുക്കു കാണുവാൻ സാദ്ധ്യമല്ല. ആധുനികമനുഷ്യന്റെ ധിഷണാശക്തി വർദ്ധിപ്പിച്ചിട്ടുണ്ട്. അവന്റെ നിഗമനങ്ങൾ കൂടുതൽ വ്യക്തങ്ങളും ഒരു പരിധിവരെ പൂർണ്ണങ്ങളുമാണ്. പക്ഷേ എല്ലാം തന്നെ പ്രാചീനമനുഷ്യൻ ചിന്തിച്ചു വച്ചതിന്റെ തുടർച്ചയാണ്. ആയിരമായിരം കൊല്ലങ്ങൾ മുമ്പ് നടന്ന തീയുടെ കണ്ടുപിടുത്തത്തിൽ നിന്നും പ്രാകൃതോപകരണങ്ങളുടെ നിർമ്മാണത്തിൽനിന്നും വ്യത്യസ്തമായി ഇന്നത്തെ അത്ഭുതങ്ങളായ ഇലക്ട്രൺ മൈക്രോസ്കോപ്പിനെയും പലോമർ ടെലസ്കോപ്പിനെയും നമുക്കു കാണുവാൻ കഴിയുകയില്ല. ഐൻസ്റ്റയിൻ പറഞ്ഞ വാക്കുകൾ ഒരിക്കലും വിസ്മരിക്കപ്പെടുവാൻ പാടില്ല. അദ്ദേഹം

---

അയാൾ ചിരിച്ചു. കൊല്ലുന്ന ചിരി. പക്ഷേ അയാളുടെ മുഖം ശാന്തമായിരുന്നു. ആ കണ്ണുകളിൽ നിശ്ചയദാർഢ്യമാണ് നിഴലിച്ചത്. അവൾക്ക് ബോധം നഷ്ടപ്പെടുന്നതുപോലെ തോന്നി.

ഒരു മുഖം തന്റെ മുഖത്തോടടുത്തു വരുന്നുവോ? അവൾക്കൊരു സംശയം. അതേ, ശരിതന്നെ. അയാളുടെ മുഖം. കുറ്റിരോമം എഴുന്നുനില്ക്കുന്നു. അവൾ കൈത്തലംകൊണ്ടു സ്വന്തം മുഖം മറച്ചു. എന്നിട്ടും അയാൾക്കു കൂസലില്ല. ഒരു സ്ത്രീയുടെ ചാരിത്ര്യത്തെപ്പറ്റി അയാൾക്കൊരു ചിന്തയുമില്ല. അവൾ ഗർജ്ജിച്ചു:

'ച്ഛീ—മൃഗം'.

അയാൾ പൊട്ടിക്കരഞ്ഞില്ല. കരയേണ്ടതാണ്. ശാന്തത നിഴലിക്കുന്ന ആ മുഖം കണ്ടപ്പോൾ ദ്വേഷ്യത്തെക്കാളേറെ അത്ഭുതമാണുണ്ടായത്. എന്തിനും പോന്ന ആ ഭാവം അവളെ അത്ഭുതപ്പെടുത്തി. അയാൾ സാവധാനം പോക്കറ്റിൽ നിന്ന് ഒരു ചെറിയ കുപ്പിയെടുത്ത് അവളെ കാണിച്ചു. അവൾ ആ കുപ്പിയിലും അയാളുടെ മുഖത്തും മാറിമാറി നോക്കി. അതേ, വിഷം!

അയാൾ മരിക്കാൻ പോകുന്നു. അവളുടെ മുഖം വിവർണ്ണമായി. അയാൾ ഒന്നും ശ്രദ്ധിക്കാതെ പറഞ്ഞു: 'ക്ഷമിക്കൂ.......'

അയാൾ പോകാനായി തിരിഞ്ഞു. അവളുടെ കണ്ണുകൾ നിറഞ്ഞു. രണ്ടുവാക്കുകൾ വിഷമിച്ചു പുറത്തുവന്നു:

'ഞാനും വരുന്നു.'

അയാൾ പൊട്ടിച്ചിരിച്ചു. ഉറക്കെ. ദിഗന്തങ്ങൾ ഭേദിക്കുമാറ് ഉച്ചത്തിൽ. ആ ചിരിയുടെ മാറ്റൊലി അവിടെ വല്ലാത്ത ഭീകരത സൃഷ്ടിച്ചു.

പറഞ്ഞു: 'മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ അനേകം സഹജീവികളുടെ പുറത്താണ് എന്റെ ജീവിതം കെട്ടിപ്പടുത്തിരിക്കുന്നതെന്ന സംഗതി ദിവസത്തിൽ അനേക തവണ ഞാൻ ഓർക്കുന്നു. മറ്റുള്ളവരോട് ഞാൻ എത്രമാത്രം കടപ്പെട്ടിട്ടുണ്ട് എന്നുള്ള കാര്യം ഓർമ്മിക്കുമ്പോൾ, എന്റെ മനസ്സ് വല്ലാതെ വേദനിക്കുന്നു.

കൊച്ചുകുട്ടിയുടെ 'എന്തുകൊണ്ട്?' എന്ന ചോദ്യമാണ് തത്വശാസ്ത്രത്തിന്റെ താക്കോൽ എന്നൊരു പഴമൊഴിയുണ്ട്. ചെറുപ്പത്തിൽ നാമെത്രയോ ജിജ്ഞാസുക്കളാണ്. ഈ സ്വഭാവം തന്നെയല്ലേ ഉന്നതങ്ങളായ കണ്ടുപിടുത്തങ്ങൾക്കു മനുഷ്യനെ പ്രേരിപ്പിക്കുന്നത്?. മാനസികോന്മേഷത്തിന്റെ സുപ്രധാന ലക്ഷണങ്ങളിലൊന്ന് ജിജ്ഞാസയാണെന്നു ഡോക്ടർ ജോൺസൺ പറയുകയുണ്ടായി. ഒരു പക്ഷേ കുട്ടിക്കാലത്തായിരിക്കാം മാനസികോന്മേഷം ഏറ്റവും കൂടുതലുള്ളത്. മൂന്നാം വയസ്സിൽ സ്വന്തഭാഷയുടെ അക്ഷരമാല മുഴുവൻ പഠിക്കയും ഏഴു വയസ്സിനിടക്ക്, ഹീബ്രു, ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകൾ പഠിക്കയും, എന്നാൽ പിന്നീട് ഒരു ക്ലർക്കായി ജോലി ചെയ്തു മരിക്കയും ചെയ്ത ഒരു മനുഷ്യന്റെ കഥ ഒരിക്കൽ പത്രങ്ങളിൽ കാണുകയുണ്ടായി. എട്ടു വയസ്സായപ്പോഴേക്കും എട്ടുഭാഷകളോളം പഠിച്ച് എട്ടാം വയസ്സിൽ മരണമടഞ്ഞ അമേരിക്കയിലെ അത്ഭുതക്കുട്ടിയായ (American Wonder lad) വില്യമിന് നമ്മോടെന്താണ് പറയാനുള്ളത്? മൂന്നിനും എട്ടിനുമിടയ്ക്കുള്ള പ്രായത്തിൽ, കുട്ടികളെ അഞ്ചോ എട്ടോ ഭാഷകൾ അഭ്യസിപ്പിക്കുവാൻ സാധിക്കുമെന്ന് മനശ്ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതിൽ അത്ഭുതത്തിന് എന്തു സ്ഥാനമാണുള്ളത്?

## മനുഷ്യൻ–ചിന്തിക്കുന്ന മൃഗം

അറിയപ്പെട്ട എല്ലാ രാജ്യങ്ങളും കീഴടക്കിയ അലക്സാണ്ടറിന്റെ ഗുരുവായിരുന്നു അക്കാലത്ത് മിക്കവാറും എല്ലാ ശാസ്ത്രങ്ങളിലും അവഗാഹം നേടിയ അരിസ്റ്റോട്ടിൽ. അദ്ദേഹം തന്റെ ശിഷ്യന്മാരെക്കൊണ്ട് 'മനുഷ്യൻ ചിന്തിക്കുന്ന മൃഗമാണ്'' എന്ന് നിർവ്വചിപ്പിച്ച രസകരമായ ഒരു കഥ കേട്ടിട്ടുണ്ട്. 'ചലിക്കുന്ന സ്കൂൾ' സമ്പ്രദായവും ചോദ്യോത്തരരീതിയിലുള്ള വിദ്യാദാനവുമായിരുന്നല്ലോ അരിസ്റ്റോട്ടലിന്റെ കാലത്ത് നിലവിലിരുന്നത്. പല ചോദ്യോത്തരങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാരിലൊരുവൻ മനുഷ്യന് ഇങ്ങനെയൊരു നിർവ്വചനം നൽകി:- മനുഷ്യൻ തൂവലില്ലാത്ത ഒരു ഇരുകാലിമൃഗമാണ്, അടുത്ത അവസരത്തിൽ അദ്ദേഹം തൂവൽ കളഞ്ഞ ഒരു കോഴിയുമായി ക്ലാസ്സിൽവന്നു. തൂവലില്ലാത്ത ഇരുകാലിജീവിയെന്ന് അതിനെയും അവർക്കു നിർവ്വചിക്കേണ്ടിവന്നു. അപ്പോൾ മനുഷ്യന് എന്തു നിർവ്വചനമാണ് നൽകേണ്ടതെന്നായി അവരുടെ ചിന്ത. ഇങ്ങനെ പല ചോദ്യോത്തരങ്ങൾക്കുശേഷം ചിന്തിക്കുന്ന മൃഗമെന്ന് അവർ മനുഷ്യനെ നിർവ്വചിച്ചു.

മനുഷ്യൻ ചിന്തിക്കുന്ന ഒരു ജീവിയാണ്. ചുറ്റും കാണുന്ന എന്തിനെയും ചോദ്യം ചെയ്യുവാനും അന്വേഷണങ്ങൾ നടത്തുവാനുമുള്ള കഴിവ് ബാല്യം മുതൽ വാർദ്ധക്യംവരെ മനുഷ്യനുണ്ട്. ചുറ്റും കാണുന്നവയെക്കുറിച്ചും ജീവിതത്തിലെല്ലാം കടന്നുവരുന്ന അനുഭവങ്ങളെപ്പറ്റിയും ആശയാദർശങ്ങളെപ്പറ്റിയും ചിന്തിക്കാനുള്ള കഴിവ് മനുഷ്യനുണ്ട്. ചിന്തയുടെ ഉളിപ്പുകളിലൂടെയും, സ്വാതന്ത്ര്യത്തിന്റെ രഹസ്യത്തെയും മനുഷ്യന്റെ ഉത്ഭവത്തെയും അന്ത്യത്തെയും വെളിപ്പെടുത്തുവാൻ വേണ്ടി, സ്വന്തം അസ്തിത്വത്തെത്തന്നെയും ചോദ്യം ചെയ്യുവാൻ കഴിവുള്ള ഒരു ജീവിയാണ് മനുഷ്യൻ എന്ന് ജർമ്മൻ ചിന്തകനായ ഹൈഡഗ്ഗർ പറഞ്ഞതു് ഇവിടെ സംഗതമാണ്. ചിന്തയ്ക്കു മനുഷ്യനോളംതന്നെ പഴക്കമുണ്ട്.

## ചിന്ത-പ്രാഥമികയുഗങ്ങളിൽ

മനുഷ്യന്റെ ചിന്താശീലം ആദ്യമായി പ്രതിഫലിച്ചു കാണുന്നത് ഉപകരണങ്ങളുടെ നിർമ്മാണത്തിലാണ്. പ്രാചീന ശിലായുഗത്തിലെ കല്ലുകൊണ്ടുണ്ടാക്കിയ ഉപകരണങ്ങൾ ഏഷ്യയിൽനിന്നും ആഫ്രിക്കയിൽനിന്നും യൂറോപ്പിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. മെല്ലുറഞ്ഞ കാലഘട്ടത്തിലെ കല്ലുകൊണ്ടുണ്ടാക്കിയ ഉപകരണങ്ങളിൽ വളരെയധികം മിനുക്കുപണികൾ നമുക്കു കണ്ടെത്തുവാൻ കഴിയുന്നതാണ്. ഗുഹകളുടെ ചുമരുകളിൽ വരച്ചിട്ടുള്ള ചിത്രങ്ങൾ ത്രിമാനങ്ങളിൽ കാണപ്പെടുന്ന വസ്തുക്കളെ ദ്വിമാനങ്ങളിൽ പകർത്തികാണിക്കുവാനുള്ള പ്രാചീന മനുഷ്യന്റെ കഴിവിനെ വിളിച്ചറിയിക്കുന്നുണ്ട്. ലോകത്തിലെ അത്ഭുതങ്ങൾ വളരെയുണ്ട്. എന്നാൽ മനുഷ്യനെപ്പോലെ ഇത്ര ഭയങ്കരമായ, ഇത്ര വിചിത്രമായ, ഒരത്ഭുതവുമില്ല എന്ന് നൂറ്റാണ്ടുകൾക്കുമുമ്പ് സോഫോക്ലീസ് (B. C. 495–406) പറഞ്ഞപ്പോൾ അദ്ദേഹം ഉദ്ദേശിച്ചത് ചിന്തയെയും പഠനത്തെയും ഓർമ്മശക്തിയെയും മാത്രമല്ല, ഭാവനാശക്തിയെയും പുതിയ ആശയങ്ങൾ സൃഷ്ടിക്കുവാനുള്ള അനന്തമായ കഴിവിനെയുമാണ്. ബർട്രാൻഡ് റസ്സൽ പറയുന്നു:- 'ദർശനശക്തിയും നന്മതിന്മകളെ വിവേചിക്കുവാനുള്ള തിരിച്ചറിവും, ബുദ്ധിയില്ലാത്ത സ്വന്തമാതാവിന്റെ പ്രവർത്തനങ്ങളെ വിധിക്കുവാനുള്ള കഴിവുമുള്ളവനായ ഒരു കുഞ്ഞിനെ പ്രകൃതി അവസാനമായി പ്രസവിച്ചിരിക്കുന്നു.'

## ചിന്ത-തത്വചിന്തയിലേയ്ക്കു്

മനുഷ്യൻ തന്റെ ഭക്ഷണപദാർത്ഥങ്ങളിൽ നിന്ന് വ്യത്യസ്തനല്ല–എന്ന് ഫ്യുവെർ ബാക്ക് (Fuer back) പറഞ്ഞുവെങ്കിലും, നമ്മുടെ അനുദിനാനുഭവങ്ങൾ തെളിയിക്കുന്നതുപോലെ, വെറും ഭൗതികാവശ്യങ്ങൾ മാത്രമുള്ളവനല്ല മനുഷ്യൻ. മനുഷ്യനെ അവന്റെ നിലയിലേയ്ക്കുയർത്തുന്നത് ചിന്താശക്തിയാണ്. ശരീരത്തിനെന്നപോലെ മനസ്സിനും വേണം ഭക്ഷണം. മനുഷ്യന്റെ മാനസിക വളർച്ചക്കുള്ള ഏറ്റവും വലിയ ഭക്ഷണമാണ് ചിന്താശീലം. ഏകാന്തത പലപ്പോഴും ചി

ന്തയുടെ സ്വച്ഛന്ദവിഹാരത്തെ സഹായിക്കുന്നുണ്ട്.
ഏകാന്തത ആത്മാവിന്റെ സർവ്വകലാശാലയാണ്
എന്നാണല്ലോ പഴമൊഴി. ഒരു പക്ഷേ അതുകൊ
ണ്ടായിരിക്കാം ജയിലറകളും വനാന്തരങ്ങളും ഏ
റ്റവും ഉത്കൃഷ്ടമായ ആശയങ്ങളുടെ വിളനിലമാ
യിത്തീർന്നിട്ടുള്ളത്. മനുഷ്യനിൽ ചിന്തയുടെ ക
ല്ലോലമാലകൾ ഇളക്കിവിടുന്ന വിസ്മയം വളർന്നുവ
ന്നത് ഒരുപക്ഷേ ഏകാന്തതയിൽ അവൻ വിശ്ര
മമെടുത്തിരുന്ന വേളയിലായിരിക്കാം.

സത്യം ഗ്രഹിക്കുവാൻ മുടിനാരിഴകൂടി കീ
റിപ്പരിശോധിക്കണമെന്നതാണ് ഒരു താത്വിക
ന്റെ നിലപാട്. എന്നാൽ അവന്റെ ചിന്താഗ
തിതന്നെ വഴിതെറ്റിയാണ് ഓടുന്നതെങ്കിലോ?
മനുഷ്യന്റെ ചിന്താസരണികളെ എങ്ങനെ ക്രമീ
കരിക്കണമെന്നും, അബദ്ധങ്ങൾ എങ്ങനെ ചി
ന്താപഥത്തിൽ കടന്നുകൂടുന്നുവെന്നും ചൂണ്ടിക്കാ
ണിക്കുകയാണ് തർക്കശാസ്ത്രം ചെയ്യുന്നത്. ഓരോ
വസ്തുക്കളെ സംബന്ധിച്ച് നാം രൂപപ്പെടുത്തുന്ന
ആശയങ്ങൾ (Concepts) ആശയത്തെയും വസ്തു
വിനെയും ബന്ധിച്ച് നാം നിർമ്മിക്കുന്ന തീരുമാ
നങ്ങൾ (Judgements), പല നിർവ്വചനങ്ങൾ
ചേർത്തുവച്ച് അവയിൽനിന്നു നാമെടുക്കുന്ന നിഗ
മനങ്ങൾ (Conclusions) എന്നിങ്ങനെ നമ്മുടെ
ചിന്തയെ തിരിക്കാം. ഈ മൂന്നു തലങ്ങളിലും തെ
റ്റുപറ്റാതെ സൂക്ഷിച്ചാൽ നമുക്കു ശരിയായ ജ്ഞാ
നം ലഭിക്കുന്നതാണ്.

## ചിന്തയിൽ ചില പിശകുകൾ

ചിന്താശീലം വളർത്തിയെടുക്കുന്നതിൽ പല
അപാകതകളും വരാവുന്നതാണ്. ബൗദ്ധികശി
ക്ഷണം ലഭിക്കാതെ ചിന്തയെ നയിച്ചാൽ ചുക്കാ
നില്ലാത്ത കപ്പലിന്റേതുപോലെയായിരിക്കും അ
തിന്റെ ഗതി. ചിന്തയും പഠനവും പരസ്പരപൂരക
ങ്ങളാണ്. ചിന്ത കൂടാതുള്ള പഠനം ഉപയോഗശൂ
ന്യമാണ്. പഠനംകൂടാത്ത ചിന്ത ഉപദ്രവകാരിയു
മാണ് എന്നു പൗരസ്ത്യദേശത്തെ ഏറ്റവും മിക
ച്ച ചിന്തകനായ കൺഫ്യൂഷ്യസ് ഒരിക്കൽ പറ
യുകയുണ്ടായി. നമ്മുടെ ചിന്തയെ ഉന്നതമായ ത
ലങ്ങളിലേക്കും പ്രവൃത്തിരംഗങ്ങളിലേക്കും തിരി
ക്കണമെങ്കിൽ നമുക്കു പഠനം ആവശ്യമാണ്.
ചിന്താശീലം വളർത്തിയെടുക്കുന്നതിൽ ചി
ലപ്പോൾ വരാവുന്ന മറ്റൊരു തകരാറ് ചിന്ത പ്ര
വർത്തനവിമുഖമാകാറുണ്ട് എന്നുള്ളതാണ്. ഭാരത
ത്തിനുപറ്റിയ ഏറ്റവും വലിയ അപകടം ഭാര
തീയരായ ചിന്തകരുടെ ചിന്ത കർമ്മോന്മുഖമായി
രുന്നില്ല എന്നതാണ്. സ്വാമിവിവേകാനന്ദൻ
പറയുന്നതുപോലെ, പല ശതാബ്ദങ്ങളോളം, നമ്മു
ടെ വിദ്യാസദനങ്ങളിലും വിവാദസദസ്സുകളിലും
ഞാൻ കാൽകഴുകുവാൻ വെള്ളപ്പാത്രമെടുക്കു
മ്പോൾ ഇടതുകൈയ്യുകൊണ്ട് എടുക്കണമോ വല
തുകൈയ്യുകൊണ്ടെടുക്കണമോ എന്നും, ഞാൻ വാ
തിൽപ്പടികയറുമ്പോൾ ഇടതു കാൽവച്ചു കയറ
ണമോ വലതുകാൽ വച്ചു കയറണമോ എന്നും,
ഞാൻ വായിൽ വെള്ളമൊഴിച്ച് ഗാർഗിൾ ചെ
യ്യേണ്ടത് ഏഴുപ്രാവശ്യമോ ഒമ്പതുപ്രാവശ്യമോ
എന്നും, മറ്റുമുള്ള നിരർത്ഥകങ്ങളായ പ്രശ്നങ്ങളാ
ണ് ചർച്ചചെയ്യപ്പെട്ടിരുന്നത്.

മനുഷ്യന്റെ സൃഷ്ടിപരമായ കഴിവുകളെ ഉ
ണർത്തുവാനും, സമൂഹത്തിന്റെയും രാജ്യത്തി
ന്റെയും സജീവപ്രശ്നങ്ങളുമായി തോളോടുതോൾ
ചേർന്ന് ഉരുവാനും ഉതകുന്ന കർമ്മോന്മുഖമായ
ചിന്താശീലമാണ് ഇന്നത്തെയാവശ്യം. ഈ ചി
ന്താശീലമല്ലാതെ കലാശാലകളിലെ വെറും ആശ
യസംഭരണം മാനസികവളർച്ചയെയും ഭാവനാക
ശലതയെയും സഹായിക്കുകയില്ല. മനുഷ്യനെ
മനുഷ്യത്വത്തിന്റെ മഹനീയതയിലേക്കുയർത്തുവാ
നുള്ള ശക്തിയേറിയ ഉപാധിയാണ് വിദ്യാഭ്യാ
സം. എന്നാൽ വിദ്യാഭ്യാസം ഫലപ്രദമാകണ
മെങ്കിൽ ക്രമീകൃതമായ ഒരു ചിന്താശീലം നാം
വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

'അറുപതു വയസ്സുള്ള ഒരു മനുഷ്യൻ ഇരുപതു വർഷം ഉറങ്ങുന്നതിനും മൂന്നു വർഷത്തിലധികം തിന്നുന്നതിനും ചിലവാക്കിയിട്ടുണ്ടാകും'

'കണ്ടുമുട്ടുന്ന എല്ലാ സ്ത്രീകളെയും നിങ്ങൾ പ്രേമിക്കുക; അഞ്ചുശതമാനമെങ്കിലും പ്രതിഫലം ലഭിക്കുകയാണെങ്കിൽ അതൊരു നല്ല മുതലിറക്കായിരിക്കും'

(ആർനോൾഡ് ബെന്നറ്റ്)

*     *     *

'രണ്ടാം വിവാഹം അനുഭവത്തിന്റെ മേൽ പ്രതീക്ഷയുടെ വിജയമാകുന്നു.' (ജോൺസൺ)

'ഒരു പുരുഷൻ മരിക്കുമ്പോൾ അവസാനമായി ചലിക്കുന്നത് അയാളുടെ ഹൃദയമായിരിക്കും; ഒരു സ്ത്രീ മരിക്കുമ്പോഴാകട്ടെ, അവളുടെ നാവായിരിക്കും.'

(ജോർജ്ജ് ചാപ്മാൻ)

*     *     *

'ഒരു രാഷ്ട്രീയക്കാരൻ എപ്പോഴും അടുത്ത തിരഞ്ഞെടുപ്പിനെപ്പറ്റി ചിന്തിക്കുന്നു; ഒരു രാഷ്ട്രതന്ത്രജ്ഞനാകട്ടെ, അടുത്ത തലമുറയെപ്പറ്റിയും'

(ജെ. എഫ്. ക്ലാർക്ക്.)






ചാരിയിട്ടിരുന്ന മുറിയുടെ വാതിലിനു സമീപം കുളി കഴിഞ്ഞു് അവൾ ഈറൻ തലമുടിയുമായി ചെന്നു. നശിക്കാൻ തുടങ്ങുന്ന പാരമ്പര്യത്തെ ചൂണ്ടിക്കാണിക്കുന്ന തരത്തിലുള്ള ഒരു കസേരയിലിരുന്നു് പാഠപുസ്തകം വായിക്കുകയായിരുന്നു അവളുടെ ചേച്ചി.

അവൾ ചോദിച്ചു:

'ഇതു് എന്തിരിപ്പാണു് ചേച്ചീ? കുളിച്ചു് കോളേജിൽ പോകുന്നില്ലേ?'

പുസ്തകത്തിൽനിന്നു് കണ്ണുകൾ എടുത്തുകൊണ്ടു് ഉമ തന്റെ അനിയത്തിയുടെ കണ്ണുകളിലേയ്ക്കു നോക്കി. വികാരങ്ങളും സ്വപ്നങ്ങളും ഒളിച്ചുകളിക്കുന്ന കണ്ണുകൾ!

'റിഹേഴ്സലിനു പോകാതിരിക്കാൻ പറ്റുകയില്ല. അഡ്വാൻസ് വാങ്ങിപ്പോയതല്ലേ? ഏതായാലും നീ ഒററയ്ക്കു പൊയ്ക്കോ. ഞാൻ ഉച്ചയ്ക്കു വരാം'.

ഇളം ചൂടുള്ള വെളിച്ചം ജനലിൽക്കൂടി കടന്നു വന്നു് അനിയത്തിയെയും ചേടത്തിയെയും തഴുകി.

അടുക്കളയിൽ അമ്മ ഭക്ഷണം തയ്യാറാക്കുന്നതിന്റെ ശബ്ദം കാതിൽ വന്നലച്ചു.

വിലകുറഞ്ഞ പൗഡർ മുഖത്തു പൂശിയപ്പോൾ കൂട്ടുകാരികൾ ഉപയോഗിക്കുന്ന യാഡ്‌ലി പൌഡറിനെക്കുറിച്ചാണു് ഉഷ ഓർത്തതു്.

അല്പനിമിഷങ്ങൾക്കുശേഷം അവൾ പുസ്തകങ്ങളുമായി പടിയിറങ്ങി.

കോളേജിലേയ്ക്കു് ഒററയ്ക്കു പോകുവാൻ ഉത്സാഹക്കുറവാണു്. ചേച്ചി സമീപത്തുണ്ടാകുമ്പോൾ എന്തു കാര്യത്തിനും ധൈര്യവും ഉത്സാഹവുമാണു്. ആദ്യമായിട്ടു് നാടകത്തിലഭിനയിച്ച കാര്യം അവൾ ഓർത്തു. തന്നെ നാടകത്തിലഭിനയിക്കാൻ കലാസമിതി പ്രവർത്തകർ ക്ഷണിച്ചപ്പോൾ അഭിനയിക്കുകയില്ലെന്നു് ഉറപ്പിച്ചു പറഞ്ഞതാണു്. എന്നാൽ ചേച്ചിയുടെ സ്നേഹവും വാത്സല്യവും നിറഞ്ഞ സ്വരം അന്നു് അവളെ നാടകത്തിലേയ്ക്കു് ആനയിച്ചു.

ജീവിക്കുന്നതിനുവേണ്ടി പല വേഷങ്ങളിൽ പല രൂപങ്ങളിൽ വ്യത്യസ്ത കഥാപാത്രങ്ങളായി പല സ്റ്റേജുകളിൽ കയറിയിറങ്ങി. ഇന്നു് അവളും ചേച്ചിയും അറിയപ്പെടുന്ന നടികളാണു്. എന്നാൽ ചുററിനുമുള്ള മുള്ളുവാക്കുകൾ കേൾക്കുമ്പോൾ ചൂളിപ്പോകും. സമുദായത്തിന്റെ തുറിച്ചു നോക്കുന്ന കണ്ണുകൾ അവളെയും ചേച്ചിയെയും എത്രതവണ ഭയപ്പെടുത്തിയിരിക്കുന്നു.

വളഞ്ഞുവളഞ്ഞു പോകുന്ന ആ പാതയിൽക്കൂടി ശാലീനയായ ആ പെൺകുട്ടി നടന്നു.

വർണ്ണപ്പകിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചു് ചിത്രശലഭങ്ങളെപ്പോലെ പോകുന്ന പെൺകുട്ടികളെ അവൾ നോക്കി. റോഡിൽക്കൂടി സൗന്ദര്യത്തിന്റെ ഒരു വസന്തം ഒഴുകുകയാണു്.

'അളിയാ, എലിസബത്തു് ടെയിലർ പോകുന്നതു കണ്ടോ?'

'ഇന്നു് എന്താ കൂവേ, ചേടത്തിയെ കാണുന്നില്ലല്ലോ.'

ദേഹം തുളച്ചു കയറുന്ന നോട്ടം എറിഞ്ഞു്, കോളേജിലേയ്ക്കു് പോകുന്ന വിദ്യാർത്ഥികളുടെ റിമാർക്കാണതു്.

നിത്യവും കേൾക്കുന്നതാണു്. കേട്ടുകേട്ടു് തഴമ്പിച്ചിരിക്കുന്നു. ഒരു പെൺകുട്ടി നാടകക്കാരി കൂടിയായപ്പോൾ അവർക്കു് കളിയാക്കാനുള്ള സൗകര്യം വർദ്ധിച്ചു.

ഇങ്ങനെയുള്ള സന്ദർഭത്തിലാണു് ഒരു സഹോദരനില്ലാത്ത കുറവു് അനുഭവപ്പെടുന്നതു്, കരുത്തനായ ഒരു സഹോദരനുണ്ടായിരുന്നെങ്കിൽ, കളിയാക്കുന്നവരുടെ മൂക്കിന്റെ പാലത്തിനു നോക്കി ഇടിച്ചേനെ.

മററു വിദ്യാർത്ഥിനികൾ കോളേജിലേക്കു പോകുന്നതു് രണ്ടുമൂന്നുപേർ ഒരുമിച്ചാണു്. എന്നാൽ അവളുടെകൂടെ നടക്കാൻ അവരാരും ഇഷ്ടപ്പെടുന്നില്ല. ഏകാന്തതയുടെ ലോകത്തിൽ, നീറിപ്പുകയുന്ന മനസ്സുമായി അവളും ചേച്ചിയും ജീവിക്കുന്നു.

തനിക്കും ചേച്ചിക്കും ആരാണു് സഹായിക്കാനുള്ളതു്.?

രോഗവുമായിട്ട് മല്ലിടുന്ന നിസ്സഹായനായ അച്ഛൻ; പഴയ കുടുംബമഹിമകൾ അയവിറക്കാൻ മാത്രമറിയുന്ന അമ്മ. റിഹേഴ്സൽ ക്യാമ്പിൽ തങ്ങളെ അനുഗമിച്ചുവരുന്ന അച്ഛൻ, ബീഡിയും വലിച്ചു കൂനിക്കൂടി ബെഞ്ചിൽ കുത്തിയിരിക്കുമ്പോൾ ഉഷയ്ക്കു വാസ്തവത്തിൽ വിഷമം തോന്നാറുണ്ട്.

മക്കൾക്ക് കാവലിരിക്കുന്ന അച്ഛൻ!

കുടുംബത്തിന് ഇടിവുണ്ടായതു് അച്ഛന്റെ പെൻഷനോടുകൂടിയാണ്. ജോലിയുണ്ടായിരുന്ന കാലത്തു് ഒന്നും കരുതിവെയ്ക്കാൻ കഴിഞ്ഞില്ല. അല്ലെങ്കിൽത്തന്നെ സർക്കാരാഫീസിലെ സാധാരണക്കാരനായ ഒരു ശിപായിക്ക് എന്തു കരുതിവെയ്ക്കാൻ കഴിയുമായിരുന്നു?

പൊള്ളയായ അഭിമാനവുംകൊണ്ടു നടക്കുന്ന അമ്മയുടെ പിടിപ്പുകേടുകൂടിയായപ്പോൾ എല്ലാം തികഞ്ഞു.

അച്ഛൻ പെൻഷനായി വീട്ടിലെത്തിയ അന്ന്. വീട്ടിൽ ആരും ആരോടും മിണ്ടിയില്ല.

പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന ചേച്ചിക്കു ഫീസ് അടയ്ക്കണം.

എട്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന തനിക്ക് പുസ്തകങ്ങളും വസ്ത്രങ്ങളും വേണ്ടിയിരുന്നു.

ഒരു കുടുംബത്തിലെ മററു ഭാരിച്ച ചെലവുകളും.

അങ്ങനെയിരിക്കുമ്പോഴാണ് ഒരു കലാസമിതിയുടെ വാർഷികത്തോടനുബന്ധിച്ച് അവതരിപ്പിക്കുന്ന നാടകത്തിൽ ചേച്ചിയെ അഭിനയിക്കാൻ ക്ഷണിച്ചതു്. ജീവിതഭാരം ഇറക്കിവെക്കാൻ കഴിയുന്ന ഒരു അത്താണിയായിട്ടാണ് അന്നു ചേച്ചി ആ ക്ഷണത്തെ കരുതിയതു്. നിസ്സഹായതയുടെ നടുക്കു വീർപ്പുമുട്ടുന്ന കുടുംബാംഗങ്ങളെ രക്ഷിക്കാൻ നാടകാഭിനയം പുതിയ മാർഗ്ഗമാണെന്നു ചേച്ചി കണ്ടു. സ്കൂളിൽ നാടകാഭിനയത്തിനു പല സമ്മാനങ്ങളും ചേച്ചിക്കു ലഭിച്ചിട്ടുണ്ടായിരുന്നു.

ചേച്ചിയുടെ തീരുമാനം അറിയിച്ചപ്പോൾ അമ്മ ചന്ദ്രഹാസമിളക്കി. അച്ഛൻ മൂകനായി ഇരുന്നതേയുള്ളു. അവസാനം അമ്മയും നിസ്സബ്ദതയോടെ ആ തീരുമാനം അംഗീകരിച്ചു. അഭിനയത്തോടൊപ്പം ചേച്ചിക്കു പഠിക്കുവാനും കഴിഞ്ഞു. S. S. L. C. പരീക്ഷയിൽ ഫസ്റ്റ്ക്ലാസ്സിൽതന്നെ പാസ്സായി. ടൈപ്പ്റൈററിംഗ് പഠിച്ച് ജോലിയിൽ പ്രവേശിക്കണമെന്നായിരുന്നു അമ്മയുടെ ആഗ്രഹം. തുടർന്നു കോളേജിൽ പഠിക്കുവാൻ ചേച്ചിക്ക് അതിയായ താൽപര്യമായിരുന്നു. ഒടുവിൽ നടിയായ ചേച്ചി കോളേജ് കുമാരിയായിത്തീർന്നു.

ഇന്നു ചേച്ചി ബി. എസ്സ്‌സി. ഫൈനൽ ഇയറിനു പഠിക്കുന്നു. ഉഷ പ്രീഡിഗ്രിക്കും.

പട്ടണത്തിൽ പെൺകുട്ടികൾക്കായുള്ള കലാലയത്തിലെ രണ്ടു വിദ്യാർത്ഥിനികളാണ് ഉമയും ഉഷയും.

വിലകൂടിയ വസ്ത്രങ്ങളുടെ ചേതോഹരമായ ഒരു പ്രദർശനശാലയാണ് ആ കലാശയം. മുൻവശത്തുള്ള തിരക്കേറിയ റോഡിൽകൂടിപോകുന്നവരുടെ നയനങ്ങൾക്ക് ഒരു നന്ദനോദ്യാനമാണ് ആ കോളേജ്.

എന്നാൽ തങ്ങളുടെ തലമുടിയിൽ ഒലിറ്റു പൌഡർ കൾ പരിഹാസം പറയുന്നില്ല. യൗവ്വനം തങ്ങൾ റിന്റെ കണ്ണുപിടിപ്പിക്കുന്ന ശോഭയും തങ്ങൾക്കില്ല.

തങ്ങളെ രണ്ടുപേരെയും മററു പെൺകുട്ടികൾ മനഃപൂർവ്വം അകററിനിർത്തുന്നു.

കാലത്തിന്റെ അനിയന്ത്രിതപ്രവാഹത്തിനിടയിൽ അടർന്നുവീണ ദിവസങ്ങളെ വിസ്മൃതിയുടെ തരിശുഭൂമിയിൽനിന്നു വീണ്ടും പൊക്കിക്കൊണ്ടുവരുന്നതിനിടയിൽ ആ കലാലയത്തിന്റെ ഗേററിൽ എത്തിയതു് അവൾ അറിഞ്ഞില്ല.

സാൽവാറും കമ്മീസും ധരിച്ച് കാറിൽ വന്നിറങ്ങിയ ഒരു പെൺകുട്ടി അവളെ തുറിച്ചു നോക്കിക്കൊണ്ടു നടന്നുപോയി. റോഡിലെ കാഴ്ചകൾ മുകളിലത്തെ വരാന്തയിൽനിന്നു നോക്കിയിരുന്ന പെൺകുട്ടികൾ അവളെ ചൂണ്ടിക്കാണിച്ചു് എന്തോപറഞ്ഞു ചിരിച്ചു.

അവൾ ക്ലാസ്സിൽ കയറി.

അതോടെ വളകിലുക്കങ്ങളും പൊട്ടിച്ചിരികളും ക്ലാസ്സുമുറിയിൽ ഉയർന്നു.

ചുവന്ന കളറിൽ പോരടിപ്പിച്ചിട്ടുള്ള ഒരു സിനിമാവാരിക, തന്റെ ക്ലാസ്സിലെ പെൺകുട്ടികൾ കൂട്ടം ചേർന്നു വായിച്ചു രസിക്കുകയാണ്. മിക്കവാറും നഗ്നയായ ഒരു സ്ത്രീയുടെ കളർഫോട്ടോ കവർ പേജിലുള്ള ആ വാരിക അവൾ ദൂരെ നിന്നു കണ്ടു.

ആ വാരിക അവളുടെ മുഖത്തേയ്ക്കു വലിച്ചെറിഞ്ഞിട്ട് പെൺകുട്ടികൾ നാലുപാടും നടന്നു മറഞ്ഞു.

ഉഷ അതുനോക്കി, വിശ്വസിക്കാൻ കഴിഞ്ഞില്ല. തന്റെ ഫോട്ടോ, വാരികയിൽ കളറോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു.! അതിലെ വാക്യങ്ങൾ ഒരാവർത്തിയേ അവൾക്ക് വായിക്കുവാൻ കഴിഞ്ഞുള്ളു.

കണ്ണുകളിൽ ഇരുട്ടുകയറി.

താനും തന്റെ ചേച്ചിയും സ്വപ്നത്തിൽപ്പോലുമറിയാത്ത ഒരു കാര്യം അശ്ലീലം നിറഞ്ഞ ഭാഷയിൽ അതിൽ എഴുതിപ്പിടിപ്പിച്ചിരിക്കുന്നു.

തിരുവനന്തപുരത്തു പോയതു് നാടകമത്സരത്തിനല്ലപോലും! പാവപ്പെട്ട പെൺകുട്ടികളെ ചെളിവാരിയെറിഞ്ഞിട്ട് ഈ പത്രക്കാർക്ക് എന്തു ലഭിക്കാനാണാവോ? യാതൊരു തരത്തിലും തങ്ങൾക്ക് വിദൂരബന്ധം പോലുമില്ലാത്ത ഈ കെട്ടുകഥ കോളേജിൽ എന്തെന്തു പ്രതികരണങ്ങൾ സൃഷ്ടിക്കുകയില്ല! ഈശ്വരാ....ഇതെന്തൊരു പരീക്ഷണം!

സാരിത്തുമ്പുകൊണ്ട് അവൾ കണ്ണുനീർ തുടച്ചു.

വിചാരകലുഷമായ മിനിററുകൾ കടന്നുപോയി.

ലെക്ചറർ വന്നതും ക്ലാസ്സാരംഭിച്ചതും അവൾ അറിഞ്ഞില്ല. തിരുവനന്തപുരത്തു് നാടകമത്സരത്തിൽ പങ്കെടുത്തു എന്നതു ശരിയാണ്. അവൾ അഭിനയിച്ച നാടകം സമ്മാനാർഹമാവുകയും ചെയ്തു. ഇവിടെനിന്നു വണ്ടി കയറിയപ്പോൾ ഉ

# അഭികാമ്യമായ സാമൂഹിക ജീവിതം

തോമസ് പാലക്കൻ II M. Sc.



പരസ്പരധാരണയും ഉത്തരവാദിത്വബോധവുമുള്ള സാമൂഹികജീവികൾ എന്ന നിലയിൽ തേനീച്ചകൾ ഏവർക്കും സുപരിചിതരാണ്. ഒരു നല്ല ആദായമാർഗ്ഗമെന്ന നിലയിൽ തേനീച്ചകളെ വളർത്തുന്നവരും ഇന്ന് വിരളമല്ല. പക്ഷേ അവയുടെ ജീവിതരഹസ്യങ്ങളെക്കുറിച്ച് അധികമാരും ചിന്തിക്കാറില്ല. ഒരുമിച്ച് ജീവിക്കുകയും ജീവിതഭാരം വീതിച്ചെടുക്കുകയും ചെയ്യുന്ന കാര്യത്തിൽ ഈ ചെറുജീവികൾ മനുഷ്യനെക്കാൾ ഉന്നതനിലവാരം പുലർത്തുന്നു.

തേനീച്ചകളുടെ ജീവിതത്തെപ്പററി ചിന്തിക്കുമ്പോൾ അതിശയങ്ങളും അത്ഭുതങ്ങളുമാണ് മുന്നിട്ടുനില്ക്കുന്നത്. ബഹുദൂരം സഞ്ചരിച്ച് തേനീച്ചകൾ എങ്ങനെ പുഷ്പങ്ങൾ കണ്ടുപിടിക്കുന്നു; തേൻ ശേഖരിച്ച് എങ്ങനെ സ്വന്തം കൂട്ടിൽതന്നെ തിരിച്ചെത്തുന്നു; ഒരു സ്ഥലത്തുള്ള പുഷ്പങ്ങളെപ്പററി സമൂഹത്തിലെ മററംഗങ്ങൾക്ക് എങ്ങനെ അറിവു നൽകുന്നു എന്നെല്ലാമുള്ള കാര്യങ്ങളുടെ അടിയിൽ രസാവഹമായ വസ്തുതകളാണുള്ളത്. ഒരു സമൂഹത്തിലെ എല്ലാ ഈച്ചകളും എല്ലാ ജോലിയും ചെയ്യുന്നില്ല. പ്രകൃതിയുടെ നിയമമെന്നുതന്നെ പറയേണ്ടിയിരിക്കുന്ന തരംതിരിവുകളും സ്ഥാനവ്യത്യാസങ്ങളും ഇവയ്ക്കിടയിലുമുണ്ട്. മനുഷ്യനിർമ്മിതമായ സമത്വാദർശങ്ങളുടെ പ്രായോഗികതയിൽ വിശ്വാസമില്ലാത്തതുകൊണ്ടോ, അതിന്റെ നിലനില്പിൽ സംശയമുള്ളതുകൊണ്ടോ ആവാം തേനീച്ചകൾക്ക് ഈ നൂതനാശയം സ്വീകാര്യമല്ലാത്തത്. അവരിന്നും പഴമയുടെ നിലനില്പിൽ തന്നെ അടിയുറച്ച് വിശ്വസിക്കുന്നു.

ഒരു തേനീച്ചക്കൂട്ടിൽ മൂന്നുതരം തേനീച്ചകളാണുള്ളത്. സന്താനോല്പാദനത്തിന് ശേഷിയുള്ള ഒരീച്ചമാത്രമേ ഒരു കൂട്ടിൽ കാണുകയുള്ളു. ആകൃതിയിലും പ്രകൃതിയിലും മററുള്ളവയിൽനിന്നു വ്യത്യാസപ്പെട്ട ഇതിനെ റാണിഈച്ച എന്നു വിളിക്കുന്നു. റാണിഈച്ച ആയിരത്തിഅറുനൂറ് മുട്ടകൾവരെ ഒരു ദിവസം ഇടുന്നു. ഈ മുട്ടകളുടെ ആകെത്തൂക്കം ഏകദേശം റാണിയോളം തന്നെ വരുമെന്നു പറഞ്ഞാൽ അത്ഭുതം തോന്നും. തുല്യഅകലത്തിലുള്ള അറകളിലാണ് മുട്ടകൾ നിക്ഷേപിക്കുന്നത്. ഓരോ അറയും സസൂക്ഷ്മം പരിശോധിച്ചതിനുശേഷം കൂടിന്റെ മദ്ധ്യഭാഗത്തുള്ള അറകളിൽ മാത്രം മുട്ടകൾ നിക്ഷേപിക്കുന്നു. ഇപ്രകാരം മുട്ടകൾ

---

ണ്ടായിരുന്ന പരിശുദ്ധിയോടുകൂടിത്തന്നെ തിരിച്ചു പോരികയും ചെയ്തു.

പെട്ടെന്നാണ് പ്യൂൺ ക്ലാസ്സിലേയ്ക്കു വന്നത്. തന്നെ പ്രിൻസിപ്പൽ വിളിക്കുന്നതായി അറിയിച്ചു.

ഒരു ഞെട്ടലോടെ എഴുന്നേററുനിന്നു.

ഉള്ളിൽ ഭീതി തരിച്ചുയർന്നുകൊണ്ടിരുന്നു.

ഒരു സ്വപ്നാടനക്കാരിയെപ്പോലെ അവൾ നടന്നു.

മേശപ്പുറത്തു കുനിഞ്ഞിരുന്ന് എന്തോ എഴുതുകയായിരുന്നു പ്രിൻസിപ്പൽ.

പ്രിൻസിപ്പൽ അവളെ നോക്കി; അവൾ പ്രിൻസിപ്പലിനെയും. അവൾക്ക് ഒന്നേ നോക്കുവാൻ കഴിഞ്ഞുള്ളു.

സദാ ശാന്തമായിരിക്കാറുള്ള ആ കണ്ണുകളിൽ നിന്ന് തീപ്പൊരി പറക്കുന്നതായി അവൾക്കു തോന്നി.

'ഇന്നു ചേച്ചി വന്നില്ല, അല്ലേ?'

'ഇല്ല'. വിറയാർന്ന സ്വരത്തിൽ അവൾ ഉത്തരം കൊടുത്തു.

താൻ നേരത്തെ കണ്ട ആ വാരിക പ്രിൻസിപ്പലിന്റെ മേശപ്പുറത്തു കിടക്കുന്നു!

അപ്പോൾ പ്രിൻസിപ്പൽ അതു വായിച്ചിരിക്കുന്നു!

മൂകമായ ഏതാനും നിമിഷങ്ങൾ!

'നിങ്ങൾ രണ്ടുപേരും ഈ കോളെജിന്റെ നല്ലപേരു് കളഞ്ഞുകളിക്കാൻ തന്നെ പുറപ്പെട്ടിരിക്കുകയാണ്. ഇവിടെ പഠിക്കുന്ന മററു വിദ്യാർത്ഥിനികളുടെ അന്തസ്സിന്റെ കാര്യം കൂടി ഞങ്ങൾക്കു നോക്കേണ്ടതുണ്ട്.'

'സി...സ്റ്റ...ർ'

'ഒന്നും പറയണമെന്നില്ല. ഈ പത്രത്തിൽ എഴുതിയിരിക്കുന്നതു മതിയല്ലോ. നിങ്ങളെ രണ്ടുപേരെയും ഈ കോളേജിനു വേണ്ട...രണ്ടുപേർക്കും ടി. സി. തരാൻ ഞാൻ നിർബ്ബന്ധിതയായിരിക്കുകയാണ്........ശരി പോകാം.'

തലയ്ക്കുള്ളിൽ ആയിരമായിരം കടന്നലുകൾ കുത്തിവലിക്കുന്നതായി ഉഷയ്ക്കുതോന്നി. തറയിൽ വീഴുമെന്നു തോന്നിയപ്പോൾ മാർബിൾ പതിച്ച ഭിത്തിയിൽ പിടിച്ചു.

മുമ്പിൽ ഇരുട്ട്, ആഴവും പരപ്പുമുള്ള ഇരുട്ട്.

നിക്ഷേപിച്ച അറകൾ പൂമ്പൊടികൊണ്ടു നിറയും. അവയ്ക്കു ചുറ്റുമുള്ള കൂടിന്റെ മറററകൾ നിറയുന്നതു് തേൻ കൊണ്ടാണ്. ഈ നിക്ഷേപവസ്തുക്കളത്രയും വളർന്നുവരുന്ന കുഞ്ഞുങ്ങൾക്കും ശിശിരകാലത്തു് സമൂഹത്തിനാകെയും വേണ്ടിയുള്ളതാണ്.

മൂന്നാം ദിവസം ആകുമ്പോഴേക്കു് മുട്ടകൾ വിരിഞ്ഞു് കൃമിയുടെ ആകൃതിയിലുള്ള കുഞ്ഞുങ്ങൾ പുറത്തുവരുന്നു. ഈ കുഞ്ഞുങ്ങൾ ആറുദിവസത്തേക്കു് അവയുടെ അറകളിൽ തന്നെ ജീവിക്കുകയും മററീച്ചകൾ അവയെ തീററിപ്പോററുകയും ചെയ്യുന്നു. ഏഴാംദിവസം ഓരോ കുഞ്ഞും പ്യൂപ്പദശയിലേക്കു കടക്കുന്നു. ഈ അവസരത്തിൽ വേലക്കാരായ ഈച്ചകൾ മെഴുകടപ്പുകൾ ഉണ്ടാക്കി ഈ അറകൾ അടച്ചു മുദ്രവയ്ക്കുന്നതുമാണ്. ഇതേ രീതിയിൽ പതിനൊന്നു ദിവസം കഴിഞ്ഞു്, അതായതു് മുട്ടയിട്ടു് ഇരുപത്തിയൊന്നാം ദിവസം, മെഴുകടപ്പുകളെ തള്ളിമാററി പൂർണ്ണവളർച്ചയെത്തിയ പുതിയ ഈച്ചകൾ പുറത്തു വരുന്നു.

ഒരുകൂട്ടിലെ ഭൂരിഭാഗം അംഗങ്ങളും വേലക്കാർ എന്നു വിളിക്കപ്പെടുന്ന വന്ധ്യകളായ പെണ്ണീച്ചകളാണ്. സമൂഹത്തിൽ ഏററവും ചെറിയവരെങ്കിലും, സമൂഹത്തിന്റെ നിലനില്പ് ഇവരുടെ കൈകളിലാണ്. ഇവയുടെ പ്രായത്തിനനുസരിച്ചാണ് ജോലികൾ തരംതിരിക്കപ്പെട്ടിരിക്കുന്നതു്. ഈച്ചകളുടെ വേഷമണിഞ്ഞു് പുറത്തുവന്നതിനുശേഷം പത്തു ദിവസത്തേക്കു് ലളിതമായ ജോലികൾമാത്രമേ ഇവക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളു. ഇവ അറകളെ നക്കിത്തുടച്ചു് വൃത്തിയാക്കുകയും മറററകളിലുള്ള പൂർണ്ണവളർച്ചയെത്താത്ത കുഞ്ഞുങ്ങൾക്കു് വളർച്ചക്കാവശ്യമായ ചൂടു് ലഭിക്കത്തക്കവണ്ണം അറകൾക്കുമീതെ ഒരുമിച്ചു കൂടിയിരിക്കുകയും ചെയ്യുന്നു. ലാലാമണി, ലാലോല്പാദനഗ്രന്ഥി എന്നൊക്കെ അറിയപ്പെടുന്ന 'സലൈവറിഗ്ലാൻഡിനു' പരിവർത്തനം സംഭവിച്ചു് ക്ഷീരോല്പാദനഗ്രന്ഥി അഥവാ 'മിൽക്കു് പ്രൊഡ്യൂസിങ്ങ് ഗ്ലാൻഡ്" ആയിത്തീരുമ്പോൾ ഈ ഇളംപ്രായക്കാർ അറകളിലുള്ള കുഞ്ഞുങ്ങളെ പാലൂട്ടി സംരക്ഷിക്കുന്നു. മററു പ്രായമായ ഈച്ചകൾ സംഭരിക്കുന്ന പൂമ്പൊടി ഭക്ഷിച്ചുകൊണ്ടാണ് ഇവ ഇപ്രകാരം ക്ഷീരോല്പാദനം നടത്തുന്നതു്.

ഇതേ രീതിയിൽത്തന്നെ അധികനാൾ മടിപിടിച്ചിരിക്കുവാൻ യൗവനത്തിലേക്കു കടക്കുന്ന ഇവക്കാവുമില്ല. സമുദായത്തിന്റെ നിലനില്പിന്നാവശ്യമായ പല ജോലികളും ഇവക്ക് ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. പതിനൊന്നു ദിവസം പ്രായമായാൽ ഇവയിൽ ക്ഷീരോല്പാദനഗ്രന്ഥി രൂപമെടുക്കുകയും ചെയ്യും. ഈ ഗ്രന്ഥികളിലുണ്ടാകുന്ന മെഴുക് വായകൊണ്ടു് കുഴച്ചുകൂട്ടി ഒരു കുശവനെക്കാൾ പാടവത്തോടെ വിചിത്രമായ അറകളുണ്ടാക്കിത്തുടങ്ങുന്നു. മധുവാഹകർ ശേഖരിച്ചുകൊണ്ടുവരുന്ന മധു അറകളിൽ സൂക്ഷിച്ചുവയ്ക്കുന്നതോടൊപ്പം സ്വയം കാവല്ക്കാരായി ചമഞ്ഞിടുകയും ചെയ്യുന്നു. ഇരുപതാം ദിവസമാകുമ്പോഴേക്കു് കാവൽജോലി ഉപേക്ഷിച്ചു് ഇക്കൂട്ടർ തേനും പൂമ്പൊടിയും ശേഖരിച്ചുതുടങ്ങുകയായി. വളർന്നുവരുന്ന തലമുറ പുതിയ കാവല്ക്കാരായി രംഗപ്രവേശം ചെയ്യുകയും ചെയ്യും. ഒരു സമയത്തു് തേനോ പൂമ്പൊടിയോ ഏതെങ്കിലും ഒന്നു ഒരീച്ച ശേഖരിക്കാറുള്ളു. പൂമ്പൊടി ശേഖരിക്കുന്ന ഈച്ചകൾ മധുവിൽ അല്പം മോന്തിയിട്ടാണ് ജോലിക്കുപോകുന്നതു്. പിൻകാലിൽ പ്രത്യേകരീതിയിൽ പിടിപ്പിച്ചിട്ടുള്ള ഒരു സഞ്ചിയിലാണു് പൂമ്പൊടി ശേഖരിക്കുന്നതു്. കൂട്ടിലെത്തുമ്പോൾ സഞ്ചിയോടു് അടുത്തുതന്നെയുള്ള വേറൊരവയവംകൊണ്ടു് പൂമ്പൊടി സഞ്ചിയിൽനിന്നു ചുരണ്ടി അറകളിൽ നിക്ഷേപിക്കുന്നു. നാലോ അഞ്ചോ ആഴ്ചകൾമാത്രം ജീവിക്കുന്ന ഇവ ജീവിതാവസാനംവരെ ഈ ജോലി ചെയ്തുകൊണ്ടിരിക്കും.

ജോലിക്കാരായ ഈച്ചകൾക്കു് നാലോ അഞ്ചോ ആഴ്ചകൾമാത്രം ജീവിതമുള്ളപ്പോൾ റാണിയീച്ച നാലോ അഞ്ചോ വർഷം ജീവിച്ചിരിക്കും. പക്ഷേ ഇത്രയും സുദീർഘമായ ജീവിതത്തിനിടയിൽ കേവലം ഒരിക്കൽ മാത്രമേ റാണിയീച്ച ഇണചേരലിൽ ഇടപെടുന്നുള്ളു. ഒരു കൂട്ടിൽ സാധാരണയായി വളരെയധികം ആണീച്ചകളെ കാണാറുണ്ടു്. ആകൃതിയിൽ വേലക്കാരെക്കാൾ വലിപ്പമുള്ളവരെങ്കിലും, ബുദ്ധിയുടെയും പ്രവർത്തനശേഷിയുടെയും കാര്യത്തിൽ ഇവർ വേലക്കാരെക്കാൾ എത്രയോ പിന്നിലാണ്. പരിശ്രമശാലികളായ വേലക്കാരുടെ ഉദാരമനസ്കതയെ ആശ്രയിച്ചു കഴിഞ്ഞുകൂടുന്ന ഇക്കൂട്ടർ ജീവിതത്തിലധികസമയവും റാണിയുടെ മുൻപിൽ കുഴഞ്ഞാട്ടം നടത്തി സുന്ദരക്കുട്ടപ്പന്മാരായിരിക്കാനാണിഷ്ടപ്പെടുന്നതു്. ജീവിതകാലയളവിൽ ഒരിക്കൽമാത്രം നടക്കുന്ന വസന്തമഹോത്സവത്തിൽ പങ്കെടുക്കുവാൻ വേണ്ടിമോഹനസ്വപ്നങ്ങളുമായി സമയം തള്ളിനീക്കുകയാണിവർ. വസന്തകാലത്തു് റാണിയുടെ സാമീപ്യത്തിൽ വികാരത്തിന്റെ വേലിയേററമുണ്ടാകുന്ന ഇക്കൂട്ടർ ഒരു കടാക്ഷവിക്ഷേപത്തിനു വേണ്ടി അവൾക്കുചുററും പറക്കൽപന്തയംതന്നെ നടത്തിനോക്കും. ഈ മത്സരത്തിൽ ആരെങ്കിലും ഒരാൾ മാത്രമേ വിജയി ആവൂ. റാണിക്കു് അനുരൂപനായി തോന്നുന്ന അവനെ അവൾ സ്വീകരിക്കുകയും മണിയറയിലേക്കു് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

ഉത്സവാവസാനം കൂട്ടിലേക്കു മടങ്ങിയെത്തുന്ന റാണിയെ മററീച്ചകൾ ആർഭാടത്തോടെ സ്വീകരിക്കുന്നു. അവളുടെ ബഹുമാനാർത്ഥം നടത്തുന്ന നൃത്തവും മേളവുംകൊണ്ടു് കൂടാകെ ശബ്ദമുഖരിതമായിത്തീരുന്നു. റാണിയുടെ പ്രീതിപാത്രങ്ങളായിരുന്ന ആണീച്ചകളോടുള്ള വേലക്കാരുടെ സമീപനത്തിൽ വലുതായ ഒരു വ്യത്യാസം ഇവിടംമുതൽ ആരംഭിക്കുകയാണ്. വസന്തംകഴിഞ്ഞു് തേനിനും പൂമ്പൊടിക്കും പ്രയാസം നേരിടുന്ന സമയത്തു് മടിയന്മാരും വികാരജീവികളുമായ ആണീച്ചകളെ വേലക്കാർ സമുദായദ്രോഹികളായി മുദ്രകുത്തുന്നു. പിന്നീടു് അവക്കു് തേനും പൂമ്പൊടിയും കൊടുക്കുകയില്ലെന്നു മാത്രമല്ല അവരെ കുത്തി പുറത്താക്കുകയോ കൊല്ലുകയോ ചെയ്യുന്നതിനുപോലും വേലക്കാർ തയ്യാറാകുന്നു.

ഇണചേർന്ന അവസരത്തിൽ റാണിയിലേക്കു പ്രവഹിച്ച പുരുഷബീജം വളരെ ശ്രദ്ധയോടെ ഒരു പ്രത്യേക അറയിൽ സൂക്ഷിച്ചിരിക്കും. മു

ട്ടിലെ അറകളിൽ നിക്ഷേപിക്കുന്ന ഓരോ മുട്ടയും ഓരോ പുരുഷബീജത്തെ പ്രവേശിപ്പിച്ച് ബീജസങ്കലനം നടത്തുന്നത് റാണിയുടെ ഒരു പ്രത്യേകതയാണ്. വലിയ അറകളിൽ നിക്ഷേപിക്കുന്ന മുട്ടകളെ ബീജസങ്കലനത്തിന് അനുവദിക്കുന്നില്ല. ഈ അറകളിൽ നിക്ഷേപിക്കുന്ന പൂമ്പൊടിയുടെ അളവും കൂടുതലാണ്. ഇവയിൽനിന്നു ബീജസങ്കലനം നടക്കാതെ വളർന്നുവരുന്ന ഈച്ചകൾ ആണീച്ചകളാണ്. ഭൂരിഭാഗംവരുന്ന ചെറിയ അറകളിൽനിന്ന് ബീജസങ്കലനം നടന്ന് വളർന്നുവരുന്ന കുഞ്ഞുങ്ങൾ വന്ധ്യകളായ പെണ്ണീച്ചകളാണ്. ഇവയുടെ അറകളിൽ കുറഞ്ഞ അളവിലേ പൂമ്പൊടി നിക്ഷേപിക്കാറുള്ളൂ. ചുരുക്കം ചില വലിയ അറകളിൽ വളരെയധികം ഭക്ഷണപദാർത്ഥങ്ങൾ നിക്ഷേപിക്കുന്നതിൽ വേലക്കാർ പ്രത്യേകം ശ്രദ്ധ കാണിക്കുകയും ബീജസങ്കലനം നടന്നിട്ടുള്ള ആ അറകളിലെ മുട്ടകൾ വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾ റാണി ഈച്ചകളായിത്തീരുകയും ചെയ്യും. അംഗസംഖ്യ വർദ്ധിക്കുന്നതോടൊപ്പം ഒരു പറ്റം ഈച്ചകൾ പഴയ റാണിയോടൊത്ത് കൂടുപേക്ഷിച്ച് ദൂരദിക്കിൽ ഒരു പുതിയ കൂടുകെട്ടിപ്പാർക്കുന്നു. പഴയകൂട്ടിൽ ഒരു റാണിഈച്ച വളർന്നുവന്നാൽ റാണിഈച്ചകൾ വളർന്നുവരാൻ സാദ്ധ്യതയുള്ള മറ്ററകൾ വേലക്കാരായ ഈച്ചകൾ നശിപ്പിച്ചുകളയും.

വളർന്നുവരുന്ന കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിൽ ശ്രദ്ധാർഹമായ ചില നടപടികളാണ് വേലക്കാരായ ഈച്ചകൾ സ്വീകരിച്ചു കാണുന്നത്. തണുപ്പുകാലങ്ങളിൽ അറകൾക്കുമീതെ പൊതിഞ്ഞിരുന്ന് കുഞ്ഞുങ്ങളുടെ വളർച്ചക്കാവശ്യമായ ചൂട് (95%) അവ നിലനിർത്തുന്നു. ഈ സമയത്ത് കൂടാകെ ഒരു കമ്പിളിപ്പുതപ്പുകൊണ്ട് മൂടിയതുപോലെയേ തോന്നുകയുള്ളൂ. ഉഷ്ണകാലമാകുമ്പോൾ അവകൾ ബഹുദൂരം സഞ്ചരിച്ച് വെള്ളംകൊണ്ടുവരുകയും ആ വെള്ളം കൂടിനുമീതെ തളിക്കുകയും ചെയ്യും. അതിനുശേഷം ചിറകുകൾ വിടർത്തി വിശറികൊണ്ടെന്നപോലെ കാറ്റുണ്ടാക്കി ചൂടകറ്റുന്നു. സമൂഹത്തിലെ വിവിധ തസ്തികകളിൽ വിവിധതരക്കാർ നിയോഗിക്കപ്പെട്ടിരിക്കുന്നതുകൊണ്ടും, അതതു ജോലികൾക്കനുസരിച്ച് ശരീരഘടനയിൽ വ്യത്യാസമുള്ളതുകൊണ്ടും നേതൃത്വത്തിനുവേണ്ടിയുള്ള മല്പിടുത്തമോ, ചരടുവലിയോ ഒന്നും തേനീച്ചക്കൂട്ടിൽ കാണുന്നില്ല.

തേൻ ശേഖരിക്കുന്ന ഈച്ചകൾക്ക് അന്നനാളത്തോട് ബന്ധപ്പെട്ട ഒരു പ്രത്യേക ഉള്ളറയുണ്ട്. ഒരു 'വാൽവ്'കൊണ്ട് ഈ അറയുടെ കവാടം അടഞ്ഞിരിക്കും. ശരിയായ തേനിന്റെ രൂപത്തിലല്ല ഈച്ചകൾ പൂക്കളിൽനിന്നു ശേഖരിക്കുന്നത്. പൂക്കളിൽനിന്നു ശേഖരിക്കുന്ന മധുരപീയൂഷത്തിന് 'നെക്ടാർ' എന്നു പറയുന്നു. ഈ നെക്ടാർ അന്നനാളത്തോടു ബന്ധപ്പെട്ട അറകളിൽ സംഭരിക്കുകയും അത് കൂട്ടിലെ അറകളിലേയ്ക്കു പകർന്ന് സൂക്ഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നതിനിടയിൽ നെക്ടാറിലുള്ള ജലാംശം വേർതിരിയുകയും ചില പ്രത്യേക ഗ്രന്ഥികൾ പുറപ്പെടുവിക്കുന്ന എൻസൈമുകളോടുചേർന്ന് തേനായിത്തീരുകയുമാണ് ചെയ്യുന്നത്".

തേനീച്ചകളെക്കൊണ്ട് പരാഗണം നടത്തുന്ന ചെടികൾക്ക് അവയെ ആകർഷിക്കുവാൻ പര്യാപ്തമായ നിറങ്ങളും സുഗന്ധവും ഉണ്ടായിരിക്കും. നീലയും മഞ്ഞയുമായ പുഷ്പങ്ങളോടാണ് തേനീച്ചകൾക്ക് കൂടുതൽ മമത. ചുവപ്പുനിറത്താൽ അവ ആകർഷിക്കപ്പെടുകയില്ല. തേനീച്ചകൾക്കുള്ള ഒരു പ്രത്യേകത അവകൾ ഏതെങ്കിലും ഒരു നിറത്തോട് പരിചയപ്പെട്ടുകഴിഞ്ഞാൽ എത്ര വിദൂരതയിലായിരുന്നാലും ആ നിറം അന്വേഷിച്ച് കണ്ടുപിടിച്ച് അവയിൽത്തന്നെ എത്തിച്ചേരുന്നു എന്നതാണ്. ഒരു പരീക്ഷണം മൂലം ഇതു തെളിയിക്കുവാൻ കഴിയും. ഒരു ചെറിയ പാത്രത്തിൽ പഞ്ചസാരലായിനി എടുത്ത് നീലനിറത്തിലുള്ള ഒരു പേപ്പറിൽ തേനീച്ചകൾ സന്ദർശിക്കുന്ന ഒരു സ്ഥലത്തു വെയ്ക്കുന്നു. രണ്ടോ മൂന്നോ പ്രാവശ്യത്തെ സന്ദർശനത്തിനുശേഷം ഈ നീലനിറത്തോട് ഈച്ചകൾ പരിചിതരാവുന്നു. ഇതിനുശേഷം അതേവലിപ്പമുള്ള രണ്ടുമൂന്നു പാത്രങ്ങളിൽ വെള്ളമെടുത്ത് മറ്റുനിറത്തിലുള്ള പേപ്പറുകളിൽ വയ്ക്കുന്നു. തേനീച്ചകൾ മറ്റൊന്നിലും ശ്രദ്ധിക്കാതെ നേരെ നീലനിറത്തിലേയ്ക്കാണ് പറന്നടുക്കുന്നത്. നീലപേപ്പറിൽനിന്ന് പഞ്ചസാരലായിനി മാറ്റി പകരം വെറും വെള്ളമുള്ള പാത്രംവച്ചു പരീക്ഷിക്കുമ്പോൾ ഈച്ചകൾ വീണ്ടും പറന്നടുക്കുന്നത് നീലനിറത്തിലേക്കാണെന്നു കാണാം. ഇതിനു കാരണം ഈച്ചകളുടെ ഓർമ്മയിൽ നീലനിറം നിലനില്ക്കുന്നു എന്നതാണ്. ഇതുപോലെതന്നെ ചുവപ്പൊഴിച്ച് മറ്റേതു നിറമായും ഈച്ചകൾ ബന്ധപ്പെടുന്നു.

നിറങ്ങളുടെ സഹായത്തോടെ ഈച്ചകൾ പുഷ്പങ്ങളെ കണ്ടുപിടിക്കുകയും, അവയുടെ ഓർമ്മ നിലനിർത്തുകയും ചെയ്യുന്നതുപോലെതന്നെ പൂക്കൾക്കുള്ള ഗന്ധംവഴി അവയെ കണ്ടുപിടിക്കുന്നതിനും അവയുടെ ഓർമ്മ നിലനിർത്തുന്നതിനും ഈച്ചകൾക്ക് കഴിവുണ്ട്. സ്പർശിനി അഥവാ 'ഫീലേഴ്സ്' എന്ന പേരിലറിയപ്പെടുന്ന ഒരു ജോടി ശിരാവയവം വഴിയാണ് ഈച്ചകൾ മണമറിയുന്നത്. മുകളിൽപ്പറഞ്ഞ പരീക്ഷണത്തിലേതുപോലെതന്നെ 'പെപ്പിരിമെൻറ്', സുഗന്ധം കലർത്തിയിട്ടുള്ള പഞ്ചസാര ലായിനിയോട് ഈച്ചകൾ പരിചയപ്പെട്ടുകഴിഞ്ഞാൽ പിന്നീട് മധുരമില്ലാത്ത വെറും വെള്ളമായിരുന്നാൽപോലും, പെപ്പിരിമെൻറ് വാസനയുണ്ടെങ്കിൽ, ഈച്ചകൾ അവയിൽത്തന്നെ എത്തിച്ചേരുന്നു. സ്പർശിനി മുറിച്ചുകളഞ്ഞ ഒരീച്ചയ്ക്ക് ഘ്രാണശക്തി നഷ്ടപ്പെടുന്നു എന്നുള്ളതും പരീക്ഷണംകൊണ്ടുതന്നെ തെളിയിക്കാവുന്നതാണ്.

ദൂരെ എവിടെയെങ്കിലും ഒരുകൂട്ടം പുതിയ പൂക്കളെ കണ്ടുപിടിച്ചാൽ ആ സന്തോഷവാർത്ത സമൂഹത്തിലെ മറ്റംഗങ്ങളെ മനസ്സിലാക്കുന്നത് ഒരു പ്രത്യേകതരം നൃത്തം വഴിയാണ്. കൂട്ടിൽനിന്നു പുറത്തുപോകുന്ന ഈച്ചകൾ ഒറ്റതിരിഞ്ഞ് നാനാഭാഗങ്ങളിലേയ്ക്കു പറന്നകലുന്നു. ഇവയിൽ ഏതെങ്കിലും ഒരെണ്ണം സമൃദ്ധിയായി തേൻ കിട്ടാവുന്ന ഏതെങ്കിലും പുഷ്പങ്ങളെ കണ്ടുമുട്ടിയാൽ അവയിൽനിന്നു ശേഖരിച്ച തേനുമായി കൂട്ടിൽ വരുന്നു, പിന്നെ വിജയ കാഹളം മുഴക്കി, തന്റെ ക

ഴിവിനെ അന്യർ മനസ്സിലാക്കുന്നതിനും, അവരെയും അതേ സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനുമുള്ള തിടുക്കമാണ്. ഇതിനുവേണ്ടി ആദ്യമായി ചെയ്യുന്നതു് താൻ കൊണ്ടുവന്ന മധുവിൽ കുറെ കൊടുത്ത് എല്ലാവരേയും ഈ പുതിയ ലഹരിയിൽ ലയിപ്പിക്കുകയാണ്. ഉടൻതന്നെ നൃത്തം തുടങ്ങുകയായി. ഈ നൃത്തം രണ്ടു രീതിയിലുണ്ട്. വളരെ വേഗതയിൽ നടനചാതുര്യത്തോടെ '8' അക്കത്തിന്റെ ആകൃതിയിൽ ഇടത്തോട്ടും വലത്തോട്ടും ചുററിത്തിരിയുന്ന നൃത്തത്തിനു് 'റൌണ്ട് ഡാൻസ്' എന്നാണ് പേര്. മധുവിന്റെ ഗുണഗണങ്ങളെ പറഞ്ഞു മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗമിതാണ്. നൃത്തലഹരിയിൽ ആമഗ്നരായിത്തുടങ്ങുമ്പോൾ പ്രേക്ഷകഗണവും ഇതിൽ പങ്കുചേരുന്നു. ഏതാണ്ട് ഒരു മിനിററുനേരം ഇതേ രീതിയിൽ നൃത്തം നടത്തിയതിനുശേഷം, ഈ നായിക കൂട്ടത്തിൽനിന്നു പറന്നകന്ന് കൂടിന്റെ വേറൊരു ഭാഗത്തുചെന്ന് ഇതാവർത്തിക്കുന്നു. ഇവിടെയും പ്രേക്ഷകഗണം ഇവളെ സ്വാഗതം ചെയ്യുകയും നൃത്തത്തിൽ പങ്കുചേരുകയും ചെയ്യുന്നു. അതിനുശേഷം ഇവരെല്ലാവരും നായികയെ അനുഗമിച്ച് അവൾ കണ്ടുപിടിച്ച പുഷ്പഗണങ്ങളിലേയ്ക്ക് പറന്നകലും. പുഷ്പങ്ങളിലേയ്ക്കുള്ള ദൂരവും ആ ദൂരം പിന്നിടേണ്ട മാർഗ്ഗവും മററീച്ചകൾക്ക് മനസ്സിലാക്കികൊടുക്കുന്ന നൃത്തത്തിനു 'വേജിംഗ്' ഡാൻസ് എന്നു പറയുന്നു. ഇവിടെയും നൃത്തത്തിന്റെ രീതി പഴയതുതന്നെയെങ്കിലും പ്രധാനമായ ഒരു വ്യത്യാസമുണ്ട്. '8' അക്കത്തിന്റെ മാതൃകയിൽ ഇടത്തോട്ടും വലത്തോട്ടും ചുററിത്തിരിയുമ്പോൾ രണ്ടു വൃത്തങ്ങൾക്ക് ഇടയിൽകൂടി സഞ്ചരിക്കുന്ന സമയത്തു് ഉദരഭാഗംകൊണ്ട് ഒരു പ്രത്യേകതരം ചലനമുണ്ടാക്കുന്നു. ഈ നൃത്തം ഏതാനും മിനിട്ടു നേരത്തേക്കുതന്നെ നീണ്ടുനില്ക്കുന്നതാണ്. ഇതിൽ നായിക തിരിയുന്ന കോണും സൂര്യനുമായുള്ള ബന്ധവും അടിസ്ഥാനമാക്കിയാണ് മററീച്ചകൾ എല്ലാ വിവരങ്ങളും മനസ്സിലാക്കുന്നതു്.

തേനീച്ചകളെപ്പോലെതന്നെ സാമൂഹിക ജീവികളായ ഉറുമ്പുകളെയും ചിതലുകളെയുംപ്പറ്റിയും ജീവിതരീതികളായി പരിചയപ്പെട്ടപോലെ വിചിത്രമായ പല രഹസ്യങ്ങളും നമുക്ക് മനസ്സിലാക്കാവുന്നതാണ്. 'ഫോളിയർസ്സ്' എന്ന പേരിലറിയപ്പെടുന്ന ഒരുതരം ഉറുമ്പുകൾക്ക് 'ഫോർമിക്ക' എന്ന മററൊരുതരം ഉറുമ്പുകളുടെ സഹായമില്ലാതെ ജീവിക്കുവാൻ സാധ്യമല്ല. ഫോർമിക്കാവർഗ്ഗക്കാരെ കൂടുകൾ കൊള്ളയടിച്ച് മുട്ടകളെയും കുഞ്ഞുങ്ങളെയും തങ്ങളുടെ കൂട്ടിൽ കൊണ്ടുവന്നു വളർത്തി അവയെ അടിമകളായി സൂക്ഷിക്കുന്ന പതിവ് ഫോളിയർസ്സിൽ കാണുന്നു. ഈ അടിമകളാണ് എല്ലാ ജോലികളും ചെയ്യുന്നതു്. സാധാരണയായി കാണുന്ന മറ്റൊരുതരം ഉറുമ്പുകൾ 'എഫിഡ്സ്' എന്ന പേരിലറിയുന്ന ഒരുതരം ചെറുപ്രാണികളെ കൂട്ടിൽ കൊണ്ടുവന്നു വളർത്തുന്നു. എഫിഡുകൾ അവയുടെ പുറത്തുള്ള ഒരു ജോടി പ്രത്യേക അവയവങ്ങളിൽനിന്നു പുറപ്പെടുവിക്കുന്ന പാല് ഈ ഉറുമ്പുകൾ കുടിക്കുവാൻ ഉപയോഗിക്കുന്നു. ഇതിനാൽ എഫിഡുകളെ ഉറുമ്പുകളുടെ പശു അഥവാ 'ആന്റ് കൗ' എന്നാണ് പറയുന്നതു്. ഒരുതരം പുല്ലുകളെ കൂടുകളിൽ കൃഷി ചെയ്ത് അവയിൽനിന്നുള്ള ചില പദാർത്ഥങ്ങൾകൊണ്ട് സുഖമായി കഴിഞ്ഞുകൂടുന്ന ഒരുതരം ഉറുമ്പുകൾ അമേരിക്കയിലുണ്ട്. ഇതുപോലെ പുല്ലുകളുടെ 'ഏതുവൈറുകൾ' തന്നെ ഉണ്ടാക്കി അവയെക്കൊണ്ട് ജീവിതം കഴിച്ചുകൂട്ടുന്ന ചിലതരം ചിതലുകൾ ആഫ്രിക്കയിലും മലേയായിലും സാധാരണമാണ്. സാമൂഹികമായി ജീവിക്കുന്ന ഇത്തരം ചെറുജീവികൾ മാനവസമുദായത്തിന് പല പ്രകാരത്തിലും ഉത്തമമാതൃകയായിത്തീരുന്നുണ്ട് എന്നതു് അനുസ്മരണാർഹമായ ഒരു വസ്തുതയാണ്.

കുറെ കാര്യങ്ങൾ ശരിയായി അറിയുന്നതു വളരെ കാര്യങ്ങൾ തെററിദ്ധരിക്കുന്നതിനേക്കാളും ഭേദമാണ്.

(എ. ഫ്രാൻസ്)

* * *

സ്ത്രീകളെപ്പററി വിവാഹിതരേക്കാൾ കൂടുതൽ അറിവുള്ളവർ അവിവാഹിതരാണ്; അങ്ങനെയല്ലായിരുന്നുവെങ്കിൽ അവരും വിവാഹിതരായേനെ.

(എച്ച്. എൽ. മെർക്കൺ)

* * *

സ്വയം മനസ്സിലാക്കാത്ത ബുദ്ധിപൂർവ്വകമായ പലവലിയ കാര്യങ്ങളും കവികൾ പറയുന്നു.

(പ്ലേറ്റോ)

ഒന്നും വായിക്കാത്ത ഒരു മനുഷ്യൻ ദിനപ്പത്രങ്ങൾമാത്രം വായിക്കുന്നവനേക്കാൾ വിദ്യാസമ്പന്നനായിരിക്കും.

ഒരു ദിനപ്പത്രത്തിൽ സത്യമെന്നു് വിശ്വസിക്കാവുന്നതു് പരസ്യങ്ങൾ മാത്രമായിരിക്കും.

(ജാഫേഴ്സൺ)

* * *

സ്ത്രീകളുമായി സമ്പർക്കം പുലർത്തുന്നതിൽ എനിക്ക് വളരെ താല്പര്യമുണ്ട്; ഞാൻ അവരുടെ സൗന്ദര്യം ഇഷ്ടപ്പെടുന്നു, അവരുടെ മൃദുലത ഇഷ്ടപ്പെടുന്നു, അവരുടെ ഉന്മേഷം ഇഷ്ടപ്പെടുന്നു—അവരുടെ നിശ്ശബ്ദതയും.

(ജോൺസൺ)

ചെറുകഥ



# കനത്ത ഹൃദയം

**പി. എൻ. പ്രേമചന്ദ്രൻ**



മുറിയിൽ ഇരുട്ട് കട്ടപിടിച്ചു കിടന്നിരുന്നു. മുറിയിലേയ്ക്ക് കാലെടുത്തുവച്ചപ്പോൾ ഷൂസ് എന്തിലോ തടഞ്ഞു. ഒരു ഞെരിച്ചിൽ! ആ സാധനം തവിടുപൊടിയായി. തപ്പിത്തപ്പിയാണ് സ്വിച്ച് കണ്ടുപിടിച്ചത്. ലൈററിട്ടപ്പോൾ തകർന്ന സാധനം കണ്ടു. തൻെറ പേന!! തലച്ചോറിലേയ്ക്ക് എന്തോ അരിച്ചുകയറുന്നതുപോലെ തോന്നി. താൻ ദുർബ്ബലനാവുകയാണോ? മേശപ്പുറത്തുനിന്ന് ഒരു സിഗരററ് എടുത്തു കത്തിച്ചു. മേശപ്പുറത്താകെ ഒന്നു കണ്ണോടിച്ചു. ഓ! മോർഫിയയുടെ കുപ്പി! അല്പംമുൻപ് താൻ സ്രിഞ്ചിൽ വലിച്ചെടുത്ത മോർഫിയസൊല്യൂഷൻെറ ബാക്കി. കുത്തിവെച്ചപ്പോൾ അവൾ വിചാരിച്ചുകാണും വേദനയെല്ലാം മാറുമെന്ന്! തൻെറ പ്രവൃത്തി ശരിയായിരുന്നുവോ? ഒരു ജീവിതം തകർന്നു. ഓ! ഒന്നല്ലല്ലോ. അവൾ ഗർഭിണിയായിരുന്നു. ഈ വാർത്ത പുറത്തറിയുമോ? അറിഞ്ഞാലെന്ത്? നികൃഷ്ടനായ ഡോക്ടർ എന്ന് ലോകം തന്നെ വിളിച്ചേയ്ക്കും! വിളിക്കട്ടെ.

കണ്ണാടിയിലേയ്ക്കു നോക്കി. രണ്ടു ചെമന്ന ഉണ്ടക്കണ്ണുകൾ! അതു തൻെറതു തന്നെയാണോ? ഓ, വേറാരും മുറിയിൽ ഇല്ലല്ലോ. ആരാണ് കതകിൽ മുട്ടുന്നത്? ഓ, അയാളാണ്. അവളുടെ ഭർത്താവ്. അവളുടെ ഭർത്താവ്.

''ലളിതയ്ക്ക് അസുഖമൊന്നുമില്ലല്ലോ ഡോക്ടർ''

''ഇല്ല. അവൾ സുഖമായുറങ്ങുന്നു.''

ഇരുട്ടിൽ തൻെറ മുഖത്തെ വികാരങ്ങൾ അയാൾ കണ്ടുകാണില്ല.

''മിസ്റ്റർ ചന്ദ്രൻ, താങ്കൾക്ക് ഉറക്കം വരുന്നില്ലെങ്കിൽ തോട്ടത്തിൽ പോയിരുന്ന് അല്പം സംസാരിക്കാം.''

''ആൾറൈററ്—'' അയാൾ ഡോക്ടറെ പിന്തുടർന്നു.

പുറത്ത് നിലാവ് ഓളം വെട്ടുകയാണ്. ശരൽക്കാലത്തിലെ തുടുത്ത ചന്ദ്രബിംബത്തിനടുത്തു തന്നെ കാർത്തിക നക്ഷത്രവും.

''നമുക്കീ മരത്തിൻെറ മറവിൽ ഇരിക്കാം—'' ഡോക്ടർ കാണിച്ചിടത്ത് ഇരുട്ടുണ്ടായിരുന്നു.

''ഇവിടെ നല്ല പ്രകാശമുണ്ട്; നമുക്കിവിടെ ഇരിക്കാം.''

''വേണ്ട ചന്ദ്രൻ; നമുക്കീ മറവിൽ ഇരിക്കാം'

''ഡോക്ടർ, നിലാവങ്ങേയ്ക്കിഷ്ടമല്ലേ......?''

''നിലാവിഷ്ടമാണ്. നിലാവിനിടയ്ക്കുള്ള ഇരുട്ടാണ് കൂടുതലിഷ്ടം''.

അയാൾ പിന്നീടൊന്നും പറഞ്ഞില്ല.

''നിങ്ങളുടെ ദാമ്പത്യജീവിതം സുഖപ്രദം തന്നെയോ ചന്ദ്രൻ?'' സിഗരററിൻെറ പുക തൻെറ മുഖത്തിന് ആവരണം ചാർത്തി.

''തീർച്ചയായും. അവൾക്കെന്നെ ജീവനാണ്. എനിക്കവളെയും.''

''നിങ്ങളുടെ ജീവിതത്തിലേയ്ക്ക് വില്ലന്മാരാരും കടന്നുവന്നിട്ടില്ലേ? തെററിദ്ധരിക്കരുത്.. സുന്ദരിയായ നിങ്ങളുടെ ഭാര്യ പഠിച്ചിരുന്ന അവസരത്തിൽ വല്ല ലൗഅഫയേഴ്സില്ലേ?''

''നോ.... നോ.... അങ്ങനെയല്ല. അഥവാ.. അങ്ങിനെയുണ്ടെങ്കിൽത്തന്നെ ഞാനത്തരം വില്ലന്മാരെ ഭയപ്പെടുന്നില്ല ഡോക്ടർ; അത്തരം ഡാം

ഹ്, ദുഃസ്വപ്നമായാൽ ആര് ശ്രദ്ധ ചെയ്യാനാണ്!”

“ഹ ഹ ഹ...” ഡോക്ടറുടെ പൊട്ടിച്ചിരിയുടെ അർത്ഥം. അയാൾ മനസ്സിലാക്കിയിരിക്കില്ല... പാവം.!

“എന്റെ ഒരു സുഹൃത്തിന്റെ കഥ കേൾക്കണോ ചന്ദ്രൻ? അതൊരു വില്ലൻ പൊട്ടിച്ച ഒരു അത്ഭുതബന്ധത്തിന്റെ കഥ. സന്തോഷമായി ജീവിച്ച ഒരു കുടുംബത്തെ അയാൾ തകർത്തു.”

“ഉം; കേൾക്കട്ടെ”— ചന്ദ്രൻ ശ്രുതിയായി. ഡോക്ടർ കഥ തുടങ്ങി:

“പച്ചപിടിച്ച പുൽപ്പടർപ്പും അശോകവും ചെത്തിയും തിങ്ങി വളർന്നിരുന്ന ഒരു ഗ്രാമം. അവിടെ അവർ വളർന്നു: ലീലയും, ഗോപിയും. ലീല സുന്ദരിയായിരുന്നു; അമ്പിളിക്കാൻ പോകുന്ന മകരനിലാവു പോലെ. ലീല തന്നെ സ്നേഹിക്കുന്നുണ്ടെന്ന് ഗോപി തെറ്റിദ്ധരിച്ചു. അയാൾ അവളെ ആത്മാർത്ഥമായി സ്നേഹിച്ചു. അയാൾ അവൾക്ക് കത്തുകൾ കൊടുത്തു. പക്ഷേ അവൾ അവയ്ക്കൊന്നും മറുപടി കൊടുത്തില്ല. തന്നെ അവൾ സ്നേഹിക്കുന്നുണ്ടോ എന്ന് അയാൾ ചോദിച്ചപ്പോഴെല്ലാം അവൾ ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. ഒരു ദിവസം ധൈര്യം സംഭരിച്ച് അയാൾ ചോദിച്ചു:

“ലീലേ, നീയെന്നെ സ്നേഹിക്കുന്നുണ്ടോ? എനിക്കു രണ്ടിലൊന്നറിയണം.”

“ഇന്നല്ലേ ഗൗരവത്തിലാണല്ലോ” അവൾ അതു തമാശയായിത്തള്ളി.

“അതെ... രണ്ടിലൊന്നറിഞ്ഞേ ഞാനിന്നു പോകൂ” അവളുടെ കുസൃതിത്തം മാറി. അയാളുടെ കണ്ണുകളുടെ അഗാധതയിലേക്കു നോക്കിക്കൊണ്ട് അവൾ പറഞ്ഞു!

“ഞാൻ ഗോപിയെ സ്നേഹിക്കുന്നു.... എന്റെ സഹോദരനെപ്പോലെ”

“അപ്പോൾ ഞാൻ വിചാരിച്ചതുപോലെയല്ല നീ എന്നെ കരുതിയതു്.”

“പ്രത്യേകമായൊരു തരത്തിൽ ഗോപിയെന്നെ കരുതിയിരുന്നോ?”

“ഉവ്വ്, നീയെന്നെ പ്രേമിക്കുന്നുവെന്ന് ഞാൻ കരുതി”

“കഷ്ടം! പ്രേമം! ആ വാക്കിന് വല്ല അർത്ഥവുമുണ്ടോ? ഞാനതിൽ വിശ്വസിക്കുന്നില്ല ഗോപീ.”

“ഡോക്ടർ, അവൾ വല്ലാത്ത സ്വഭാവക്കാരി തന്നെ—” ചന്ദ്രൻ ഇടയ്ക്കു കയറിപ്പറഞ്ഞു.

“നിങ്ങൾക്കങ്ങനെ തോന്നുന്നുണ്ടോ ചന്ദ്രൻ?” ഇരുട്ടല്ലായിരുന്നുവെങ്കിൽ ഡോക്ടറുടെ മുഖഭാവം കണ്ട് അയാൾ നടുങ്ങിയേനേ!

ഡോക്ടർ കഥ തുടർന്നു;—

“കാലം പൊയ്ക്കൊണ്ടിരുന്നു; ചമ്പകമരങ്ങളുടെ കാൽക്കൽക്കൂടി ഒഴുകിയിരുന്ന നദിയിലെ ചിറ്റോളങ്ങൾ മാതിരി, ലീല ഗോപിയോട് അടുക്കാൻ ശ്രമിച്ചു. അവൾ നിഷ്കളങ്കയായിരുന്നു. പക്ഷേ, അയാൾ അവളിൽനിന്നകന്നു. അവൾ വേറെയാരുടെയും ആവരുത്. അതു് അയാളുടെ ആവശ്യമായിരുന്നു.

“കാലം കുറെ കഴിഞ്ഞു. ഗോപി ഒരു ഡോക്ടർ ആയി. ലീലയെ ഒരു ചെറുപ്പക്കാരൻ വിവാഹം കഴിച്ചു. അവർ അന്യോന്യം സ്നേഹിച്ചു. നോക്കിനില്ക്കാൻ കൊതിതോന്നുന്ന കുടുംബമായിരുന്നു അവരുടേതു്. അവൾ ഗർഭിണിയായി. ഈ സമയത്താണ് ഗോപി ഡോക്ടർ ബിരുദവും സമ്പാദിച്ച് നാട്ടിൽവന്ന് ഒരു ‘നഴ്സിംഗ് ഹോം’ തുടങ്ങിയതു് അവൾ ആ നഴ്സിംഗ് ഹോമിൽ ചെന്നു. അപ്പോഴാണ് അയാൾ അറിയുന്നതു് അവൾ വിവാഹിതയായി എന്ന്.

“അയാൾ പല്ലിറുമ്മി. ഇന്ന് അവളുടെ ജീവൻ തന്റെ കയ്യിലാണ്. തനിക്കവളെ കൊല്ലാം. അയാളിൽ ഒരു സംഘട്ടനം നടന്നു. അയാളിലെ മനുഷ്യൻ തോറ്റു. മൃഗം ജയിച്ചു. അയാൾ മോർഫിയ ഡിസ്റ്റിൽഡ് വാട്ടറിൽ ചേർത്ത് സിറിഞ്ചിൽ വലിച്ചെടുത്തു. ആവശ്യമുള്ളതിന്റെ ഇരട്ടി ഡോസിൽ തന്നെ.

“പഞ്ചമിച്ചന്ദ്രൻ ഉദിച്ചിരുന്നു, തിങ്ങിനിന്നിരുന്ന ആര്യവേപ്പിൻ കൂട്ടങ്ങൾ ആശുപത്രിയെ ഇരുട്ടിൽ ആഴ്ത്തി. രോഗികൾ മുഴുവൻ ഉറങ്ങിയിരുന്നു. അവൾമാത്രം വേദന സഹിക്കാനാവാതെ തേങ്ങിക്കൊണ്ടിരുന്നു. അയാൾ പുഞ്ചിരിച്ചുകൊണ്ട് അവളെ സമീപിച്ചു. അയാളുടെ കൈകൾ വിറച്ചില്ല. കണ്ണുകൾ സിറിഞ്ചിൽ തറച്ചുനിന്നു. പ്രതികാരം ചെയ്യാൻ സൗകര്യപ്പെട്ടതിന്റെ സന്തോഷം ഹൃദയത്തിൽ തിരയടിച്ചു. പൊട്ടിച്ചിരിച്ചുകൊണ്ട് അയാൾ മടങ്ങിപ്പോയി. ഒരു മണിക്കൂറിനകം അവൾ മരിച്ചു......”

ഡോക്ടർ കഥ അവസാനിപ്പിച്ചു. അയാളുടെ മുഖത്തു് ഘോഷയാത്ര നടത്തിയിരുന്ന വികാരങ്ങൾ സിഗരറ്റു പുകകൊണ്ടും ഇരുട്ടുകൊണ്ടും മറഞ്ഞുപോകുന്നതു് ചന്ദ്രൻ കണ്ടുകാണില്ല.. പാവം.

“മിസ്റ്റർ ചന്ദ്രൻ, ആ ഡോക്ടറെക്കുറിച്ച് നിങ്ങൾക്കെന്താണഭിപ്രായം?”

“ഒരു മൃഗം! വൈദ്യശാസ്ത്രത്തിനു് കളങ്കം വരുത്തിയ ഒരു ജലജളകം.” ആ ശബ്ദത്തിൽ അവജ്ഞ തിങ്ങിനിന്നിരുന്നു.

“ഹ! ഹ ഹ...!” പൊട്ടിച്ചിരിച്ചപ്പോൾ കണ്ണുകളിൽ ചുവപ്പുനിറം വ്യാപിച്ചുകാണും. അത്ര കണ്ട് വികാരാധീനനായിരുന്നു അയാൾ.

പൂർണ്ണചന്ദ്രൻ വിളറിത്തുടങ്ങിയിരുന്നു. അകലെയുള്ള കുന്നിൻപുറത്തു് പാതിരാപ്പൂക്കൾ വിടർന്നു. നിലാവിന്റെ വെളിച്ചത്തിന് മാദകത്വം കുറഞ്ഞു. പ്രകൃതി ആകപ്പാടെ ഒന്ന് നരച്ചതുപോലെയായി.

“ഡോക്ടർ, ആ നികൃഷ്ടനായ മനുഷ്യൻ ഇന്നു ജീവിച്ചിരിപ്പുണ്ടോ?”

“ഉണ്ട്, ചന്ദ്രൻ—” (പരുപരുത്ത ശബ്ദം)

“അയാൾ ഇതാ— നിങ്ങളുടെ മുമ്പിൽ!”

“ഡോക്ടർ, നിങ്ങളെന്താണീപ്പറയുന്നതു്?”

“അതെ ചന്ദ്രൻ... അതു ഞാനാണ് ചെയ്തതു്. ലീല നിങ്ങളുടെ ഭാര്യ ലളിതയാണ്. ഞാൻ അവളെ കൊന്നു.” അയാൾ വിറയ്ക്കുന്നുണ്ടായിരുന്നു.

# ഡോക്ടർ ഭാഭ

സി. ജോർജ് ജോസഫ് II D. C.



അണുശാസ്ത്രരംഗത്തു് നാം ഇന്നു് ഏറെ മുന്നേറിയിരിക്കുന്നു. ആറ്റോമിക് എനർജി കമ്മീഷൻ (Atomic Energy Commission) കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് (The Council of Scientific and Industrial Research), ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ (Indian Council of Agriculture), ഡിഫൻസ് സയൻസ് ലബോറട്ടറി (The Defence Science Laboratory) എന്നിവയുടെ പ്രവർത്തനങ്ങളിൽകൂടി ശാസ്ത്രം ഇന്നു് ഒരു ദേശീയ പ്രസ്ഥാനമായിത്തീർന്നിട്ടുണ്ടു്. എന്നാൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ആളുകളെപ്പറ്റി നാമത്ര അധികം ചിന്തിച്ചിരിക്കുവാനിടയില്ല. "ഭാരതത്തിന്റെ മഹാനായ പുത്രൻ" എന്നറിയപ്പെടുന്ന ഡോക്ടർ ഹോമി ജഹാംഗീർ ഭാഭ അക്കൂട്ടത്തിൽ ഒന്നാംസ്ഥാനത്തു നില്ക്കുന്നു. ഈയിടെയാണു് അദ്ദേഹം ദിവംഗതനായതു്.

അണുശാസ്ത്രം പോലുള്ള രംഗങ്ങളിൽ നാം ഇന്നു് ഏറെക്കുറെ മുന്നിലാണെന്നിരിക്കിലും, ആ രംഗത്തു് മൗലികമായി എന്തെങ്കിലും സംഭാവന ചെയ്യുകയും അങ്ങനെ ഇന്ത്യയ്ക്കു പുറത്തു് അറിയപ്പെടുകയും ചെയ്യുന്ന ശാസ്ത്രജ്ഞന്മാർ നമുക്കു് ഏറെ ഉണ്ടായിട്ടില്ല. മൗലികമായ പ്രതിഭയുള്ള ആളുകളെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുവാൻ പറ്റിയ സൗകര്യങ്ങൾ ഇവിടെ ഇല്ല എന്നതാവാം ഈ പിന്നോക്കനിലയുടെ പ്രധാന കാരണം. ഈ പാശ്ചാത്തലത്തിലാണു ദിവംഗതനായ ഡോക്ടർ ഭാഭയുടെ അതുല്യമായ കഴിവുകൾ നമ്മിൽ അത്ഭുതം ഉളവാക്കുന്നതു്. അണുശക്തിസംബന്ധമായ ഗവേഷണങ്ങളും ഇതുപോലുള്ള പ്രവർത്തനങ്ങളും ഇന്ത്യയിലും നടക്കണമെന്നു് ഇന്ത്യയ്ക്കു വെളിയിലുള്ള അനേകം ശാസ്ത്രജ്ഞരെക്കൊണ്ടു് ഡോക്ടർ ഭാഭയുടെ പ്രവർത്തനങ്ങൾ സമ്മതിപ്പിച്ചുവെന്നു പറഞ്ഞാൽ അതിൽ ഏറെ അതിശയോക്തിയുണ്ടാവില്ല.

പിന്നിട്ടുപോയ ഇരുപതു വർഷങ്ങൾക്കുള്ളിൽ ഭാരതത്തിനു് അണുശാസ്ത്രത്തിൽ കൈവന്നിട്ടുള്ള നേട്ടങ്ങളെല്ലാം ഡോക്ടർ ഭാഭയുടെ മഹത്തായ പ്രതിഭയുടെ സൃഷ്ടികളാണു്. ഭാരതത്തിനു് അണുശാസ്ത്രത്തിൽ അന്തർദ്ദേശീയമായ ഒരു വ്യക്തിത്വം കൈവരുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യംതന്നെ. തന്റെ തളരാത്ത കർമ്മശേഷിയുടെയും അതുല്യമായ ദീർഘവീക്ഷണത്തിന്റെയും ഫലമായി അദ്ദേഹം ലക്ഷ്യത്തിൽ എത്തിച്ചേരുകതന്നെ ചെയ്തു.

"Talent finds its own temple of work" എന്നു് ഡോക്ടർ ഭാഭ ഒരിക്കൽ പറയുകയുണ്ടായി. അതു് ഇന്ത്യയുടെ അണുശക്തിയുടെ കാര്യത്തിൽ തികച്ചും ശരിയാണു്. രണ്ടായിരത്തിൽ കൂടുതൽ പ്രതിഭാസമ്പന്നരായ ശാസ്ത്രജ്ഞന്മാർ ആറ്റോമിക് എനർജി കമ്മീഷന്റെ കീഴിൽ ഇന്നു പ്രവർത്തിക്കുന്നുണ്ടു്. ഡോക്ടർ ഭാഭ തന്നെയാണു് ഈ രാജ്യത്തെ പ്രതിഭാശാലികളായ ശാസ്ത്രവിദഗ്ദ്ധന്മാരെയും സാങ്കേതികവിദഗ്ദ്ധന്മാരെയും പ്രവർത്തനോത്സുകരാക്കി ഒരു സംഘടിതയത്നത്തിനു നേതൃത്വം നല്കിയതു്. അദ്ദേഹത്തിന്റെ അതുല്യമായ പ്രതിഭാശക്തിയാണു് വിക്രം സാരാഭായി (Vikram Sarabhai–chairman of the A. E. C.), എച്ച്. എൻ. സെത്ന (H. N. Sethna), എം. ജി. കെ. മേനോൻ ഇങ്ങിനെയുള്ളവരെ ഉയർത്തിക്കൊണ്ടുവന്നതു്. അങ്ങനെ ഡോക്ടർ ഭാഭക്കു്, അണുശാസ്ത്രത്തിന്റെ കാര്യത്തിൽ, സൃഷ്ടിപരമായ ഒരന്തരീക്ഷം ഇവിടെ കെട്ടിപ്പടുക്കുവാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന്റെ അമൂല്യസൃഷ്ടികളാണു്, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ട്രോംബെ അണുശക്തികേന്ദ്രം എന്നിവ.

ഈ അടുത്തകാലത്തു് ട്രോംബെ അണുശക്തി കേന്ദ്രത്തിനു് ഡോക്ടർ ഭാഭയുടെ പേരു നല്കിയും, ഇന്ത്യൻ റെയർ എർത്ത്സ്– ആലുവയിൽ ഡോക്ടർ ഹോമിഭാഭ ഹാൾ സ്ഥാപിച്ചും രാഷ്ട്രം അദ്ദേഹത്തിനു് ആദരാഞ്ജലികൾ അർപ്പിച്ചു.

ഇനി നമുക്കു് അദ്ദേഹത്തിന്റെ ജീവിതദശകളിലേയ്ക്കൊന്നു കണ്ണോടിക്കാം. 1909– ഒക്ടോബർ 30–നു ബോംബെയിലുള്ള മാതൃഗൃഹത്തിൽ ഭാഭ ഭൂജാതനായി. സ്കൂൾവിദ്യാഭ്യാസം അവിടെത്തന്നെയുള്ള കത്തീഡ്രൽ ഹൈസ്കൂളിലും കാനൻ ഹൈസ്കൂളിലും നിർവ്വഹിച്ചു. അതിനുശേഷം കലാലയവിദ്യാഭ്യാസത്തിനായി എൽഫിൻസ്റ്റൺ കോ

---

"..ഡോക്ടർ, നിങ്ങളെ ഞാൻ..." മുഴുവൻ പറയാനയാൾക്കു കഴിഞ്ഞില്ല.

"..ചന്ദ്രൻ, നോക്കൂ.. ഈ വിഷത്തിന്റെ പ്രവർത്തനത്തിനു് നിങ്ങളും അതീതനല്ല. ഞാനും നിങ്ങളും ഇതുമൂലം മരിക്കും. ഇതു് ഒരുകാലത്തും നശിക്കയില്ല."

ചന്ദ്രൻ തന്റെ കൈ കുതറിക്കൊണ്ടു് ഓടി. "ലളിതേ..." പതറിച്ചവനെ അയാൾ വിളിച്ചു. പക്ഷേ ആ ശബ്ദം ഡോക്ടറുടെ പൊട്ടിച്ചിരിയുടെ മുഴക്കത്തിൽ ലയിച്ചുപോയി.

[illegible] Travelling students Scholarship [illegible] 1946 [illegible]

[illegible] 1945 [illegible]

1955 [illegible] 1958 [illegible] Pure and Applied Physics [illegible]

എന്നീ നിലകളിലെല്ലാം അദ്ദേഹം മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1966 ജനുവരി 24 നമ്മുടെ ശാസ്ത്രരംഗത്തു് വളരെ പ്രാധാന്യമുള്ള ഒരു ദിവസമാണ്. ഡോക്ടർ ഹോമി ജെ. ഭാഭ— 'ഭാരതത്തിന്റെ മഹാനായ പുത്രൻ' ഇന്ത്യക്കു നഷ്ടപ്പെട്ടതു് അന്നാണ്. സ്വിറ്റ്സർലണ്ടിലെ മൗണ്ട് ബ്ലാങ്കിൽ വെച്ചുണ്ടായ ഒരു വിമാനാപകടത്തിൽപ്പെട്ട് മററു സഹയാത്രക്കാരോടൊപ്പം അദ്ദേഹം മരണമടഞ്ഞു. അദ്ദേഹത്തിന്റെ അകാലവിയോഗംമൂലം ഇന്ത്യക്കു നഷ്ടപ്പെട്ടതു് വെറുമൊരു ശാസ്ത്രജ്ഞൻ മാത്രമല്ല: പ്രശസ്തനായ ഒരു ആസൂത്രകൻ, നേതാവ്, ഭരണകർത്താവ് എന്നീ നിലകളിൽ ഭാരതത്തിന്റെ ശാസ്ത്രീയോന്നമനത്തിന് നേതൃത്വം നല്കിയ മഹാനായ ഒരു വ്യക്തികൂടിയാണ്.

"ശാസ്ത്രജ്ഞന്മാരുടെയും പ്രായോഗികശാസ്ത്രവിദഗ്ദ്ധന്മാരുടെയും കുറവിനെക്കാൾ, ശരിയായ വിധത്തിലുള്ള ഭരണരീതിയുടെ അഭാവമാണ് ശാസ്ത്രത്തിന്റെയും ടെക്നോളജിയുടെയും പുരോഗതിക്കു വിഘ്നമായി നിലകൊള്ളുന്നതു് എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. മററു പല പ്രതിഭാശാലികളായ വിദേശശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം ഇതുതന്നെയാണ്. എന്തുകൊണ്ടെന്നാൽ, ഭരണതലത്തിൽനിന്നു വേണ്ടവിധമുള്ള പിന്തുണയുടെ അഭാവത്താൽ നമുക്കുള്ള ശാസ്ത്രജ്ഞന്മാരിൽ ഭൂരിപക്ഷത്തിന്റെയും പ്രതിഭ മങ്ങിപ്പോകുന്നു. വ്യവസായോദ്യമങ്ങളിലെന്നതിനെക്കാൾ ശാസ്ത്രീയഗവേഷണങ്ങളിലും അവയുടെ അഭിവൃദ്ധിയിലുമാണ് കൂടുതൽ ഭരണപരമായ സൂക്ഷ്മത പാലിക്കേണ്ടതു്. വെറും കടംവാങ്ങിയ അറിവിന്റെ അടിസ്ഥാനത്തിൽ അതു് പ്രവർത്തനോന്മുഖമാക്കുവാൻ കഴിയില്ലെന്നു് എനിക്കു ബോദ്ധ്യമുണ്ട്. പ്രായോഗികശാസ്ത്രത്തിൽ മുന്നിട്ടുനില്ക്കുന്ന മിക്ക രാജ്യങ്ങളിലുമെന്നപോലെ, സാധാരണ ശാസ്ത്രജ്ഞന്മാരും പ്രായോഗികശാസ്ത്രവിദഗ്ദ്ധന്മാരുമായിരിക്കണം ആ ജോലി കൈകാര്യം ചെയ്യേണ്ടതു്."

(ഡോ. ഭാഭയുടെ ഏററവുമൊടുവിലെ പ്രസംഗത്തിൽനിന്നു്.)

"തന്റെ ആരോഗ്യത്തെപ്പററി വളരെ ആകുലചിത്തനായി [illegible] ആത്മാവിനെപ്പററി [illegible] ഒരു നല്ല മനുഷ്യനെയും ഞാൻ കണ്ടിട്ടില്ല."

([illegible])

* * *

"നാം ചരിത്രത്തിൽനിന്നു് ഒന്നും പഠിക്കുന്നില്ലെന്നു് ചരിത്രം നമ്മെ പഠിപ്പിക്കുന്നു"

(ഹെഗൽ)

വിവാഹം കഴിക്കുന്നതാണു് എന്തുകൊണ്ടും നല്ലതു്. നിങ്ങളുടെ ഭാര്യ നല്ലവളാണെങ്കിൽ നിങ്ങൾക്കു് സുഖമായ ഒരു ജീവിതം നയിക്കാം; ഭാര്യ നല്ലവളല്ലെങ്കിൽ നിങ്ങൾക്കു് ഒരു തത്വചിന്തകനാകാം.

(സോക്രട്ടീസ്)

* * *

"നാം പലപ്പോഴും ജീവിതത്തിനൊരുങ്ങിക്കൊണ്ടിരിക്കുന്നതല്ലാതെ ജീവിക്കാറില്ല."

(എമേഴ്സൺ)




# കാക്കയുടെ മരണം

റഷീദ് (IPD)



''മിസ്റ്റർ, ഇക്കാണുന്നതൊക്കെ എനിക്ക് വഴിയിൽ കളഞ്ഞുകിട്ടിയതല്ല.''

ഘനഗംഭീരമായ സ്വരം.

ഞാൻ അദ്ദേഹത്തിന്റെ മിനുസമുള്ള കഷണ്ടിയിലേക്ക് നോക്കിക്കൊണ്ടിരുന്നു. യേശുക്രിസ്തുവിന്റെ ചിത്രത്തിന്നു കീഴിൽ പ്രകാശിച്ചുകൊണ്ടിരുന്ന ചുവന്ന ബൾബിന്റെ വെളിച്ചം ആ കഷണ്ടിത്തലയിൽ പ്രതിഫലിച്ചു.

''നിങ്ങൾ കേൾക്കുന്നുണ്ടോ?''

വീണ്ടും സ്വരമുയർന്നു.

ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്കുനോക്കി. ഇരുണ്ട നിറമുള്ള തുടുത്ത മുഖത്ത് സ്ഫുരിക്കുന്ന ഗാംഭീര്യം എനിക്കിഷ്ടപ്പെട്ടില്ല. തടിച്ച ഫ്രെയിമുള്ള കണ്ണടക്കു പിന്നിൽ, നേർത്ത ചുവപ്പുരാശി കലർന്ന ആ കണ്ണുകളും എന്നിൽ അസുഖമുളവാക്കി.

''ഉം.''

''ഞാൻ നല്ലപോലെ ലോകം കണ്ടവനാ. ഇരുപത്താറു വർഷമായി ഞാൻ ജീവിതത്തോട് പടവെട്ടാൻ തുടങ്ങിയിട്ട്. ഇന്നെനിക്ക് വയസ്സ് അമ്പത്തൊന്നായി.''

ഞാനേതോ സെൻസറിംഗ് എന്യുമറേററാണെന്ന് അദ്ദേഹം തെററിദ്ധരിച്ചതായി തോന്നി. എന്തൊരു കഷ്ടമാണ്! അനാഥശിശുക്കൾക്കുവേണ്ടി ഒരു പള്ളിക്കൂടം പണിയുന്നതിനുള്ള സംഭാവന പിരിക്കാനായി ഇറങ്ങിത്തിരിച്ച എനിക്ക് പററിയ കുഴപ്പം!

തുടക്കം മുതലേ വിഷമങ്ങളാണ്. അരമണിക്കൂറോളം ഈ മണിമന്ദിരത്തിന്റെ ഗേററിന്നു മുൻപിൻ വാച്ചറുമായി വാഗ്വാദം നടത്തേണ്ടിവന്നു. ഒരുവിധം അകത്തു കയറിപ്പററിയപ്പോൾ അതിലും വലിയ കുഴപ്പം. മുതലാളി കുളിക്കാൻ തയാറാകുന്നത്രേ. സോഫയിൽ ചാരിക്കിടന്ന് വീണ്ടും അരമണിക്കൂർ തള്ളിനീക്കി. ഒടുവിൽ, മുതലാളി പ്രസാദിച്ചെന്നു തോന്നുന്നു. അകത്ത് ആരോ ചുമക്കുന്ന ശബ്ദംകേട്ടു. നടന്നുവരുന്ന കാലടിശബ്ദം. ഡോർകർട്ടൻ വകഞ്ഞു നീക്കിക്കൊണ്ട് ദീർഘകായനായ മുതലാളി പ്രവേശിച്ചു. ധരിച്ചിരിക്കുന്ന ഡബിൾ ദോത്തി രണ്ടുവിരലുകൾ കൊണ്ടമർത്തി അല്പം ഉയർത്തിപ്പിടിച്ച് കുടവയറു സഹിതം അദ്ദേഹം എന്റെ മുൻപിലായി ഇരുന്നു. കഴുത്തിൽ സ്വർണ്ണച്ചെയിൻ ധരിച്ചിരിക്കുന്നു. ഇടതു കൈത്തണ്ടിൽ റിസ്റ്റുവാച്ച് തിളങ്ങുന്നു. തടിച്ച ഫ്രെയിമുള്ള കണ്ണടക്കു പിന്നിലൂടെ അദ്ദേഹം തറച്ചു നോക്കി.

ഞാൻ കൈക്കൂപ്പിയനിലയിൽത്തന്നെ നിന്നു. അതു ശ്രദ്ധിക്കാത്തമട്ടിൽ അദ്ദേഹം പറഞ്ഞു:

''ഇരിക്കൂ''

ആജ്ഞയോ—അഭ്യർത്ഥനയോ? ഏതെങ്കിലുമാകട്ടെ. ഞാനിരുന്നു. എന്തായാലെന്താ. കാര്യം നടക്കാനുള്ളത് നമ്മുടേതാണ്. അദ്ദേഹത്തിന് ഒന്നുമില്ല. അല്പം താഴ്ന്നു കൊടുത്തേക്കാം.

വന്നകാര്യം അറിയിച്ചു. നാടിന്റെ താൽക്കാലിക സ്ഥിതിയെക്കുറിച്ചും, ഇനിയും ഉണ്ടാകാനിരിക്കുന്ന അഭിവൃദ്ധിയെക്കുറിച്ചും ഒരു ലഘുവിവരണം നൽകി. സമുദായസേവനത്തിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു. എല്ലാം ശ്രദ്ധിച്ചു കേട്ടതിന്നുശേഷം അദ്ദേഹം അല്പം വികാരവിവശനായിത്തന്നെ പറഞ്ഞു:

''മിസ്റ്റർ, ഇക്കാണുന്നതൊക്കെ എനിക്ക് വഴിയിൽ കളഞ്ഞു കിട്ടിയതല്ല.''

വളരെ നല്ലത്. കളഞ്ഞുകിട്ടിയതാണെങ്കിൽ ഉത്തരവാദിത്വബോധം കുറയും.

''ഞാനിതൊക്കെ ചോരനീരാക്കി സമ്പാദിച്ചതാ, നിങ്ങളീ ഇരിക്കുന്ന കസേരയിലും ചുററു

ള്ള ഒരോ വസ്തുവിലും എന്റെ വിയർപ്പിന്റെ ഗന്ധമുണ്ട്.''

ഉണ്ടായിട്ടുണ്ടാവില്ല. ഞാൻ ഒന്നും മിണ്ടിയില്ല. അവരുടെ അന്തരംഗത്തിന്റെ ദുഃഖമൊന്നൊ കേട്ടുകൊണ്ട് ഇരുന്നു.

''നിങ്ങളൊക്കെ അറിയില്ലായിരിക്കും. ഞാൻ എങ്ങനെയാണ് ഈ നിലയിലെത്തിയതെന്ന്. എത്രയെത്ര കഷ്ടങ്ങളാണ് ഞാനിതിനുവേണ്ടി സഹിച്ചതെന്ന്. നിങ്ങളെപ്പോലുള്ള ചെറുപ്പക്കാർക്ക് ഇത് മനസ്സിലാവില്ല. നാട്ടിലെ ഒരെണ്ണത്തിന് സമയത്തിന് ഭക്ഷണം കഴിക്കാൻ നിങ്ങൾ വീട്ടിലെത്തുമ്പോൾ അമ്മ ഊണ് തയാറാക്കി കാത്തിരിക്കും. പക്ഷേ എനിക്കാരുമില്ലായിരുന്നു.''

അദ്ദേഹം തന്റെ യാതനകൾ നിറഞ്ഞ കഥ പറയുവാനുള്ള പുറപ്പാടിലാണ്. എന്തൊരു ദയനീയമായ അവസ്ഥയാണെന്നോർത്ത് ചിന്തിച്ചുകൊണ്ട് ഞാൻ പോകുവാൻ എഴുന്നേറ്റു. സംസാരം കിട്ടിയില്ലെങ്കിലും വിരോധമില്ല. ഒന്ന് രക്ഷപ്പെട്ടാൽ മതിയെന്നായിരിക്കുന്നു. എനിക്ക് ആത്മം പഴംപുരാണം പറയുന്നതു കേൾക്കാൻ ഇഷ്ടമില്ല.

ഞാൻ എഴുന്നേൽക്കുന്നതു കണ്ടിട്ട് അദ്ദേഹം തടഞ്ഞു: ''ഇരിക്ക്, ഇരിക്ക്.''

ഞാൻ വീണ്ടും കസേരയിലേക്കമർന്നു. അദ്ദേഹം എന്നെ കൊല്ലാതെ കൊല്ലാനുള്ള പുറപ്പാടാണ്. ഇതിനെല്ലാം കാരണം ഒരു ശകുനപ്പിഴയാണ്. രാവിലെ, കുളിച്ച് ഇസ്തിരിയിടാത്ത വസ്ത്രങ്ങളും ധരിച്ച് ഞാൻ സംസാരം പിടിക്കാൻ പുറപ്പെട്ടു. പതിവുപോലെ എന്റെ ഹൃദയത്തിൽ ശുഭാപ്തിവിശ്വാസം നിറഞ്ഞുനിന്നു. പടിയിറങ്ങുമ്പോൾ യാദൃച്ഛികമായി എന്റെ ദൃഷ്ടിവഴിയരികിൽ തലയുയർത്തി നിൽക്കുന്ന ടാൻസ്ഫോമറിന്റെ കീഴിൽ പതിഞ്ഞു. ഒരു കാക്ക ചത്തുകിടക്കുന്നു. ഷോക്കേറ്റു മരിച്ചതാകാം. മരണമാണ് രാവിലെ ഒരു നല്ല കാര്യത്തിനിറങ്ങിത്തിരിക്കുമ്പോൾ കാണുന്നത്. എനിക്കത് അസ്വസ്ഥത തോന്നി. വളരെ വിരളമായി ചാകുന്ന ഒരു വർഗ്ഗമാണ് കാക്ക എന്നാണ് ഞാൻ ചെറുപ്പം മുതൽക്ക് കേട്ടുവരുന്നത്. എന്താപത്താണാവോ വരാനിരിക്കുന്നത് എന്നുള്ള ഉൽക്കണ്ഠയോടെ ഞാൻ ഇവിടെയെത്തി. പക്ഷേ ഇത്തരത്തിലുള്ളൊന്നാണ് സ്ഥിതി എന്ന് ഞാൻ ചിന്തിച്ചില്ല. ഇനിയേതായാലും ക്ഷമിച്ചിരുന്നു കളയാം.

1939–ൽ ആണ് ലോകമഹായുദ്ധം തുടങ്ങിയതെങ്കിലും 1941–ൽ ആണ് ജോസേപ്പിന്റെ ജീവിതത്തിൽ യുദ്ധം ആരംഭിച്ചത്. ഒരു രാത്രിയുടെ അന്ത്യയാമത്തിൽ വിധി ജോസേപ്പിനോട് സന്ധിയില്ലാസമരം ആരംഭിച്ചു. അന്ന് അയാൾക്ക് ഇരുപത്തിനാലു വയസ്സാണ്.

തൊഴിലൊന്നും ചെയ്യാതെ അലസനായി കഴിഞ്ഞുകൂടിയകാലം. ജോലിചെയ്യേണ്ട ആവശ്യം അയാൾക്ക് തോന്നിയില്ല. അമ്മ മറ്റു വീടുകളിൽ അടുക്കളപ്പണിചെയ്ത് മകനെ തീറ്റിപ്പോറ്റി. കാര്യമായ കുറവുകളൊന്നും അറിയിക്കാതെ വളർത്തി. ചെറുപ്പത്തിൽ അല്പസ്വല്പം വിദ്യാഭ്യാസവും ലഭിച്ചു. അതായിരുന്നു വീടുവിട്ടിറങ്ങുമ്പോൾ അവന്റെ ഏക മൂലധനം. വീടുവിട്ടിറങ്ങിയത് മറ്റൊരു കാര്യം.

അവനെ എന്നും തീറ്റാൻ അമ്മ ജീവിച്ചിരുന്നില്ല. രോഗിണിയായ അമ്മയുടെ അന്ത്യാഭിലാഷത്തെ ഉപേക്ഷിച്ച് ആത്മാവ് പറന്നുപോയി. അപ്പോൾ ജോസേപ്പ് ആ മൃതദേഹത്തിലേക്ക് ദുഃഖത്തോടെ നോക്കിയിരുന്നു. കണ്ണടയ്ക്കുമ്പോൾ അമ്മയുടെ കൺകോണുകളിൽനിന്ന് ഒലിച്ചിറങ്ങിയ കണ്ണീർച്ചാലിന്റെ അർത്ഥം, ഇന്നും, ജോസേപ്പിനജ്ഞാതമാണ്.

ജോസേപ്പ് ഇരുളിലേക്ക് തുറിച്ചുനോക്കിക്കൊണ്ടിരുന്നു. തഴപ്പായിൽ മരിച്ചുകിടക്കുന്ന അമ്മയുടെ അടുത്തിരിക്കാൻ ഭയം തോന്നി. കഴിഞ്ഞ നിമിഷംവരെ ജീവിതത്തിന് താങ്ങും തണലുമായിരുന്നു; പിരിഞ്ഞിരിക്കാൻ വയ്യായിരുന്നു. പക്ഷേ ഇപ്പോൾ ഭീതി ഹൃദയത്തെ കീഴടക്കിയിരിക്കുന്നു. മരിച്ചു കഴിഞ്ഞപ്പോൾ എല്ലാ ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടതായി തോന്നുന്നു. ആ ജഠരത്തിൽനിന്നാണ് ഒരിക്കൽ ഈ ഭൂമിയിലേക്ക് അവൻ വന്നതെന്ന് അവന് വിശ്വസിക്കാൻ പ്രയാസം തോന്നി.

അയൽക്കാരെല്ലാം ഉറക്കമാണ്. ആരും ഉണർന്നിരിക്കുന്നില്ല. എന്തിനാണ് ഉണരുന്നത്? ലോകം സ്വാർത്ഥതകൊണ്ട് നിറഞ്ഞതാണെന്നുള്ള തോന്നൽ അവനിൽ സ്ഥലം പിടിച്ചു. ആരെയും വിളിക്കാൻ ധൈര്യമില്ല. അവർ വല്ലതും പറഞ്ഞാലോ എന്ന് അവൻ ഭയപ്പെട്ടു.

''തള്ളക്കൊന്ന് ചോറുകൊടുക്കാൻ നടക്കണ തടിമാടൻ. കണ്ടോളൂ, പൊങ്ങിക്കോട്ടെ, തടിയനക്കാൻ മടി.''

—എന്നാണ് അവനെക്കുറിച്ച് അവർ പറയുന്നത്. നല്ല അഭിപ്രായമല്ല മറ്റുള്ളവർക്ക് തന്നെക്കുറിച്ചുള്ളത് എന്നല്ലാതെ അതിനപ്പുറമായി ഒന്നും അവൻ ചിന്തിക്കാൻ മെനക്കെട്ടില്ല.

അമ്മയെ ആ നിലയിൽ ഉപേക്ഷിച്ച് ജോസേപ്പ് വിശാലമായ ലോകരംഗത്തേക്കിറങ്ങി. ഇരുളിന്റെ തിരശ്ശീലയ്ക്കു പിന്നിൽ അപ്രത്യക്ഷനായ അവൻ നാട്ടിലേക്ക് ഒരിക്കലും തിരിച്ചുചെന്നില്ല. പട്ടിണിയും ഭയവുമായി അവൻ നഗരങ്ങൾ തോറും അലഞ്ഞു. ഒരിടത്തും അഭയം ലഭിച്ചില്ല. ജോലിചെയ്തു പരിചയമില്ല. എന്തു ചെയ്യണമെന്ന് ഒരു രൂപവുമില്ല. എല്ലായ്പ്പോഴും ഇതൊരു ചിന്തമാത്രം: ലോകം ചീത്തയാണ്. ആളുകൾ തന്നെകൊല്ലാൻ തക്കം പാർത്ത് ചുറ്റും നടക്കുന്നു. ഭീതിയുടെ നൂലിഴകൾ പാകിയ ഹൃദയത്തിൽ ധൈര്യം ക്രമേണയായി സംഭരിക്കുവാൻ തുടങ്ങി.

തെണ്ടിത്തിന്നാൻ വയ്യാ. ഉള്ളവരുടെ നേർക്ക് കൈനീട്ടുമ്പോൾ അവർ ആട്ടുന്നു:

''പോടാ, പോ. തെണ്ടിത്തിന്നാൻ വന്നിരിക്കുന്നു. വല്ലകൂലിവേലയും ചെയ്ത് കഴിഞ്ഞുകൂടെടാ?''

ഇവരും മനുഷ്യരാണോ എന്ന് അവൻ ചിന്തിക്കാറുണ്ടായിരുന്നു. പക്ഷേ അത് ചോദിക്കാൻ അവന് ഭയമായിരുന്നു. ആദ്യമൊക്കെ ഒന്നും മിണ്ടാതെ തലകുനിച്ച് അപരാധിയെപ്പോലെ നടന്നുനീങ്ങി. പിന്നെ അല്പം മാറ്റമുണ്ടായി. ആട്ടുന്നവന്റെ നേരെ തുറിച്ചുനോക്കി പല്ലിറുമ്മിത്തുടങ്ങി.

[illegible]

ആയിടയ്ക്കാണ് ജോസഫ് കോൺഗ്രസ്സിൽ ചേരാനുള്ള പ്രേമം തെറ്റിലാക്കിയത്. ബ്രിട്ടീഷ് ഗവൺമെൻറ് കെട്ടുകെട്ടാൻ പോകുന്നു. അടുത്ത ഭരണകക്ഷി കോൺഗ്രസ്സായിരിക്കും. പൊതുജന സമ്മതം നേടാൻ ഇതിലുപരിയായി വേറെ എളുപ്പവഴിയില്ല. ജോസഫ് തികഞ്ഞ കോൺഗ്രസ്സ

[illegible]

''ശല്യം.''

പുറത്തിറങ്ങിയപ്പോഴേക്കും [illegible] എന്നോർത്ത് ഞാൻ വീട്ടിലേക്കു നടന്നു. വീട്ടിലേക്ക് കയറുമ്പോൾ [illegible] ശവം പൊതിഞ്ഞിരിക്കുന്ന. [illegible] ആ നിർജീവശരീരത്തെ [illegible] എനിക്ക് നേരിടാൻ കഴിഞ്ഞില്ല.

പരിഷ്കാരികളായ മനുഷ്യർ പസഫിക്കിൽ ചെന്നത് മദ്യം, സിഫിലിസ്, ട്രൗസേഴ്സ്, ബൈബിൾ എന്നീ ആയുധങ്ങളോടെയായിരുന്നു.

(ഹാവ്ലോക് എല്ലിസ്)

*     *     *

''ക്രമാപ്പിവിശ്വാസം ഏററവും കൂടുതൽ അലയടിക്കുന്ന സ്ഥലം ഭ്രാന്താലയമാണ്.''

(ഹാവ്ലോക് എല്ലിസ്)

*     *     *

''രണ്ടാം വിവാഹം അനുഭവത്തിൻെറമേൽ പ്രതീക്ഷയുടെ വിജയമാകുന്നു.''

(ഡോ. ജോൺസൺ)

''നരകത്തിലെത്തുന്നതിൻെറ പകുതി ബുദ്ധിമുട്ടുസഹിച്ചാൽ പലർക്കും സ്വർഗ്ഗത്തിലെത്താൻ കഴിയും.''

''സ്വന്തം തെററിൽ നിന്നല്ല, തെററിൽ നിന്നുണ്ടാകുന്ന ശല്യത്തിൽ നിന്നുരക്ഷപ്പെടാനാണ് മനുഷ്യർ ആഗ്രഹിക്കുന്നത്.''

(എമേഴ്സൺ.)

*     *     *

''അനുഭവിക്കുന്നവർക്ക് ജീവിതം ഒരു ദുരന്ത നാടകമാണ്; ചിന്തിക്കുന്നവർക്കാകട്ടെ ഒരു പ്രഹസനവും.''

(ലാ ബ്രൂയെർ)

ഗദ്യകവിത

# അനന്തസ്നേഹം

വി. ജെ. വിക്ടർ, B. Sc. M. S. W. (Previous)



ഞാൻ അനാഥനല്ലാതെ ഓടി. എവിടെയ്ക്കാണ്? അതെനിക്കറിയില്ലായിരുന്നു. സ്നേഹത്തിനുവേണ്ടി എന്റെ ആത്മാവ് ദാഹിച്ചു. എന്റെ വിശപ്പും ദാഹവും ശമിപ്പിക്കുന്നതിന് എനിക്കാരുമുണ്ടായിരുന്നില്ല.

ജീവിതത്തിലെ ഓരോ നിമിഷവും ഞാൻ മുന്നോട്ട് ഓടി. എനിക്കൊന്ന് ആവശ്യമായിരുന്നു — സ്നേഹം. എന്നാൽ എന്തോ ഒന്ന് എന്നെ പിൻതുടർന്നുകൊണ്ടിരുന്നു. അതും ഒരു സ്നേഹമായിരുന്നു. ആ ശബ്ദമായ് വിളിച്ചു പറഞ്ഞു:—

'ഇവനെ ആരും സ്നേഹിക്കരുത്'_എന്നെ സ്നേഹിക്കാത്ത ഇവനെ!'

എന്നിട്ടും ഞാൻ ഓടി_എന്നെ പിൻതുടർന്ന ആ അനന്തസ്നേഹത്തിൽനിന്ന് അകലുവാനായി. എനിക്കു വിശപ്പും ദാഹവും വർദ്ധിച്ചു. ഞാൻ ആശ്വാസവചനത്തിനായി പലരെയും സമീപിച്ചു.

സൂര്യചന്ദ്രന്മാരെയും താരങ്ങളെയും ഞാൻ ആശ്വാസത്തിനായി വിളിച്ചുകേണു.

അവരെയാരും മിണ്ടിയില്ല!

താരങ്ങൾ പരിഹാസപൂർവ്വം കണ്ണു ചിമ്മുകയാണ് ചെയ്തത്.

ഇതിനിടയ്ക്കൊക്കെ അത്ഭുതമെന്താണെന്ന് എനിക്കു മനസ്സിലായി. എന്നെ പിൻതുടർന്നുകൊണ്ടിരുന്ന ആ അനന്തസ്നേഹം അവിടെയുമെത്തി എന്ന് എനിക്കു ബോദ്ധ്യമായി. ഞാൻ എങ്ങും വലിഞ്ഞോടി.

ജീവിതത്തിന്റെ വസന്തത്തിൽ ഞാൻ ഭ്രമരത്തെപ്പോലെ പൂക്കളിൽ അണഞ്ഞു സ്നേഹത്തിനുവേണ്ടി. വളരെ ശ്രമത്തിനുശേഷം ഒരു പുഷ്പം എന്നെ സ്വീകരിച്ചു. എന്നാൽ ആ അനന്തസ്നേഹം ഒരു കാറ്റെന്നപോലെ വന്ന് ആ പുഷ്പത്തെ എന്നെന്നേക്കുമായി എന്നിൽ നിന്നെടുത്തുകൊണ്ടുപോയി. എന്റെ ആ സ്നേഹഗോപുരം തകർന്നു നിലംപററി.

ഞാൻ വീണ്ടും സ്നേഹത്തിനായി ഓടി.

അതാ ഒരുകൂട്ടം കന്യകകൾ! എന്നെ കണ്ടപ്പോൾ അവരുടെ കണ്ണുകൾ സ്നേഹത്താൽ വികസിച്ചു. എന്നാൽ അവരുടെ കാവൽമാലാഖമാർ അവരെ എന്നിൽനിന്നു പിടിച്ചകററി. അങ്ങനെ എനിക്കവരേയും ഉപേക്ഷിക്കേണ്ടിവന്നു.

എന്നെ പിൻതുടരുന്ന ഈ അനന്തസ്നേഹത്തിൽനിന്നു രക്ഷപെടാനുള്ള വഴിയെപ്പററി വീണ്ടും ഞാൻ ആലോചിച്ചു. അവസാനം പ്രകൃതിയുമായി ഒട്ടിച്ചേർന്ന് ജീവിക്കാൻ ഞാൻ തീരുമാനിച്ചു.

പ്രഭാതത്തിൽ വൃക്ഷങ്ങളുടെ ശാഖകളിലും ഉപശാഖകളിലും തത്തിക്കളിക്കുന്ന കിളികളെപ്പോലെ ഞാൻ സന്തോഷത്താൽ മതിമറന്നു. മദ്ധ്യാഹ്നമായപ്പോൾ ഞാൻ ഗൗരവചിത്തനാവുകയും സന്ധ്യാകാലത്തു ദുഃഖവിവശനാവുകയും ചെയ്തു. ദിവസമാകുന്ന പുത്രന്റെ മരണത്തിൽ കണ്ണുനീർ വീഴ്ത്തുന്ന പ്രപഞ്ചമാതാവിനോടൊപ്പം ഞാനും കണ്ണീർവീഴ്ത്തി. ദിവസത്തിന്റെ ശവമഞ്ചത്തിനു ചുററും താരങ്ങൾ ദീപം കൊളുത്തുന്നതു ഞാൻ കണ്ടു. ഇത്രയൊക്കെ നിസ്സഹായനായി ഞാൻ പ്രവർത്തിച്ചിട്ടും ആ പ്രകൃതിമാതാവ് എന്റെ ദാഹം ശമിപ്പിക്കുവാൻ ഒരിററുവെള്ളംപോലും നല്കിയില്ല. അവസാനം ക്രൂരതനിറഞ്ഞ ആ അമ്മയോട് ഞാൻ യാത്രപറഞ്ഞു.

ഞാൻ പിന്നിലേയ്ക്കുനോക്കി_അതാ ആ നിതാന്തസ്നേഹം എന്റെ അടുത്തെത്തിക്കഴിഞ്ഞു. കുതിച്ചോടുവാൻ ഞാൻ അശക്തനായിക്കഴിഞ്ഞിരുന്നു. എന്നിലുള്ള പല ശക്തികളും എന്നോട് യാത്രപറഞ്ഞു കഴിഞ്ഞിരുന്നു.

കഴിഞ്ഞ ജീവിതത്തെക്കുറിച്ച് ഞാനോർത്തു. എന്റെ ജീവിതം തകർന്ന ഒരു ജലധാരയന്ത്രംപോലെ ആയിത്തീർന്നിരിക്കുന്നു എന്നു ഞാൻ കണ്ടു. അതിൽനിന്നു പ്രവഹിക്കുന്നതു സുഗന്ധമുള്ള ജലമല്ല, ചുടുകണ്ണീർക്കണങ്ങളാണ് എന്നു ഞാൻ കണ്ടു. ജീവിതവസന്തത്തിൽ എന്റെ നല്ല കഴിവുകളെയെല്ലാം പാഴാക്കിയതായി ഞാൻ മനസ്സിലാക്കി. സാംസനെപ്പോലെ ശക്തനായിരുന്ന ഞാൻ എന്റെ ജീവിതത്തിലെ നിമിഷങ്ങളാകുന്ന തൂണുകളിളക്കി മരണത്തെ തലയിൽ വീഴ്ത്തിയതായി എനിക്കു തോന്നി.

ഇതിൽ നിന്നൊക്കെ ഒന്നു തീർച്ചയാക്കി— ആ നിതാന്തസ്നേഹത്തിനു കീഴടങ്ങാൻ. മുറിവേററ ഒരു പടയാളിയെപ്പോലെ ഞാൻ ജീവിതമാകുന്ന യുദ്ധഭൂമിയിൽ വീണു. അതാ ചുവന്ന വസ്ത്രങ്ങളണിഞ്ഞ് സ്നേഹത്താൽ വിരിച്ച കൈകളോടെ ആ അനന്തസ്നേഹം എന്നെ ആശ്വസിപ്പിക്കാനെത്തുകയാണ്!

# നമ്മുടെ വിദേശനയം

അസീസ് എല്.ർ III B.Sc.



ഇന്ത്യയുടെ വിദേശനയം ചേരിചേരാനയമായി അംഗീകരിച്ചുകൊണ്ട് ആ നയത്തിൻെറ ശില്പിയായ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അതിൻെറ ലക്ഷ്യങ്ങൾ ഇങ്ങനെ വിശദീകരിച്ചു: ലോകസമാധാനത്തിനുവേണ്ടി പരിശ്രമിക്കുക, എല്ലാ രാജ്യങ്ങളോടും, പ്രത്യേകിച്ച് ഏഷ്യയിലെ രാജ്യങ്ങളോട് സ്നേഹബന്ധം പുലർത്തുക, ഐക്യരാഷ്ട്രസഭയ്ക്ക് പൂർണ്ണപിന്തുണ നല്കുക, കൊളോണിയലിസത്തെ എതിർക്കുക, സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഏതൊരു ജനതയുടെയും പോരാട്ടത്തിന് പിന്തുണ നല്കുക, വർണ്ണവിവേചനത്തെ എതിർക്കുക ഇവയാണ് ആ നയത്തിൻെറ പൊരുൾ എന്ന് നെഹ്റു വ്യക്തമാക്കി. ഇന്നോളം ഇന്ത്യയുടെ വിദേശനയമായിരുന്നതും ഇപ്പോഴും ആയിരിക്കുന്നതും നെഹ്റു വിശദീകരിച്ച ആ ചേരിചേരാനയം തന്നെയാണ്.

എന്നാൽ ഈയിടെയായി ഇന്ത്യയുടെ വിദേശനയത്തെക്കുറിച്ച് ചില വിമർശനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ചേരിചേരാനയം ഒരു പരാജയമാണ് എന്നും അതുമൂലം ഇന്ത്യയ്ക്ക് സുഹൃത്തുക്കൾ നഷ്ടപ്പെട്ടു എന്നും ചില കേന്ദ്രങ്ങൾ വിമർശിക്കുന്നു. ഇന്ത്യയുടെ വിദേശനയം പുനഃപരിശോധിക്കണമെന്നും കുറെക്കൂടി മെച്ചപ്പെട്ട ഒരു നയം വേണമെന്നും വാദിക്കുന്നവരുണ്ട്. ഇന്നത്തെ വിദേശനയം അപ്പാടേ മാററണമെന്നും ഇന്ത്യ ഏതെങ്കിലും ചേരിയിൽ ചേരണമെന്നും വാദിക്കുന്നവരും ചുരുക്കമല്ല.

വാസ്തവത്തിൽ ചേരിചേരാനയം എന്നാലെന്താണെന്നും മററു രാജ്യങ്ങളോടുള്ള നമ്മുടെ സ്നേഹബന്ധം ഏതു വിധമാണെന്നും ഉള്ളതിനെപ്പററി പലരും വച്ചു പുലർത്തുന്ന തെററായ ധാരണയാണ് ഈ അഭിപ്രായപ്രകടനങ്ങൾക്കെല്ലാം കാരണം. 1962-ലെ ചൈനീസാക്രമണത്തിനുമുമ്പുവരെ ഇന്ത്യയുടെ വിദേശനയം പരക്കെ പ്രശംസിക്കപ്പെട്ടിരുന്നു; പരിപൂർണ്ണപിന്തുണ അതിനു ലഭിച്ചിരുന്നു. 1962-ൽ ഉണ്ടായ ചൈനീസാക്രമണത്തിനു ശേഷമാണല്ലോ നാം രാജ്യരക്ഷയെക്കുറിച്ച് കൂടുതലായി ചിന്തിച്ചു തുടങ്ങിയതു്. അതിനുമുമ്പ് നമ്മുടെ പ്രതിരോധനിര കൂടുതൽ ശക്തമാക്കേണ്ടതിൻെറ ആവശ്യത്തെക്കുറിച്ച് നാം ബോധവാന്മാരായിരുന്നില്ല. സൈനികോപകരണങ്ങളെ സംബന്ധിച്ചുള്ള സംസാരംപോലും നമ്മുടെ നയങ്ങൾക്ക് വിരുദ്ധമാണെന്ന് നാം കരുതിപ്പോന്നു. പഞ്ചശീലതത്വങ്ങളിൽ വിശ്വസിക്കുന്ന ഇന്ത്യയും ചൈനയും തമ്മിൽ ഒരു സായുധസംഘട്ടനത്തിന് സന്ദർഭമുണ്ടാകുമെന്ന് നമുക്ക് ഊഹിക്കാൻപോലും കഴിഞ്ഞിരുന്നില്ല. പക്ഷേ, ഓർക്കാപ്പുറത്തുണ്ടായ ആ ചൈനീസാക്രമണം നമ്മിൽ കനത്ത ഒരാഘാതമാണേല്പിച്ചതു്. രാജ്യരക്ഷ നമ്മുടെ വികസനപ്രവർത്തനങ്ങളെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് നാം മനസ്സിലാക്കി, പാശ്ചാത്യരാജ്യങ്ങളിൽനിന്നു കിട്ടാവുന്നത്ര ആയുധങ്ങൾ നാം വാങ്ങിശേഖരിച്ചു. പക്ഷേ, ആ സംഭവംമുതൽ ഇന്ത്യയുടെ വിദേശനയത്തെക്കുറിച്ചുള്ള വിമർശനങ്ങളും നാം കേട്ടുതുടങ്ങി. പാശ്ചാത്യശക്തികൾ സ്വന്തം കക്ഷിക്കാരുമായിപ്പോലും ഏർപ്പെടുത്താതിരുന്ന പല വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ട് നാം അവരിൽനിന്ന് ആയുധങ്ങൾ സ്വീകരിക്കുക വഴി നാം നമ്മുടെ ചേരിചേരാനയത്തിന് കളങ്കം വരുത്തിവച്ചതായി അതിൻെറ വിമർശകർ പ്രഖ്യാപിച്ചു.

ഇന്ത്യയുടെ വിദേശനയത്തെ സംബന്ധിച്ചിടത്തോളം എടുത്തു പറയാവുന്ന ചില പ്രത്യേകതകളുണ്ട്. ഐക്യരാഷ്ട്രസഭയ്ക്ക് പൂർണ്ണപിന്തുണ, സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനങ്ങൾക്കു സഹായം തുടങ്ങിയവയാണതു്. ഇന്ത്യ തുടർച്ചയായി ഐക്യരാഷ്ട്രസഭയ്ക്ക് പിന്തുണ നല്കിപ്പോന്നിട്ടുണ്ട്. കാശ്മീർപ്രശ്നത്തിന് ഐക്യരാഷ്ട്രസഭയിലൂടെ പരിഹാരം കണ്ടെത്തുന്നതിന് ഇന്ത്യ കഴിയുന്നത്ര പരിശ്രമിച്ചു. കൊറിയയിലും, ലവോസിലുമുണ്ടായതുപോലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിൽ ഇന്ത്യ സുപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ട്. സമാധാനപ്രവർത്തനങ്ങൾക്കായി ഐക്യരാഷ്ട്രസഭയ്ക്ക് ഇന്ത്യ സൈന്യങ്ങളെ അയച്ചുകൊടുത്തിട്ടുണ്ട്. കോങ്കോവിലെ പ്രവർത്തനങ്ങൾക്കു വേണ്ടിവരുന്ന ചെലവു സംബന്ധിച്ചുണ്ടായ

---

ആ സ്നേഹം എന്നോടു പറഞ്ഞു: മകനേ, നീ എന്നെ സ്നേഹിക്കാതെ എൻെറ സൃഷ്ടികളിൽ നിന്നു നിനക്കു സ്നേഹം ലഭിക്കുകയില്ല.

ഞാൻ എന്നെ മുഴുവനും ആ സ്നേഹത്തിനർപ്പിച്ചു. എൻെറ എല്ലാ തെററുകളും പൊറുത്ത് ആ നിതാന്തസ്നേഹം എനിയ്ക്കാശ്വാസം നൽകി.

ഞാൻ അപ്പോൾ ഇങ്ങനെ പറഞ്ഞുപോയി:-

നിതാന്തസ്നേഹമേ, നിന്നെ സ്നേഹിക്കുവാൻ ഞാൻ എത്ര താമസിച്ചുപോയി!

തർക്കം പരിഹരിക്കുന്നതിൽ ഇന്ത്യ സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുണ്ട്. തർക്കങ്ങൾ പരിഹരിക്കുന്നതിന് ബലപ്രയോഗം ഒരു മാർഗ്ഗമല്ലെന്നും ഐക്യരാഷ്ട്രസംഘടനയിലൂടെ സമാധാനപരമായ ഒത്തുതീർപ്പിന് പരിശ്രമിക്കുകയാണ് ഉത്തമമായ മാർഗ്ഗമെന്നുമുള്ള ഒരു നിലപാടാണ് ഇന്ത്യ എന്നും സ്വീകരിച്ചിട്ടുള്ളത്. അതുതന്നെയാണ് ഇന്ത്യയുടെ അന്തസ്സിനും മാന്യതയ്ക്കും കാരണവും.

ഇന്തോനേഷ്യയുടെ ഇന്നത്തെ നിലപാട് നമുക്കനുകൂലമല്ലെങ്കിലും, ഡച്ചുകാർക്കെതിരായി അവർ നടത്തിയ സ്വാതന്ത്ര്യസമരത്തിൽ ഇന്ത്യ അവർക്ക് പിന്തുണ നല്കിയിരുന്നെന്നുള്ളത് പ്രസ്താവ്യമാണ്. അതുപോലെതന്നെ ഫ്രഞ്ചുകാർക്കെതിരായി അൾജീരിയ നടത്തിയ സ്വാതന്ത്ര്യസമരത്തെയും ഇന്ത്യ പിൻതാങ്ങുകയുണ്ടായി. സൂയസ് കനാലിൽ തങ്ങൾക്കുള്ള അവകാശങ്ങൾ സംരക്ഷിക്കാനായി ഇംഗ്ലണ്ട്, ഫ്രാൻസും ഇസ്രയേലുമായി യോജിച്ചുകൊണ്ട് ഈജിപ്തിനെ ആക്രമിച്ചപ്പോൾ അതിനെതിരായി ആദ്യം ശബ്ദമുയർത്തിയത് ഇന്ത്യയായിരുന്നു. എവിടെയെല്ലാം കൊളോണിയലിസത്തിനെതിരായ സമരങ്ങൾ നടന്നിട്ടുണ്ടോ അവിടെയെല്ലാം ഇന്ത്യയുടെ പിന്തുണയും എത്തിയിട്ടുണ്ട്.

ലോകത്തിലെ മറ്റുപല രാജ്യങ്ങളുടെയും വിദേശനയമെന്നപോലെ ഇന്ത്യയുടെ വിദേശനയവും സുഹൃത് രാജ്യങ്ങളുമായുള്ള ബന്ധത്തിന് കോട്ടംതട്ടാതെ നോക്കുന്നതിനും കൂടുതൽ സുഹൃത്തുക്കളെ സമ്പാദിക്കുന്നതിനും ശത്രുക്കളുടെ സ്വാധീനശക്തി കുറയ്ക്കുന്നതിനും ദേശീയമായ അഖണ്ഡതയെ കാത്തുസൂക്ഷിക്കുന്നതിനും ലോകസമാധാനത്തിനു വഴിതെളിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അതൊരു ചേരിചേരാനയമാണ്.

എന്താണ് ചേരിചേരാനയം എന്നതുകൊണ്ട് നാം വാസ്തവത്തിൽ അർത്ഥമാക്കുന്നത്? ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ എന്തുതന്നെ സംഭവിച്ചുകൊള്ളട്ടെ, ഇന്ത്യയെ ബാധിക്കുന്ന പ്രശ്നങ്ങളിൽ മാത്രമേ നമുക്കു താൽപര്യമുള്ളൂ എന്നുള്ളൊരു നിലപാടാണോ അത്? വിയറ്റ്നാം പ്രശ്നത്തിൽ ഇന്ത്യ സ്വീകരിച്ച നിലപാടും പശ്ചിമേഷ്യൻ പ്രശ്നത്തിൽ നാം കൈക്കൊണ്ട നടപടിയും അതല്ലല്ലോ സൂചിപ്പിക്കുന്നത്. അപ്പോൾ പലരും വിചാരിക്കുന്നതുപോലെ, ചേരിചേരാനയം ലോകരാഷ്ട്രങ്ങളിൽനിന്ന് ഒറ്റപ്പെട്ടുനില്ക്കാനുള്ള നയമല്ല. ഇന്നത്തെ ചുറ്റുപാടിൽ ഒരു രാഷ്ട്രത്തിനും ഒറ്റപ്പെട്ടു നില്ക്കുക സാദ്ധ്യവുമല്ല. നമ്മുടെ ചേരിചേരാനയം അന്താരാഷ്ട്രകാര്യങ്ങളിൽ സജീവമായി പങ്കെടുക്കാനുദ്ദേശിച്ചുകൊണ്ടുള്ളതും യാഥാർത്ഥ്യബോധത്തോടുകൂടിയതുമായ ഒന്നാണ്. അത് സ്നിഗ്ദ്ധമാണ്; രചനാത്മകവുമാണ്. അനുഭവംകൊണ്ട്, ഇന്ത്യയ്ക്കെന്നല്ല ലോകത്തിനുതന്നെയും, ആ നയം ഗുണകരമാണെന്ന് തെളിഞ്ഞിട്ടുമുണ്ട്.

രണ്ടു ലോകമഹായുദ്ധങ്ങൾക്കുശേഷവും ലോകസമാധാനം എന്ന ആശയം അപ്രാപ്യമായിത്തന്നെ നിലകൊള്ളുന്നു. നാറ്റോ, സെന്റോ, സിയാറ്റോ—സഖ്യങ്ങൾ വഴിയായി അമേരിക്കയും വാഴ്സാസന്ധിമൂലം റഷ്യയും ശക്തമായ സൈനികസഖ്യങ്ങൾ രൂപവൽക്കരിച്ചിട്ടുണ്ട്. അങ്ങനെ ഒന്ന് മറ്റൊന്നിനെ നശിപ്പിക്കുവാൻ തക്ക കെല്പുള്ള രാജ്യമായി നിലകൊള്ളുന്ന ഈ ലോകത്ത് സമാധാനത്തിന്റേതായ ഒരന്തരീക്ഷം ചേരിചേരാ രാജ്യങ്ങളുടെ ആവിർഭാവം മൂലം ഏറെക്കുറെ സംജാതമായിട്ടുണ്ട്.

ചേരിചേരാനയം മൂലം ഇന്ത്യയ്ക്ക് സുഹൃത്തുക്കളില്ലാതായിത്തീർന്നു എന്നുള്ളതാണ് ഒരു പരാതി. ഇത് ശരിയാണെന്നു വിശ്വസിക്കുവാൻ പറ്റിയ ഏതെങ്കിലും ഒരു സംഭവം ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുണ്ടോ? സ്വാതന്ത്ര്യലബ്ധിക്കുശേഷം ആദ്യമൊക്കെ പാശ്ചാത്യച്ചേരിയിൽനിന്നും പിന്നീട് പൗരസ്ത്യച്ചേരിയിൽനിന്നും ഇന്ത്യയ്ക്ക് സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ചേരിചേരാനയം ഇക്കാര്യത്തിൽ ഒരു വിലങ്ങുതടിയായി നിന്നിട്ടില്ല. ഇന്ത്യയുടെ വടക്കു-കിഴക്കൻ അതിർത്തിയിൽ ചൈനീസാക്രമണമുണ്ടായപ്പോൾ പാശ്ചാത്യരിൽനിന്നു നമുക്കു കിട്ടിയ സഹായം വലുതായിരുന്നു. ചൈനയുടെ ബന്ധുക്കളായിരുന്ന റഷ്യയും അതുപോലുള്ള മറ്റു കമ്മ്യൂണിസ്റ്റു രാജ്യങ്ങളും നമുക്കെതിരായി ചൈനയെ സഹായിക്കുകയുണ്ടായില്ല. പാശ്ചാത്യരാജ്യങ്ങളോടുള്ളതിനെക്കാൾ വളരെക്കുറച്ചു ബന്ധമേ റഷ്യയോടും മറ്റു പൂർവ്വയൂറോപ്യൻരാജ്യങ്ങളോടും നമുക്കുള്ളൂ. എന്നിട്ടും കാശ്മീരിനെ സംബന്ധിച്ച പ്രശ്നങ്ങളിൽ നമുക്കനുകൂലമായ നിലപാടാണ് അവർ ഇതേവരെ കൈക്കൊണ്ടിട്ടുള്ളത്.

1952-ൽ ഇന്ത്യയും ഊനുവിന്റെ ബർമ്മയും മാത്രം ചേരിചേരാരാജ്യങ്ങളുടെ ഗണത്തിൽപ്പെട്ടിരുന്ന സ്ഥാനത്ത്, ഇന്ന് ഇതിൽപ്പെട്ട രാഷ്ട്രങ്ങളുടെ സംഖ്യ വിപുലമാണ്. പുതുതായി സ്വാതന്ത്ര്യം നേടിവരുന്ന മിക്ക രാജ്യങ്ങളും ചേരിചേരാനയം തങ്ങളുടെ രാജ്യത്തിന്റെ നയമായി അംഗീകരിക്കുന്നു. അവരാരുംതന്നെ നമുക്കെതിരായി നമ്മുടെ ശത്രുക്കളെ സഹായിക്കുന്നില്ല.

ഇന്ത്യയ്ക്കു സുഹൃത്തുക്കളില്ലാതാക്കിയ നിഷേധാത്മകമായ ഒരു നയമായി നമ്മുടെ ചേരിചേരാനയത്തെ കണക്കാക്കുന്നവർ ഒരു കാര്യം മനസ്സിലാക്കിയാൽ നന്ന്: ചേരിചേരാനയം യാതൊരു തരത്തിലും ഒരു സൈനികസഖ്യമല്ല, യാതൊരു തരത്തിലുള്ള സൈനികസഖ്യത്തെയും അത് അംഗീകരിക്കുന്നുമില്ല. അങ്ങനെയുള്ള ചേരിചേരാനയത്തിൽ വിശ്വസിക്കുന്ന ഒരു രാജ്യം സൈനികമായ സംഘട്ടനത്തിലകപ്പെടേണ്ട ഘട്ടം വരുമ്പോൾ ആ രാജ്യത്തിനുവേണ്ടി കരുതപ്പെടുന്ന സുഹൃത്‌രാജ്യങ്ങൾ സഹായത്തിനെത്തുമെന്ന് ആശിച്ചിട്ടുകാര്യമില്ല. ലോകസമാധാനത്തിനുവേണ്ടിയും ചേരിചേരാനയത്തിനുവേണ്ടിയും ആത്മാർത്ഥമായി പരിശ്രമിക്കുന്ന ഇന്ത്യയെപ്പോലുള്ള ഒരു രാജ്യം അങ്ങനെ ആശിക്കാനും പാടുള്ളതല്ല. ഒരു ചേരിക്കാരൻമാത്രം പ്രതീക്ഷിക്കേണ്ട ഒന്നാണ് അത്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ചേരിചേരാനയത്തിന്റെ സ്ഥാനത്ത് മറ്റൊരു നയമാണ് ഇന്ത്യ സ്വീകരിച്ചതെന്നിരിക്കട്ടെ. പാകിസ്ഥാനെപ്പോലെതന്നെ ഇന്ത്യയും അമേരിക്കൻചേരി

യിൽ ചേരാമായിരുന്നു. എന്നാൽ അങ്ങനെ ചേരിചേരുന്നതിന്റെ ഒന്നാമത്തെ ഫലം ആഫ്രോ–ഏഷ്യൻ രാജ്യങ്ങളിൽനിന്ന് ഒറ്റപ്പെടലാകുമായിരുന്നു. രണ്ടാമത്തെ ഫലം പാശ്ചാത്യശക്തികളെ പൂർണ്ണമായി ആശ്രയിക്കലാകുമായിരുന്നു. നമ്മുടെ മഹത്തായ ആദർശങ്ങളെ എന്നന്നേയ്ക്കുമായി ഉപേക്ഷിക്കലാകുമായിരുന്നു. സ്വാവലംബബോധം നമ്മിൽനിന്നകന്നുപോകുമായിരുന്നു. കമ്മ്യൂണിസ്റ്റ് ലോകത്തിന്റെ വലിയ ശത്രുതയ്ക്ക് നമ്മെ തുറന്നു വെയ്ക്കലാകുമായിരുന്നു. അവസാനമായി അത് പാക്–ചീനാ കൂട്ടുകെട്ടിനെ ശക്തിപ്പെടുത്താനും കളമൊരുക്കമായിരുന്നു.

ഇന്ത്യ പാശ്ചാത്യരുമായി കൂട്ടുകെട്ടിലേർപ്പെടണമെന്നുവാദിക്കുന്നവർ അവരുടെ വാദവുമായി മുമ്പോട്ട് പോകുന്നതിനുമുമ്പ് അല്പം ചിന്തിക്കേണ്ടതുണ്ട്. കാശ്മീർകാര്യത്തിൽ പാശ്ചാത്യരുടെ നിലപാട് എങ്ങനെയുള്ളതായിരുന്നു? അതു നമുക്കനുകൂലമായിരുന്നോ? ചീനയുമായി പാകിസ്ഥാൻ കൂട്ടുകെട്ടിലേർപ്പെട്ടിട്ടും പാശ്ചാത്യരുമായുള്ള അവരുടെ ബന്ധത്തിന് ഉലച്ചിൽ തട്ടിയില്ല. കമ്മ്യൂണിസത്തിന്റെ വ്യാപ്തിയെ തടയുന്നതിനായി സെൻറോ, സിയാറ്റോ–സഖ്യങ്ങൾവഴി പാകിസ്ഥാനു ലഭിച്ച ആയുധങ്ങൾ അവർ നമുക്കെതിരായി പ്രയോഗിച്ചു; കൂടെ ചൈനീസ് സാമഗ്രികളും. ഇന്നും അവ പ്രയോഗിക്കുവാൻ സന്ദർഭം പാർത്തുകൊണ്ടിരിക്കുന്നു. എന്നിട്ടും യുദ്ധോപകരണങ്ങളെ സംബന്ധിച്ച യാതൊരു നിരോധവും പാശ്ചാത്യശക്തികൾ അവരുടെ ചേരിക്കാരന്റെ മേൽ ചുമത്തിയിട്ടില്ല!

ചേരിചേരാനയം പരാജയപ്പെട്ട ഒരു നയമാണെന്ന് പരിഹസിക്കുന്നവർ ഒരു വസ്തുത കണ്ണുതുറന്ന് കാണേണ്ടതുണ്ട്. സെൻറോ, സിയാറ്റോ–സഖ്യങ്ങളും അതുമൂലം അവർക്ക് ലഭിച്ച ആയുധങ്ങളും ഉണ്ടായിരുന്നിട്ടും പാകിസ്ഥാന് സ്വന്തം ലക്ഷ്യത്തിലെത്താൻ കഴിഞ്ഞില്ല നിർണ്ണായകമായ യാതൊരു സൈനികവിജയവും അവർക്കുണ്ടായില്ല. പാശ്ചാത്യരിൽനിന്ന് പാകിസ്ഥാനു ലഭിച്ച കനത്ത സഹായങ്ങൾ അവരിൽ ഒരു പരാശ്രയബോധമാണുണ്ടാക്കിയത്. ചേരിചേർന്നുകൊണ്ട് ഇന്ത്യയും ഇതുപോലുള്ള സഹായങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ നമ്മുടെ സ്ഥിതി അവരുടേതിൽനിന്ന് മെച്ചമാകുമായിരുന്നോ? അമേരിക്കയുടെ പിന്തുണയും സഹായവും എല്ലാം ഉണ്ടായിട്ടും പല രാജ്യങ്ങൾക്കും അവരകപ്പെട്ടിരിക്കുന്ന യാതനയുടെ കുണ്ടിൽനിന്നും കരകയറാൻ കഴിഞ്ഞിട്ടില്ലല്ലോ.

റഷ്യൻ ചേരിയിലാണ് ഇന്ത്യ ചേർന്നിരുന്നതെന്നുവെയ്ക്കുക. അതിന്റെ ഫലം കൂടുതൽ വിനാശകരമാകുമായിരുന്നു. പാശ്ചാത്യരിൽനിന്ന് നമുക്കുകിട്ടാവുന്ന എല്ലാ സഹായവും നഷ്ടപ്പെടുമെന്ന്. സോവിയറ്റ്യൂണിയനാകട്ടെ ചൈനയെ സാമ്പത്തികമായും സൈനികമായും പടുത്തുയർത്തുന്നതിൽ ബദ്ധശ്രദ്ധമായിരുന്നുതാനും. നാം ജീവിതമൂല്യമായി കരുതിവരുന്ന ആദർശങ്ങൾ നഷ്ടപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല. വ്യക്തിയുടെ മൗലികാവകാശങ്ങളിൽ ഇന്നും ഇന്ത്യ വിശ്വസിക്കുന്നു. കമ്മ്യൂണിസ്റ്റുകാർക്ക് ഇതിലൊന്നിലും വിശ്വാസമില്ല. ഇന്നും സഹവർത്തിത്വസിദ്ധാന്തത്തിൽ ചൈന വിശ്വസിക്കുന്നില്ല. കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്ക് ഒരു ലോകയുദ്ധം ആവശ്യമാണെന്ന് ചീന കരുതുന്നു. റഷ്യയും ചൈനയും തമ്മിൽ കൂട്ടുപിരിഞ്ഞപ്പോൾ നാം ആരെ സ്വീകരിക്കും എന്നതു് ഒരു പ്രശ്നമാകുമായിരുന്നു.

ഇങ്ങനെ ഏതു കോണിൽക്കൂടി നോക്കിയാലും ചേരിചേരാനയംപോലെ വേറൊരു നയവും ഇന്ത്യയുടെ സ്ഥിതിയ്ക്ക് പറ്റിയതല്ലെന്നുകാണാം. ചേരിചേരാനയം ഇന്ത്യയ്ക്ക് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയല്ല, അകപ്പെട്ടുപോകുമായിരുന്ന പല ഊരാക്കുടുക്കുകളിൽനിന്നും ഇന്ത്യയെ രക്ഷപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ നയം എല്ലാംകൊണ്ടും പൂർണ്ണമാണെന്നും വാദിക്കുന്നില്ല. ഏതൊരു നയമെടുത്താലും അതിനു ചില പരിമിതികളുണ്ടായിരിക്കും. മനുഷ്യൻതന്നെ അപൂർണ്ണനാണല്ലോ. ആ പരിമിതികൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടുതന്നെ മഹത്തായ പലതും നേടാൻ കഴിയും എന്നതാണ് ചേരിചേരാനയത്തിന്റെ മേന്മ.

''പ്രലോഭനത്തിന്റെയും ഭാഗ്യത്തിന്റെയും പരമാവധികളെത്തമ്മിൽ യോജിപ്പിക്കുന്നതുകൊണ്ടാണ് വിവാഹം സർവ്വസാധാരണമായിരിക്കുന്നത്.''

—ബർണാഡ്ഷാ.

''സത്യം പറയുക എന്നുള്ളതാണ് എന്റെ ഫലിതപ്രയോഗരീതി. ലോകത്തിലെ ഏററവും വലിയ ഫലിതം ഇതാണുതാനും.''

—ബർണാഡ്ഷാ.

''രാജ്യസ്നേഹമെന്നതു് തന്റെ രാജ്യം മറെറല്ലാരാജ്യങ്ങളെക്കാളും ശ്രേഷ്ഠമാണ് എന്ന വിശ്വാസമാണ്. നിങ്ങൾ അവിടെ ജനിച്ചു എന്നതുമാത്രമാണ് ആ വിശ്വാസത്തിനു കാരണം.''

— ബർണാഡ്ഷാ

''ശാസ്ത്രം എപ്പോഴും അബദ്ധമാണ്; പത്തു പുത്തൻ പ്രശ്നങ്ങളുണ്ടാക്കാതെ അതു് ഒരു പ്രശ്നം പരിഹരിക്കുന്നില്ല''

— ബർണാഡ്ഷാ






മറക്കണമെന്നാഗ്രഹിക്കുന്നവയെല്ലാം ഓർമ്മയിൽ ഓടിഎത്തുകയാണ്. കടന്നുപോയ നാളുകൾ സുഖങ്ങളുടേതായിരുന്നു; ഒരിക്കലും അവസാനിക്കുകയില്ലെന്നു കരുതിയ സുഖങ്ങളുടെ. പക്ഷേ ഇന്ന് അവശനാണ്. ജീവിതത്തിൽ ഏററവും ഭയപ്പെട്ടിരുന്നതു് തന്നെ കരുക്കിൽ പെടുത്തിയിരിക്കുന്നു. ഒരിക്കലുമൊരിക്കലും അഴിച്ചെറിയാൻ കഴിയാത്തവണ്ണം ആ കുരുക്ക് മുറുകുകയാണ്; ക്നാവള്ളിയെപ്പോലെ.

'ണിം... ണിം...' ടവ്വർ ക്ലോക്ക് ശബ്ദിച്ചു. മണി രണ്ടായി. അന്നൊരിക്കൽ ഇവിടെ എത്തിയതും രണ്ടുമണിക്കാണ്. കൂടെ ശ്രീനിവാസനുമുണ്ടായിരുന്നു. ഇന്നാരുമില്ല. ആരുമില്ലേ? ഉണ്ട്. ജീവിതത്തെ മുഴുവൻ കുരുക്കിൽ അകപ്പെടുത്തിയ ക്നാവള്ളിയുണ്ട്- ശാശ്വതനായ കൂട്ടുകാരൻ. ചുമ- വാരിയെല്ലുകൾ വലിഞ്ഞു പൊട്ടത്തക്കവണ്ണമുള്ള ചുമ; രക്തമയമുള്ള കഫംതുപ്പിക്കുന്ന ചുമ. ഇനിയും അധികനാൾ ചുമയ്ക്കേണ്ടിവരില്ലെന്നറിയാം. പക്ഷേ ചെറുപ്പക്കാരിയായ നെഴ്സ് ഇന്നലെയും പറഞ്ഞു, അസുഖത്തിനു് കുറവുണ്ടെന്നു്. പാവം. സിസ്റ്റർ, നിങ്ങൾക്കു പിശകുപററി. ഞാൻ എല്ലാം മനസ്സിലാക്കുന്നു. എല്ലാമെല്ലാം.

ചെറുപ്പത്തിൽ എല്ലാം തമാശയായിരുന്നു. മെലിഞ്ഞവനായ മോഹനനെ ക്ഷയരോഗിയെന്നു വിളിച്ചു ശുണ്ഠിപിടിപ്പിക്കുന്നതും തമാശയായിരുന്നു. പക്ഷേ മോഹനൻ, നിൻെറ കൂട്ടുകാരൻ ഇന്നു് ക്ഷയരോഗാസ്പത്രിയിലെ കട്ടിലിൽ കിടന്നു്, വാരിയെല്ലുകൾ വലിഞ്ഞു മുറുകിപൊട്ടത്തക്കവണ്ണം ചുമച്ചു രക്തം കലർന്ന കഫം തുപ്പുകയാണ്. നീ ഇതു് അറിയുന്നില്ലായിരിക്കും. നീ എവിടെയാണെന്നു് എനിക്കും നിശ്ചയമില്ല.

കടന്നുപോയ ഇന്നലെകളെക്കുറിച്ചുള്ള വേദനിപ്പിക്കുന്ന ഒരുപിടി ഓർമ്മകൾ മാത്രമേ ഇന്നവശേഷിക്കുന്നുള്ളു. ഇന്നലെയും ഉഷയെ കണ്ടു; കൂടെ ഡോക്ടർ ചന്ദ്രശേഖരനുമുണ്ടായിരുന്നു. കറുത്തു നീണ്ട കണ്ണുകളും നീണ്ടു ചുരുണ്ട തലമുടിയും ചുവന്നു തുടുത്ത കവിളുകളുമുള്ളവളേ, ഇന്നു് നീ എന്നെ ഓർക്കുന്നില്ലായിരിക്കാം. പക്ഷേ ആത്മാവിൻെറ അൾത്താരയിൽ സ്നേഹദീപം കൊളുത്തിയ സുന്ദരീ, നിന്നെക്കുറിച്ചെനിയ്ക്കു് ഇന്നും ഓർമ്മയുണ്ടു്. നീ ഉയർത്തിയ ഗാനധാര ഞാനറിയാതെ എന്നെ വലയംചെയ്തു. കോളേജിൽ പഠിച്ചിരുന്നപ്പോൾ നിറഞ്ഞ സദസ്സിനെ നിശ്ശബ്ദമാക്കി ആവേശപൂർവ്വം പ്രസംഗിക്കാൻ എനിക്കു കഴിഞ്ഞെങ്കിൽ, അധികാരിവർഗ്ഗത്തിനെതിരെ അലയടിച്ചുയർന്ന അമർഷത്തെ സമരമാർഗ്ഗത്തിലേയ്ക്കു് തിരിച്ചുവിടുവാൻ എന്നിലെ നേതാവിനു കഴിഞ്ഞെങ്കിൽ പ്രിയപ്പെട്ടവളേ, നീയായിരുന്നു എൻെറ പ്രചോദനകേന്ദ്രം. നിനക്കതറിയാമായിരുന്നു. ഇന്നു് എന്നിൽനിന്നു നീ അകലെയാണു്— അടുക്കാൻ കഴിയാത്തവിധം അകലെ. വേദനയില്ല. നീ സുഖമായി കഴിയുന്നെന്നറിയുമ്പോൾ സംതൃപ്തിയുണ്ടു്.

# ദാർശനികപ്രതിഭ

വി. കെ. ഗോപിനാഥൻ (II P. D. C.)



''കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വിടവു നികത്തുവാൻ ഡോ. രാധാകൃഷ്ണനെപ്പോലെ ഇന്നു ജീവിച്ചിരിക്കുന്ന മറ്റാരും പ്രവർത്തിച്ചിട്ടില്ല'' എന്ന് ലയണൽ കർട്ടിസ് ഒരിടത്തെഴുതിയിരിക്കുന്നു. പ്രസിദ്ധ ദാർശനികനായ ബർട്രാണ്ട് റസ്സൽ പറയുന്നത്, രാധാകൃഷ്ണൻ ഒരാൾ മതി ഇൻഡ്യയുടെ മഹത്വത്തെ ഉയർത്തിപ്പിടിക്കുവാനെന്നാണ്. രാധാകൃഷ്ണന്റെ തത്വജ്ഞാനത്തിനുമുമ്പിൽ ആദ്ധ്യാത്മികരാജ്യവും തലകുനിക്കുകയാണ്. 1962-ൽ രാധാകൃഷ്ണൻ ഇൻഡ്യയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ റസ്സൽ പറഞ്ഞു, അത് ഇൻഡ്യയ്ക്കുള്ള ബഹുമതിയാണെന്ന്.

ഡോ. രാധാകൃഷ്ണന്റെ ചെറുപ്പകാലം വളരെ ക്ലേശമയമായിരുന്നു. ഗ്രന്ഥങ്ങളും അവയുണർത്തുന്ന സ്വപ്നങ്ങളും തുറന്നുകാട്ടുന്ന ലോകമായിരുന്നു അന്നദ്ദേഹത്തിന്റെ വിഹാരരംഗം. 1888 സെപ്തംബർ 5-ാം തിയതി ആന്ധ്രയിലെ ഒരു പാവപ്പെട്ട കുടുംബത്തിൽ അദ്ദേഹം ജനിച്ചു. ചെറുപ്പം മുതലേ എളിമയോടുകൂടിയ ജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. സഹപാഠികളുമായി വളരെയൊന്നും കൂട്ടുകെട്ട് അദ്ദേഹത്തിനുണ്ടായിരുന്നില്ല. മിക്കവാറും ഒറ്റപ്പെട്ടിരുന്നു ചിന്തിക്കുക അദ്ദേഹത്തിന്റെ ഒരു വിനോദമായിരുന്നു. ഈ പ്രത്യേകതകൊണ്ട് അദ്ദേഹത്തിലെ ദാർശനികത്വം വളരെയധികം പുഷ്ടിപ്രാപിച്ചു. ലൂതറൻ മിഷൻ സ്കൂളിലാണ് ഡോ. രാധാകൃഷ്ണൻ സെക്കണ്ടറി വിദ്യാഭ്യാസം നടത്തിയത്. എഫ്. ഏ. യും ബി. ഏ. യും ഉയർന്ന നിലയിൽത്തന്നെ അദ്ദേഹം പാസ്സായി. മദ്രാസ് ക്രിസ്ത്യൻ കോളേജിലാണ് അദ്ദേഹം എം. ഏ. ക്കു പഠിച്ചിരുന്നത്. വേദാന്തമായിരുന്നു പ്രധാന വിഷയം. ''വേദാന്തത്തിന്റെ ധർമ്മശാസ്ത്രം'' (Ethics of Vedanta) എന്നതീസിസ് അദ്ദേഹം എഴുതി. ഏററവും മഹത്തായ നിലയിൽ എം. ഏ. പാസ്സായി.

തുടർന്ന് അദ്ദേഹം വിവാഹിതനായി. ഭാര്യ ഗുണവതിയും സുശീലയുമായ ഒരു സ്ത്രീയായിരുന്നു. അധികം അറിയപ്പെടാതിരുന്ന തന്റെ ഭാര്യയുടെ 1956-ൽ ഉണ്ടായ മരണം അദ്ദേഹത്തെ വ്യസനിപ്പിച്ചു. ഇന്ന് അദ്ദേഹത്തിന് അഞ്ചുപുത്രിമാരും ഒരു പുത്രനുമുണ്ട്. ചരിത്രരേഖാവിഭാഗത്തിന്റെ ഡയറക്ടർ ഡോ. ഗോപാൽ ആണ് ആ അരുമ ആൺസന്താനം.

പിന്നീട് പല വിദ്യാഭ്യാസസ്ഥാപനങ്ങളെയും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. കുറച്ചുകാലം മദ്രാസ് ക്രിസ്ത്യൻ കോളേജിൽത്തന്നെ അസിസ്റ്റന്റ് ലക്ചറർ ആയി ജോലിനോക്കി. 1918 മുതൽ 1922 വരെ മൈസൂർ സർവ്വകലാശാലയിൽ തത്വശാസ്ത്രപ്രഫസറായിരുന്നു. ആയിടയ്ക്കാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കിത്തീർത്ത, ''സമകാലികതത്വശാസ്ത്രത്തിൽ മതത്തിന്റെ വാഴ്ച'' എന്ന പുസ്തകമെഴുതിയത്. പിന്നീട് അദ്ദേഹം ഓക്സ്ഫോർഡ് യൂണിവേഴ്സിററിയിലെ മത പ്രഫസറായി നിയമിക്കപ്പെട്ടു. അതിനുശേഷമാണ് 1931-ൽ, ഡോ. രാധാകൃഷ്ണൻ ആന്ധ്രാ

---

പക്ഷേ നീ എന്റെ ആത്മാവിൽ ഏല്പിച്ച പോറൽ ആഴമേറിയതായിരുന്നു— ഒരിക്കലുമുണങ്ങാത്ത പോറൽ.

സ്വന്തമെന്നു കരുതി കാത്തു സൂക്ഷിച്ചത് കൈവിട്ടുപോയപ്പോൾ വേദനതോന്നി— അടക്കാൻ കഴിയാത്ത വേദന. ജീവിതം അലക്ഷ്യമായി. ശീലമില്ലാത്തതു പലതും ശീലിക്കാൻ ശ്രമിച്ചു. വേദന അകററാൻ മദ്യത്തിനു കഴിയുമെന്നു കരുതി.

കുടിച്ചു; ആവോളം കുടിച്ചു. സുഖിച്ചു; ആവോളം സുഖിച്ചു. പകൽ മുഴുവൻ പട്ടണത്തിലെ മദ്യഷാപ്പുകളിലും രാത്രി മുഴുവൻ വേശ്യാലയങ്ങളുടെ തിണ്ണകളിലും അലഞ്ഞുനടന്നു. ജീവിതത്തിൽ സ്വന്തമെന്ന് അവകാശപ്പെടാൻ അവശേഷിച്ച വീടും പുരയിടവും കറൻസിനോട്ടുകളാക്കി മാററി. നഷ്ടപ്പെട്ട സൗഭാഗ്യങ്ങൾ വിലയ്ക്കുവാങ്ങാൻ ശ്രമിച്ചു. പക്ഷേ എത്തിയതിവിടെയാണ്.

കൂടെപ്പഠിച്ച ഒരു സുഹൃത്തിന്റെ ശുപാർശയാൽ ലഭിച്ചതാണ് ഇവിടം— ക്ഷയരോഗാസ്പത്രിയിലെ ഈ കട്ടിൽ.

ചുററും രോഗികളാണ്; ശ്വാസം മുട്ടിക്കുന്ന ചുമയുള്ള രോഗികൾ— വെറും മനുഷ്യക്കോലങ്ങൾ. ജീവിതം ചവച്ചുതുപ്പിയ എല്ലിൻകഷണങ്ങൾ.

നെടുവീർപ്പുകൾ ഉണർത്താൻമാത്രം കഴിയുന്നു. ഓർക്കേണ്ടെന്നാഗ്രഹിക്കുമ്പോൾ സ്മരണകൾ ഉണരുകയാണ്. കരയരുതെന്നാഗ്രഹിക്കുമ്പോൾ കണ്ണുകൾ ഈറനാവുകയാണ്.

ജീവിതത്തിന്റെ സുഖത്തെക്കുറിച്ചു പാടിയ ഓമർഖയ്യാം, നിങ്ങൾ സ്വപ്നലോകത്തിലാണോ ജീവിച്ചിരുന്നത്? നിങ്ങളുടെ അരുമശിഷ്യനിതാ അകലെയല്ലാത്ത മരണത്തെ മാടിവിളിക്കാൻ വെമ്പുന്നു. അല്ലയോ മരണമേ, നീ വരാറായില്ലേ? വാരിപ്പുണരാറായില്ലേ?

ഓണററി ചാൻസലർ ആയി ചാർജെടുത്തു. അങ്ങനെ ആ പദവി ഉയർന്നതായി. 1948-ൽ അദ്ദേഹത്തെ ഇന്ത്യൻ സർവ്വകലാശാലാകമ്മീഷനിൽ ചെയർമാൻ ആയി തെരഞ്ഞെടുത്തു. ഇതിനകം അദ്ദേഹത്തിന്റെ കീർത്തി ലോകമെമ്പാടും പരന്നിരുന്നു.

1949-ൽ ഡോ. രാധാകൃഷ്ണൻ റഷ്യയിലെ ഇന്ത്യൻ അംബാസിഡറായി നിയമിതനായി. അദ്ദേഹത്തിന്റെ വിനയം പെരുമാറ്റം എന്നിവ എല്ലാവരെയും ആകർഷിച്ചിരുന്നു. റഷ്യൻ രാഷ്ട്രത്തിന്റെ സർവ്വാധിപതിയായിരുന്ന സ്റ്റാലിനോട്, "റഷ്യയിലെന്താണ് പത്ര സ്വാതന്ത്ര്യം കൊടുക്കാത്തത്?" എന്ന് തുറന്നു ചോദിച്ച വിദ്വാനാണ് ഡോ. രാധാകൃഷ്ണൻ. 1952-ൽ അദ്ദേഹം ഇന്ത്യയുടെ വൈസ് പ്രസിഡന്റായി തീർന്നു.

1962 മെയ് 13 ആ സുദിനവും വന്നെത്തി. ഒരു ഉത്സവത്തിന്റെ പ്രതീതിയോടെ പിന്നിൽ മറ്റൊരു സമാധാനദൂതൻ നാടകം പോലെ. ഡോ. രാധാകൃഷ്ണൻ ഇന്ത്യയുടെ പ്രസിഡണ്ടായിരിക്കുന്നു! ഭാരതീയർ മതിമറന്നു. ലോകത്തിന്റെ നാനാ ഭാഗങ്ങളിലുള്ളവരും അദ്ദേഹത്തെ വാഴ്ത്തി. ഭാരതത്തെ നയിക്കാനായി ഇതാ ഒരു ദിവ്യജ്യോതിസ്സ് പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്ന് ആളുകൾ പറഞ്ഞു. ആശംസകൾ നാനാഭാഗത്തുനിന്നും പ്രവഹിക്കയായി.

ഡോ. രാധാകൃഷ്ണൻ ഇന്ത്യൻ പ്രസിഡന്റിന്റെ സ്ഥാനത്ത് ഏറ്റവുമധികം പരിശോഭിച്ചു. ലോകത്തിലെ മഹാൻ പ്രശംസാവചനങ്ങൾ പിടിച്ചു പറ്റിയ അദ്ദേഹം ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനും, ഒരു വിദ്യാർഥിയെപ്പോലെ ആരാധ്യനുമാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വവിശേഷങ്ങൾ എല്ലാവരുടെയും ശ്രദ്ധ വളരെയധികം ആകർഷിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എല്ലാവിധ വിഷമതകളും സഹിക്കുവാനുള്ള അപാരമായ കഴിവാണ്. മനസ്സിനെ പിടിച്ചുനിർത്തുവാൻ പര്യാപ്തമാണ് അദ്ദേഹത്തിന്റെ ശബ്ദവും വാക്കുകളും. എല്ലാവരെയും സ്നേഹിക്കുന്നവനും എല്ലാവരാലും സ്നേഹിക്കപ്പെടുന്നവനുമാണ് ഡോ. രാധാകൃഷ്ണൻ. മറ്റുള്ളവരുടെ ആശയങ്ങളും അഭിപ്രായങ്ങളും കേൾക്കുവാൻ അദ്ദേഹത്തിന് കഴിയാറുണ്ട്.

നൂറുകണക്കിനു പുസ്തകം വായിക്കുന്ന ഒരാളാണ് ഡോ. രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ നിർമ്മലബുദ്ധിയും ഓർമ്മശക്തിയും പ്രത്യേകിച്ചും പ്രസിദ്ധമാണ്. ഒരു വാക്യം കേട്ടാൽ, അത് ഇന്ന പുസ്തകത്തിലെ ഇന്ന ഭാഗത്താണ് എന്ന് ഉടനടി പറയുവാൻ അദ്ദേഹത്തിനു കഴിയും. വിഷാദത്തിന്റെയോ നിരാശയുടെയോ ഒരു ചെറിയ നിഴൽപോലും ആ മുഖത്ത് ഒരിക്കലും പ്രത്യക്ഷപ്പെടാറില്ല. ആ മുഖം എപ്പോഴും പ്രസന്നമായിരിക്കും; പ്രതിഭാനിർഭരമായിരിക്കും.

ഡോ. രാധാകൃഷ്ണൻ ലോകത്തിലെ മികച്ച പ്രസംഗകരുടെ മുൻപന്തിയിൽത്തന്നെ നിൽക്കുന്നു. തത്വശാസ്ത്രത്തിലെ കഠിനമായ ഭാഗങ്ങൾ, സുന്ദരവും ലളിതവുമായ രീതിയിൽ, മനുഷ്യഹൃദയത്തിന്റെ ഓരോ വശത്തെയും പ്രത്യേകം പ്രത്യേകം സ്പർശിച്ചുകൊണ്ട് മനോഹരമായി പ്രതിപാദിക്കാൻ അദ്ദേഹത്തിനുള്ള കഴിവ് അസാമാന്യമാണ് എന്നുതന്നെ പറയാം.

നിരവധി പുസ്തകങ്ങളുടെ കർത്താവായ ഡോ. രാധാകൃഷ്ണൻ തത്വശാസ്ത്രസംബന്ധമായ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഏതാണ്ട് 25-ൽ പരം പുസ്തകങ്ങൾ അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. "ഇന്ത്യൻ തത്വശാസ്ത്ര"ത്തിന്റെ രണ്ടു വാല്യം, യഥാക്രമം 1923-ലും 1927-ലുമായി പ്രസിദ്ധീകരിച്ചു. "ഉപനിഷത്തു"കളും "ഗീത"യും മറ്റു പ്രസിദ്ധ പുസ്തകങ്ങളാണ്. "An Idealist View Of Life" അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കൃതികളിലൊന്നാണ്. My Search for Truth, Eastern Religions and Western Thought, A Search book of Indian Philosophy, East and West എന്നീ പുസ്തകങ്ങൾ തത്വചിന്താലോകത്തിലെ അമൂല്യനിധികളാണ്. ഇവ മറ്റനേകം ഗ്രന്ഥങ്ങളോടും, ലേഖനങ്ങളോടും ഇംഗ്ലീഷ് ഭാഷയിലാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. ഇങ്ങനെ നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ ഒരു നീണ്ട ലിസ്റ്റ് തന്നെ കാണിക്കുവാൻ കഴിയും. അവയെല്ലാംതന്നെ ലോകസാഹിത്യത്തിലെ വിലപ്പെട്ട കൃതികളാണ്.

ഈ നൂറ്റാണ്ടിലെ വിദ്യാഭ്യാസചിന്തകരിൽ അഗ്രിമനാണ് ഡോ. രാധാകൃഷ്ണൻ. "തത്വശാസ്ത്രത്തിന്റെ ലക്ഷ്യം മനുഷ്യന്റെ രൂപവൽക്കരണമാണ്" എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യത്തെപ്പറ്റി ഡോ. രാധാകൃഷ്ണന്റെ അഭിപ്രായം ശ്രദ്ധേയമാണ്: "ആന്തരികശക്തികളെ കണ്ടറിയുവാനും അവയെ ക്രമീകൃതമായി വികസിപ്പിക്കുവാനും സഹായിക്കുകയാണ് വിദ്യാഭ്യാസം ചെയ്യേണ്ടത്." വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ആത്മീയവും സാംസ്കാരികവുമായ ഉന്നമനമായിരിക്കണം എന്നാണ് അദ്ദേഹത്തിന്റെ സുചിന്തിതമായ അഭിപ്രായം.

ഡോ. രാധാകൃഷ്ണന്റെ സർവ്വമതസഹിഷ്ണുത ശ്രദ്ധേയമാണ്. ഹിന്ദുമതത്തെയും ക്രിസ്തുമതത്തെയും ഇസ്ലാംമതത്തെയും അദ്ദേഹം ഒരുപോലെ സ്നേഹിക്കുന്നു. അതിൽ ഒട്ടും കുറയാതെതന്നെ സിക്കുമതത്തെയും ബുദ്ധമതത്തെയും സ്നേഹിക്കുന്നു. ഈ മതങ്ങളിലെ നല്ല നല്ല ആശയങ്ങളെ അദ്ദേഹം ബഹുമാനിക്കുന്നു. ബുദ്ധന്റെ തത്വങ്ങളും ഹിന്ദുമതത്തിലെ തത്വങ്ങളും ഒന്നുതന്നെയെന്നും, ഹിന്ദുമതത്തിലെയും ക്രിസ്തുമതത്തിലെയും മഹാത്മാവിന്റെ ലക്ഷണങ്ങൾ ഒന്നുതന്നെയാണെന്നും, നബിയുടെ വാക്യങ്ങൾക്ക് അദ്വൈതവേദാന്തത്തോട് ഐക്യമുണ്ടെന്നും അദ്ദേഹം യുക്തിപൂർവ്വം തെളിയിച്ചു. ഹൈന്ദവർ ഒരു ഹൈന്ദവനവോത്ഥാനത്തിന്റെ നേതാവായിട്ടാണ് ഡോ. രാധാകൃഷ്ണനെ കണക്കാക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായം ശ്രദ്ധേയം: "മതം ഭിന്നതയുടേതല്ല; ഐക്യത്തിന്റേതാണ്."

1967-ൽ ഡോ. രാധാകൃഷ്ണൻ പ്രസിഡന്റ് സ്ഥാനത്തുനിന്നു വിരമിച്ചു. അതുപോലെ തന്നെ മഹാനായ മറ്റൊരു വ്യക്തിയും വഴിമാറി

വൈസ്ചാൻസലർ ആയി ചാർജ്ജെടുത്തു്. അങ്ങനെ ആ പദവി ഉയർന്നുപോയി. 1948–ൽ അദ്ദേഹത്തെ ഇൻഡ്യൻ സർവ്വകലാശാലാകമ്മീഷൻ ചെയർമാൻ ആയി തെരഞ്ഞെടുത്തു. ഇതിനകം അദ്ദേഹത്തിന്റെ കീർത്തി ലോകമെമ്പാടും പരന്നിരുന്നു.

1949–ൽ ഡോ. രാധാകൃഷ്ണൻ റഷ്യയിലെ ഇൻഡ്യൻ അംബാസിഡറായി നിയമിതനായി. അദ്ദേഹത്തിന്റെ ധീരമായ പെരുമാററം ഏവരെയും അത്ഭുതസ്തബ്ധരാക്കിയിരുന്നു. റഷ്യാസാമ്രാജ്യത്തിന്റെ സർവ്വാധിപതിയായിരുന്ന സ്റ്റാലിനോട്, ''റഷ്യൻജനതയ്ക്കു് എന്നാണങ്ങ് പൗരസ്വാതന്ത്ര്യം കൊടുക്കുക?'' എന്നു നേരിട്ടു ചോദിച്ച ധീരനാണ് ഡോ. രാധാകൃഷ്ണൻ. 1952–ൽ അദ്ദേഹം ഇൻഡ്യയുടെ വൈസ്പ്രസിഡന്റായിത്തീർന്നു

1962 മെയ് 13. ആ സുദിനവും വന്നുചേർന്നു. ഒരു ദുഃഖത്തിനു തൊട്ടു പിന്നിൽത്തന്നെ മറെറാരു സന്തോഷവാർത്ത നാടാകെ പരന്നു. ഡോ. രാധാകൃഷ്ണൻ ഇൻഡ്യയുടെ പ്രസിഡന്റായിരിക്കുന്നു! ഭാരതീയർ മാത്രമല്ല, ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമുള്ളവരും അദ്ദേഹത്തെ വാഴ്ത്തി. ഭാരതജനതയെ നയിക്കാനായി ഇതാ ഒരു ദിവ്യജ്യോതിസ്സ് പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നു് മറുനാട്ടുകാർ പറഞ്ഞു. ആശംസകൾ നാലുപാടുനിന്നും ഡൽഹിക്കു പാഞ്ഞു.

ഡോ. രാധാകൃഷ്ണൻ ഇൻഡ്യൻപ്രസിഡന്റിന്റെ സ്ഥാനത്തു് ഏററവുമധികം പരിശോഭിച്ചു. ലോകത്തിന്റെ മുഴുവൻ പ്രശംസാവചനങ്ങൾ പിടിച്ചു പററിയ അദ്ദേഹം ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനും ഒരു വിശുദ്ധനെപ്പോലെ ആരാധ്യനുമാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വവിശേഷങ്ങൾ എല്ലാവരുടെയും ശ്രദ്ധയെ വളരെയധികം ആകർഷിക്കുന്നു. അതിൽ ഏററവും പ്രധാനപ്പെട്ടതു് എല്ലാവിധ വിഷമതകളും സഹിക്കുവാനുള്ള അപാരമായ കരുത്താണ്. മനസ്സിനെ പിടിച്ചുനിർത്തുവാൻ പര്യാപ്തമാണ് അദ്ദേഹത്തിന്റെ ശബ്ദവും വാക്കുകളും. എല്ലാവരെയും സ്നേഹിക്കുന്നവനും എല്ലാവരാലും സ്നേഹിക്കപ്പെടുന്നവനുമാണ് ഡോ. രാധാകൃഷ്ണൻ. ക്ഷമയോടെ ആരുടെയും അഭിപ്രായങ്ങൾ കേൾക്കുവാൻ അദ്ദേഹത്തിനു് കഴിയാറുണ്ട്.

നൂറുകണക്കിനു പുസ്തകം വായിക്കുന്ന ഒരാളാണ് ഡോ. രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ നർമ്മബോധവും ഓർമ്മശക്തിയും പ്രയത്നശീലവും പ്രസിദ്ധമാണ്. ഒരു വാക്യം കേട്ടാൽ, അതു് ഇന്നപുസ്തകത്തിലെ ഇന്ന ഭാഗത്താണ് എന്നു് ഉടനടി പറയുവാൻ അദ്ദേഹത്തിനു കഴിയും. വിഷാദത്തിന്റെയോ നിരാശയുടെയോ ഒരു ചെറിയ നിഴൽപോലും ആ മുഖത്തു് ഒരിക്കലും പ്രത്യക്ഷപ്പെടാറില്ല. ആ മുഖം എപ്പോഴും പ്രസന്നമായിരിക്കും; പ്രതീക്ഷാനിർഭരമായിരിക്കും.

ഡോ. രാധാകൃഷ്ണൻ ലോകത്തിലെ മികച്ച പ്രസംഗകരുടെ മുൻപന്തിയിൽത്തന്നെ നിൽക്കുന്നു. തത്വശാസ്ത്രത്തിലെ കാതലായ ഭാഗങ്ങൾ, സുന്ദരവും ലളിതവുമായ രീതിയിൽ, മനുഷ്യഹൃദയത്തിന്റെ ഓരോ വശത്തെയും പ്രത്യേകം പ്രത്യേകം സ്പർശിച്ചുകൊണ്ട് മനോഹരമായി പ്രതിപാദിക്കാൻ അദ്ദേഹത്തിനുള്ള കഴിവ് അമാനുഷമാണ് എന്നുതന്നെ പറയാം.

നിരവധി പുസ്തകങ്ങളുടെ കർത്താവായ ഡോ. രാധാകൃഷ്ണൻ, തത്വശാസ്ത്രലോകത്തിലെ ഒരുജ്ജ്വല ജ്യോതിസ്സാണ്. ഏതാണ്ട് 25–ൽ പരം പുസ്തകങ്ങൾ അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ''ഇൻഡ്യൻ തത്വശാസ്ത്ര''ത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ 1923–ലും 1927–ലുമായി പ്രസിദ്ധീകരിച്ചു. ''ഹൈന്ദവ ജീവിത''വും ''കൽക്കി''യും മററുരണ്ടു പ്രസിദ്ധ പുസ്തകങ്ങളാണ്. “An Idealist View Of Life” അദ്ദേഹത്തിന്റെ ഏററവും മികച്ച കൃതികളിലൊന്നാണ്. My Search for Truth, Eastern Religions and Western Thought, A Search book of Indian Philosophy, East and West മുതലായ പുസ്തകങ്ങൾ തത്വചിന്താലോകത്തിലെ അമൂല്യനിധികളാണ്. ഇതു കൂടാതെ ബ്രഹ്മസൂത്രത്തിനും ഭഗവദ്ഗീതയ്ക്കും ഇംഗ്ലീഷ് പരിഭാഷയും അദ്ദേഹം എഴുതിയിട്ടുണ്ട്. ഇങ്ങനെ നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ ഒരു നീണ്ട ലിസ്റ്റ് നമുക്കു കണ്ടെത്തുവാൻ കഴിയും. അവയെല്ലാംതന്നെ ലോകസാഹിത്യത്തിലെ വിലപ്പെട്ട കനികളാണ്.

ഈ നൂററാണ്ടിലെ വിദ്യാഭ്യാസചിന്തകരിൽ അദ്വിതീയനാണ് ഡോ. രാധാകൃഷ്ണൻ. ''തത്വശാസ്ത്രത്തിന്റെ ലക്ഷ്യം മനസ്സിന്റെ രൂപവൽക്കരണമാണ്'' എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യത്തെപ്പററി ഡോ. രാധാകൃഷ്ണന്റെ അഭിപ്രായം ശ്രദ്ധേയമാണ്: ''ആന്തരികശക്തികളെ കണ്ടറിയുവാനും അവയെ ക്രമീകൃതമായി വികസിപ്പിക്കുവാനും സഹായിക്കുകയാണ് വിദ്യാഭ്യാസം ചെയ്യേണ്ടതു്.'' വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ആത്മീയവും സാംസ്കാരികവുമായ ഉന്നമനമായിരിക്കണം എന്നാണ് അദ്ദേഹത്തിന്റെ സുചിന്തിതമായ അഭിപ്രായം.

ഡോ. രാധാകൃഷ്ണന്റെ സർവ്വമതസഹിഷ്ണുത ശ്രദ്ധേയമാണ്. ഹിന്ദുമതത്തെയും ക്രിസ്തുമതത്തെയും ഇസ്ലാംമതത്തെയും അദ്ദേഹം ഒരുപോലെ സ്നേഹിക്കുന്നു. അതിൽ ഒട്ടും കുറയാതെതന്നെ സിക്കുമതത്തെയും ബുദ്ധമതത്തെയും സ്നേഹിക്കുന്നു. ഈ മതങ്ങളിലെ നല്ല നല്ല ആശയങ്ങളെ അദ്ദേഹം ബഹുമാനിക്കുന്നു. ബുദ്ധന്റെ തത്വങ്ങളും ഹിന്ദുമതത്തിലെ തത്വങ്ങളും ഒന്നുതന്നെയെന്നും ഹിന്ദുമതത്തിലെയും ക്രിസ്തുമതത്തിലെയും മുക്താത്മാവിന്റെ ലക്ഷണങ്ങൾ ഒന്നു തന്നെയാണെന്നും നബിയുടെ വാക്യങ്ങൾക്കു് അദ്വൈതവേദാന്തത്തോടു തുല്യതയുണ്ടെന്നും അദ്ദേഹം യുക്തിപുരസ്സരം തെളിയിച്ചു. ഹൈന്ദവർ ഒരു ഹൈന്ദവനവോത്ഥാനത്തിന്റെ നേതാവായിട്ടാണ് ഡോ. രാധാകൃഷ്ണനെ കണക്കാക്കുന്നതു്. അദ്ദേഹത്തിന്റെ അഭിപ്രായം ശ്രദ്ധിക്കൂ; “മതം ഭിന്നതയുടേതല്ല; ഐക്യത്തിന്റേതാണ്.''

1967–ൽ ഡോ. രാധാകൃഷ്ണൻ പ്രസിഡന്റുസ്ഥാനത്തുനിന്നു വിരമിച്ചു. തന്നെപ്പോലെ തന്നെ മഹാനായ മറെറാരു വ്യക്തിയ്ക്കു വഴിമാറി



# പൂജിക്കാൻ കൊള്ളാത്ത പുഷ്പം

രാമൻകുട്ടി ചേർത്തല (I.D.C)



റോഡിൽനിന്നു് നാട്ടുവഴിയിലേയ്ക്കു കടക്കുമ്പോൾ നേരം വൈകിയിരുന്നു. കാററിൽ ചാഞ്ചാടുന്ന കതിർമണികളുമായി വിളഞ്ഞുകിടക്കുന്ന നെൽപ്പാടത്തിൻെറ മാറിലൂടെ, വററിയ നീർച്ചാലുപോലെ കാണുന്ന, ആ വഴിയേ ഇതിനു മുമ്പു കടന്നുപോയിട്ടുണ്ടു്; കൂടെ രാജനുമുണ്ടായിരുന്നു. വയലിനപ്പുറമുള്ള പുഴയുടെ തീരത്താണു് അയാളുടെ വീടു്.

ഇരുട്ടു് ചുരുൾ നിവർത്തിത്തുടങ്ങി. അകലെയുള്ള വഴിവിളക്കുകൾ മിന്നാമിനുങ്ങുകളെപ്പോലെ പ്രകാശിച്ചു. പുഴക്കടവു് വിജനമായിരുന്നു.

ഇരുളിൻെറ മൂടലിൽ തലയുയർത്തി നില്ക്കുന്ന ആ പഴയ ഗൃഹത്തിൻെറ ഉള്ളറയിൽനിന്നു് ഉമ്മറത്തു് മങ്ങിയ പ്രകാശവീചികൾ വ്യാപിച്ചു.

കോലായിലേയ്ക്കു കയറി ഒന്നു ചുമച്ചു.

വടക്കേ ചായ്പ്പിൻെറ വാതിൽപ്പാളി ഇളകുന്ന ശബ്ദം കേട്ടു. അകത്തുനിന്നു്, കരിപിടിച്ച പഴയ റാന്തലിൻെറ വെളിച്ചം കോലായിലേയ്ക്കു വീണു. അതു് അവ്യക്തമായ ചില നിഴലുകൾ സൃഷ്ടിച്ചു.

വാതിലിനരികിൽ ഒരു മുഖം ദൃശ്യമായി. വിറയലോടുകൂടി താണസ്വരത്തിൽ അവൾ ചോദിച്ചു: "ആരാദു്?"

"ഞാനാണു്. രാധ."

അവളുടെ നീലനയനങ്ങൾ വികസിച്ചോ? ആ മുഖത്തു് പ്രകാശം പരന്നോ? കണ്ടില്ല. റാന്തൽ വിളക്കു് കൈയിലേന്തി, ഇരുൾക്കീറുകളെ മുറിച്ചുകൊണ്ടു് അവൾ അകത്തേയ്ക്കുപോയിക്കഴിഞ്ഞിരുന്നു.

പുഴയിൽനിന്നു് ശീതളമായ കാററു് കടന്നുവന്നു; അതു് ഉമ്മറത്തിരുന്ന നിലവിളക്കിനെ കൊട്ടത്തിക്കളഞ്ഞു.

തെക്കേമുററത്തുനില്ക്കുന്ന പുളിമരക്കൊമ്പിൽനിന്നു് ഒരു കാടൻപുള്ളു് ഇടതടവില്ലാതെ ശബ്ദിച്ചുകൊണ്ടിരുന്നു. പണ്ടൊക്കെയാണെങ്കിൽ ആ ശബ്ദംകേട്ടാൽ പേടിച്ചുവിറച്ചു് അകത്തേയ്ക്കു് ഓട്ടമായിരുന്നു.

അകത്തുനിന്നും നേരിയ സ്വരം പുറത്തുകേൾക്കാറായി. ഇടയ്ക്കിടെ ഉയർന്നുകേട്ട ചുമയുടെ ശബ്ദം കാററിൽ അലിഞ്ഞുചേർന്നു. നടക്കാൻ പ്രയാസപ്പെടുന്ന ഒരു വൃദ്ധനെ കൈയ്ക്കുതാങ്ങിക്കൊണ്ടു് അവൾ കടന്നുവന്നു.

"ആവൂ...... വിളക്കു കെട്ടുപോയി!" കമ്പിറാന്തലിൻെറ കരിപിടിച്ച ചില്ലു് ഉയർത്തിക്കൊണ്ടു് അവൾ നിലവിളക്കു കത്തിക്കുവാൻ ശ്രമിച്ചു.

വീഴാൻ തുടങ്ങുന്നതിനുമുമ്പു് വൃദ്ധനെ ഞാൻ താങ്ങി ചാരുകസേരയിൽ കിടത്തി. ഞരക്കത്തോടെ അമരുന്ന പഴയ ചാരുകസേരയിൽ ഒരു പഴന്തുണിക്കെട്ടുപോലെ ആ വൃദ്ധൻ കിടന്നു.

കത്തുന്ന ദീപത്തിന്നരികിൽ രണ്ടു കണ്ണുകൾ തിളങ്ങി; അവ എന്നെ ഉഴിയുകയായിരുന്നു.

കമ്പിറാന്തലിനു ചുററും പ്രാണികൾ വട്ടമി

---

ക്കൊടുത്തുകൊണ്ടു് അദ്ദേഹം, കൃതജ്ഞതാപുരസ്സരം തന്നെ വീക്ഷിക്കുന്നഭാരതീയജനതയോടു് അലിഞ്ഞുചേർന്നു. ജനലക്ഷങ്ങളുടെ ഏകകണ്ഠമായ അഭിപ്രായത്തെ ആദരിക്കുവാൻ അദ്ദേഹത്തിൻെറ ആരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ല. അദ്ദേഹം വീണ്ടും പ്രസിഡൻറ്സ്ഥാനത്തേയ്ക്കു മത്സരിക്കാതെ, തൻെറ ജീവിതസായാഹ്നം ഏററവും ലളിതമായ രീതിയിൽ കഴിക്കുവാൻ ആഗ്രഹിച്ചു. അദ്ദേഹത്തിൻെറ ആയുരാരോഗ്യങ്ങൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ട്ടു നടന്നു.

''രാജനിവിടെയില്ലേ?''

ആരും ഒന്നും മിണ്ടിയില്ല. ശാരി നെടുവീർപ്പിട്ടു. പഴയ ചാരുകസേര ഒന്നുകൂടി ഞരങ്ങി.

അവിടെ എന്തോ സംഭവിച്ചിട്ടുണ്ടെന്ന് എനിക്കു തോന്നി. ഇരുവരും മൗനമവലംബിക്കുന്നതിന്റെ പൊരുൾ മനസ്സിലായില്ല.

അയാൾ നാടു വിട്ടിരിക്കുമോ? ജോലിയന്വേഷിച്ച് നിരാശയിൽ ദിവസങ്ങൾ തള്ളിനീക്കുകയായിരുന്നു. ജീവിതം പരാജയത്തിന്റെ ഒരു മഹാകാവ്യമാണെന്ന് അയാൾ പറയുന്നതു കേട്ടിട്ടുണ്ട്.

''ആരും എന്തേ ഒന്നും മിണ്ടാത്തത്?''

ശാരി എന്റെ നേർക്കു നോക്കി. വൃദ്ധൻ ചുമച്ചു; പുറത്തേയ്ക്ക് ആഞ്ഞുതുപ്പി.

''എന്തേ, രാജനെന്തേ?''

നിശ്ശബ്ദത.

''പറഞ്ഞു കൊടുക്കുമോളേ ......'' വൃദ്ധൻ വിക്കിയും വിറച്ചും പറഞ്ഞു.

റാന്തൽവിളക്കു കരിന്തിരികത്തി; കറുത്ത പുകച്ചുരുളുകൾ മുകളിലേയ്ക്കുയർന്നു.

അതെടുത്തു മേശമേൽ വച്ചിട്ട്, ശാരിയുടെ മുഖത്തേയ്ക്കു നോക്കി. ആ നയനങ്ങൾ നിറഞ്ഞു നില്ക്കുകയായിരുന്നു.

''രാജനെന്തേ, പറയൂ.''

''രാജേട്ടൻ......മരിച്ചുപോയി.''

''......ടൈഫോയ്ഡായിരുന്നു.''

അതുകേട്ടപ്പോൾ ഞെട്ടൽ മാത്രമല്ല തളർച്ചയും അനുഭവപ്പെട്ടു. ജീവിതത്തിന്റെ പുലർച്ചയിൽത്തന്നെ ആ നക്ഷത്രം അസ്തമിച്ചു.

ശാരി എഴുന്നേറ്റുമാറി വടക്കേചായ്പ്പിന്റെ പടിയ്ക്കരികിൽ കുമ്പിട്ടിരുന്നു. ഞാൻ ശ്രദ്ധിച്ചു. വൃദ്ധന്റെ ശോഷിച്ച കണ്ണുകളിൽനിന്ന് ഉതിർന്ന കണ്ണീർ വാടിയ കവിളിന്റെ വശങ്ങളിൽക്കൂടി ഒഴുകി. അടച്ച കണ്ണുകൾ പതുക്കെ തുറന്ന് എന്നെ നോക്കി.

കടന്നുപോയ കാലങ്ങൾ അടയാളങ്ങൾ കൊത്തിയ, ഞരമ്പുകൾ എഴുന്നുനില്ക്കുന്ന, ആ കൈത്തണ്ടയിൽ ഞാൻ പിടിച്ചു. അയാൾ കിതയ്ക്കുന്നുണ്ടായിരുന്നു.

''അവൻ പോയി മോനേ......അവൻ പോയി.'' കസാലയിൽനിന്നെഴുന്നേൽക്കാൻ അയാൾ ഒരു വിഫലശ്രമം നടത്തി. അയാൾ കരയുന്നുണ്ടായിരുന്നു.

''വിഷമിക്കാതിരിക്കൂ.'' അയാളുടെ നെഞ്ചിൽ കൈതടവിക്കൊണ്ട് ഞാൻ പറഞ്ഞു.

രാജൻ ഭാഗ്യവാനാണ്. ജീവിതത്തിന്റെ കൽത്തുറുങ്കിൽനിന്ന് നേരത്തെതന്നെ രക്ഷപ്പെട്ടവൻ. പക്ഷേ പ്രതീക്ഷകളുമായി ജീവിതമെന്തെന്നറിയാൻ കാത്തിരിക്കുന്ന ശാരിയെന്ന സഹോദരിയുടെ സ്ഥിതിയോ? ആ നിലയിൽ സഹതപിക്കാനല്ലാതെ കഴിഞ്ഞില്ല.

എങ്കിലും ചിന്തിച്ചുപോയി: രാജൻ ചിലതെല്ലാം ഏൽപ്പിച്ചിട്ടാണ് മൺമറഞ്ഞത്......

രാജനോടൊത്ത് ആദ്യമായി ആ വീട്ടിൽവന്ന ദിവസം: കോലായിലിരുന്ന് അയാളുമായി സംസാരിക്കുകയായിരുന്നു. തുറന്നുകിടക്കുന്ന വാതിലിലൂടെ മിന്നൽപോലെ ഒരു പെൺകുട്ടി നടന്നു മറയുന്നതു കണ്ടു.

''ശാരീ''— അയാൾ വിളിച്ചു. അവൾ ഉമ്മറത്തേയ്ക്കു കടന്നുവന്നു. പ്രകാശിക്കുന്ന ആ നയനങ്ങൾ എന്റെ മുഖത്തു പതിഞ്ഞു.

ശുഭ്രവസ്ത്രമാണവൾ ധരിച്ചിരുന്നത്. മണ്ണെണ്ണവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ആ ഗ്രാമീണകന്യകയുടെ നാണംപൂണ്ട മുഖം നന്നായി കണ്ടു.

അവൾ കടന്നുപോയപ്പോൾ കാച്ചിയ എള്ളെണ്ണയുടെ ഗന്ധം കാറ്റിൽ തങ്ങിനിന്നു. ഈറൻ ചുരുൾമുടിച്ചാർത്ത് കെട്ടഴിഞ്ഞു പിന്നിലേയ്ക്കു കിടന്നിരുന്നു.

കാപ്പിയുമായാണവൾ പിന്നീടു വന്നത്. തേച്ചുമിനുക്കിയ ഓട്ടുഗ്ലാസിൽ അവൾ കാപ്പി പകരുമ്പോൾ രാജൻ പറഞ്ഞു: ''ശാരിയുടെ കൈയാണ്, ഒരിക്കലും നന്നാവില്ല.''

''നന്നായിട്ടുണ്ട്.'' കാപ്പി ഊതിക്കുടിക്കുന്നതിനിടയിൽ ഞാൻ പറഞ്ഞു. അഭിനന്ദനങ്ങൾ കേൾക്കാൻ അവൾ നിന്നില്ല.

അകന്നുപോകുന്ന പുകച്ചുരുളുകളെ നോക്കി ഞാൻ രാജന്റെ ചോദ്യത്തിന് സമ്മതം മൂളി. ശാരിയെ ഞാൻ വിവാഹം കഴിക്കണം. രാജൻ പലപ്പോഴായി ശാരിയെക്കുറിച്ചു പറഞ്ഞിട്ടുള്ള കഥകളെല്ലാം അപ്പോഴാണ് ഓർമ്മയിലെത്തിയത്.

പ്രഥമദർശനത്തിൽത്തന്നെ ഞാൻ ശാരിയെ ഇഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ആ ഗ്രാമത്തിന്റെ സൗന്ദര്യം മുഴുവൻ അവളാണെന്നെനിക്കു തോന്നി.

......നഷ്ടപ്പെട്ട നാളുകളെക്കുറിച്ചുള്ള ഓർമ്മകളുമായിക്കഴിഞ്ഞപ്പോൾ സമയം കടന്നുപോയതറിഞ്ഞില്ല.

വാതിൽപ്പടിയിൽ തലചായ്ച്ച് ചിന്തയിൽ മുഴുകിയിരിക്കുകയായിരുന്നു, ശാരി. വേദനകൾക്കിടയിൽ അവൾ ഭൂതവും ഭാവിയും കാണുകയായിരിക്കും.

സമയം നോക്കിയിട്ട് പുറത്തേയ്ക്കിറങ്ങി. ഇരുൾക്കൂടാരത്തിന്റെ കീറലുകളിലൂടെ നക്ഷത്രക്കുഞ്ഞുങ്ങൾ കണ്ണുചിമ്മുന്നുണ്ട്.

''ഇന്നിനി, ഈ രാത്രിയ്ക്കു പോണോ?'' വൃദ്ധൻ ചോദിച്ചു.

''വേണം, വീട്ടിൽ കാത്തിരിയ്ക്കും.''

''ഊണു കഴിക്കാം.'' ശാരി എന്നെയും വൃദ്ധനെയും മാറിമാറി നോക്കി.

അത്താഴത്തിന് വൃദ്ധനുമൊത്ത് ഇരുന്നു. ശാരിയാണ് വിളമ്പിയത്. അപ്പോൾ കൈയിലണിഞ്ഞിരുന്ന കറുത്ത കുപ്പിവളകൾ ശബ്ദമുയർത്തി.

ചവിട്ടുപടിയിൽ, കൈകഴുകുന്നതിന് വെള്ളം നിറച്ച പാത്രവുമായി ശാരിനിന്നു.

''തരൂ.'' ഞാൻ പാത്രത്തിനു കൈനീട്ടി.

''വേണ്ട''

''വേണ്ട, ശാരീ.''

''ചേട്ടൻ എല്ലാം പറഞ്ഞുതന്നിട്ടുണ്ട്.'' അവൾ എന്റെ മുഖത്തേയ്ക്കു നോക്കി.

''ഇന്നുതന്നെ പോണമെന്നുണ്ടോ?''

''ഉം.'' ഞാൻ മൂളി. അവൾ പിന്നീടൊന്നും

മിണ്ടിയില്ല.

മാസങ്ങൾ ചിലതു് അറിയാതെ കടന്നുപോയി. അന്നൊരു സായാഹ്നത്തിൽ ആ വൃദ്ധൻെറ കത്തു കിട്ടിയപ്പോൾ മാത്രമാണ് നാടിനെക്കുറിച്ച് ശരിയായ ഓർമ്മവന്നതു്.

നഗരത്തിലെ തിരക്കിനിടയിൽ, പുകതുപ്പുന്ന ഫാക്ടറിയ്ക്കുള്ളിലെ ശബ്ദായമാനമായ അന്തരീക്ഷത്തിൽ, ജീവനെത്തന്നെ മറന്നു പോകാറുണ്ട്. കത്തു തുറന്നു: ശാരി ആശുപത്രിയിലാണ്; അവളുടെ ചികിത്സയ്ക്കു കുറച്ചു പണം ആവശ്യമാണ്. പണം കിട്ടാൻ യാതൊരു മാർഗ്ഗവുമില്ല.

ലീവെടുത്തു നാട്ടിലേയ്ക്കു മടങ്ങി. ആ കുടുംബത്തോടു് ഒരു കടപ്പാടുണ്ടെന്നു തോന്നി. ശാരിയുടെ അസുഖമെന്താണാവോ? ഹൃദയം നാട്ടിലേയ്ക്കു പറന്നെത്തുകയായിരുന്നു.

ആശുപത്രിക്കെട്ടിടത്തിലെ, രോദനങ്ങൾ അലതല്ലുന്ന വാർഡുകൾപിന്നിട്ട്, ആ മുറിയുടെ വാതുക്കൽ എത്തി. വൃദ്ധൻ തറയിൽ തളർന്നിരുന്നു് ഉറക്കം തൂങ്ങുകയാണ്.

വാടിയ താമരത്തണ്ടുപോലെ ശാരി തളർന്നു് അവശയായിരുന്നു. കഴുത്തോളം പുതച്ചിരുന്നു. അവൾ ശാന്തമായി ഉറങ്ങുകയാണ്.

വിയർപ്പുപൊടിഞ്ഞ നെററിയിൽ ഞാൻ കൈതടവി.......... അവൾ ഞെട്ടിയുണർന്നു. ഉറക്കം വിട്ടുമാറാത്ത കൺപോളകൾ തുടച്ചുകൊണ്ടു് അവൾ നോക്കി. ആ കണ്ണുകൾക്കു പഴയ തേജസ്സില്ല; തുടുത്ത കവിൾത്തടങ്ങൾ വാടിയിരിക്കുന്നു. അവൾ മെല്ലെ പുഞ്ചിരിച്ചു.

''ഇപ്പൊ എത്തിയേയുള്ളു. ശാരി അനങ്ങരുതു്''. വൃദ്ധൻ ഉറക്കത്തിൽനിന്നു് ഉണർന്നില്ല.

ഡോക്ടറുടെ മുറിയിലേയ്ക്കാണ് പിന്നീട് പോയതു്.

രോഗിയ്ക്കു് രക്തം നൽകണം, അതിനുള്ള പണം വൃദ്ധൻെറ പക്കൽ ഇല്ലത്രേ!

വൃദ്ധൻ ഉണരുമ്പോൾ രക്തം കൊടുത്തശേഷം ഞാൻ വിശ്രമിക്കുകയാണ്. എൻെറ രക്തം ശാരിയുടെ സിരകളിലൂടെ ഒഴുകിത്തുടങ്ങി.

വെയിലിൻെറ ചൂടു കുറഞ്ഞു. സുഖം തോന്നിയപ്പോൾ ശാരിയുടെ മെത്തയ്ക്കരികിൽ ചെന്നു.

''എനിക്കുവേണ്ടി ഇങ്ങനെ ബുദ്ധിമുട്ടുന്നതെന്തിനാണ്?''

''ശാരി സുഖപ്പെട്ടുകാണാൻ...... എന്നിട്ടു വേണ്ടേ നമുക്ക്......?''

ശാരിയുടെ മുഖം വിടർന്നു. വാടിവരണ്ട പവിഴാധരങ്ങളിൽ പകലുദിച്ച നിലാവുപോലെ ഒരു മന്ദഹാസം വിരിഞ്ഞു.

ശാരി പൂർണ്ണസുഖം പ്രാപിച്ച് പോകാൻ ഒരുങ്ങുന്നതിനു മുമ്പ് ഡോക്ടറെ ചെന്നുകണ്ടു.

''പോവുകയാണ്.'' ഞാൻ പറഞ്ഞു.

''ശരി. ഒരു കാര്യം മുൻപേ ചോദിക്കാൻ ആഗ്രഹിച്ചതാണ്- കഴിഞ്ഞില്ല. ചോദിക്കാതിരിക്കവയ്യ. ഈ സ്ത്രീയുടെ കല്യാണം കഴിഞ്ഞതാണോ?''

വൃദ്ധൻ മൂകനായി നിന്നതേയുള്ളു. ശാരി എൻെറ നേർക്കു നോക്കി.

''ഇല്ല.'' ഞാൻ പറഞ്ഞു.

''ഇപ്പോഴത്തെ നിലയിൽ ഈ സ്ത്രീയ്ക്കു് വിവാഹജീവിതം പാടില്ല. ഗർഭധാരണവും അനന്തരഫലങ്ങളും അപകടകരമായിരിക്കും. ഇത്രയേ എനിയ്ക്കറിയിക്കുവാനുള്ളു.'' ഡോക്ടർ പുകച്ചുരുളുകൾ ഊതിവിട്ടുകൊണ്ടു് അടുത്ത മുറിയിലേയ്ക്കു നടന്നു.

ശാരി ഭിത്തിയിൽചാരി, സ്വപ്നം കാണുന്നതുപോലെ, നിശ്ചേഷ്ടയായി നില്ക്കുകയാണ്. വൃദ്ധൻ വിതുമ്പികൊണ്ടു് ശാരിയെ കെട്ടിപ്പിടിച്ചു. ഹൃദയം പൊട്ടുമാറു് ഉറക്കെവിളിച്ചു: ''മോളേ!''

വിശാലമായ ആ മുറിയിലെ നാലു ഭിത്തികൾക്കുള്ളിൽ ആ ശബ്ദം മാറെറാലികൊണ്ടു. ശാരിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു.

അവൾ ദയനീയമായി എന്നെ നോക്കി; ഞാൻ ആ മുഖത്തും. ഹൃദയത്തിൽ വേദനയുടെ ചുററാളങ്ങൾ ആഞ്ഞടിക്കുകയായിരുന്നു. ജീവിതം ഒരു ദുരന്തമഹാകാവ്യമാണെന്നു് രാജൻ പറഞ്ഞതു് വീണ്ടും സ്മരണയിലെത്തി.

മഴവില്ലിൻെറ ശോഭയും പനിനീരിൻെറ പരിമളവുമുള്ള ആ പൂമൊട്ടു് ഒരിക്കലും വിടരില്ല... ......ഒരിക്കലും പൂജിക്കപ്പെടുകയുമില്ല.

''നായകൻ ആദ്യത്തെ അദ്ധ്യായത്തിൽത്തന്നെ മരണമടയുന്ന ഒരു 'റൊമാൻസ്'' ആണ് വിവാഹം.''

—അജ്ഞാതകർത്തൃകം

''കുട്ടികൾ ജീവിതമാരംഭിക്കുന്നതു് മാതാപിതാക്കളെ സ്നേഹിച്ചുകൊണ്ടാണ്. പ്രായംകൂടി വരുമ്പോൾ അവർ മാതാപിതാക്കളെ വിധിക്കുന്നു; ചിലപ്പോൾ അവരോടു ക്ഷമിക്കുകയും ചെയ്യുന്നു.''

—ഓസ്കാർ വൈൽഡ്.

''തനിക്ക് ഒരു സ്മാരകം വേണമെന്നാഗ്രഹമില്ലാത്തവനാണ് യഥാർത്ഥത്തിൽ സ്മാരകത്തിനർഹൻ.''

—ഹാസ്ലിററ്

''ഭക്ഷണത്തോടുള്ള സ്നേഹത്തെക്കാൾ ആത്മാർത്ഥമായ മറെറാരുസ്നേഹമില്ല''

—ബർണാഡ്ഷാ

# വിയറ്റ്നാം യുദ്ധം

പ്രൊഫ: വി. എബ്രഹാം കുരിയൻ, എം. ഏ.

## ചരിത്രപശ്ചാത്തലം

രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ് ഒരു ഫ്രഞ്ചുകോളനിയായിരുന്ന ഇൻഡോചൈനയുടെ ഒരു ഭാഗമാണ് വിയറ്റ്നാം. രണ്ടാം ലോകമഹായുദ്ധകാലത്ത്, 1940-ൽ, ജപ്പാൻ വിയറ്റ്നാം പിടിച്ചടക്കി. 1945-ൽ (ആഗസ്റ്റിൽ) ജപ്പാൻ പരാജയപ്പെട്ടതിനെത്തുടർന്ന് വിയറ്റ്നാമിലെ ദേശീയവാദികൾ അവിടെ ഒരു റിപ്പബ്ലിക്ക് സ്ഥാപിച്ചു. ഇതിനിടയിൽ ഫ്രഞ്ചുകാർ തിരിച്ചുവന്ന് അവരുടെ അധികാരം വീണ്ടെടുക്കുവാൻ ശ്രമം നടത്തുകയും ബാവോ ദായി എന്നൊരു രാജവംശജനെ അധികാരത്തിൽ പ്രതിഷ്ഠിക്കയും ചെയ്തു. വിയറ്റ്മിഞ്ച് എന്ന പേരിലറിയപ്പെട്ടിരുന്ന ഇടതുപക്ഷതീവ്രവാദികളുടെ നേതൃത്വത്തിൽ ദേശീയവാദികൾ ഫ്രഞ്ചുമേധാവിത്വത്തിനെതിരായി യുദ്ധം ചെയ്തുകൊണ്ടിരുന്നു. വിയറ്റ്നാമിൽ ഫ്രഞ്ചുമേധാവിത്വത്തെയും ബാവോ ദായിയുടെ ഭരണത്തെയും അനുകൂലിച്ചിരുന്നവരുണ്ടായിരുന്നതുകൊണ്ട് ഈ യുദ്ധം ഒരു ആഭ്യന്തരസമരമായി രൂപം പ്രാപിച്ചു. 1954-ൽ ഫ്രഞ്ചുകാർ പരാജയപ്പെട്ടതിനെത്തുടർന്ന് അവർ കൂടിയാലോചനകൾക്കു സമ്മതിച്ചു. 1954-ൽ ജനീവായിൽ വെച്ചുനടന്ന രാജ്യാന്തരസമ്മേളനത്തിലെ തീരുമാനമനുസരിച്ച് വിയറ്റ്നാം താത്കാലികമായി രണ്ടു മേഖലകളായി വിഭജിക്കപ്പെട്ടു. 17-ാം സമാന്തരരേഖയ്ക്കു വടക്കുള്ള പ്രദേശം ജനകീയചൈനയുടെ പിന്തുണ ലഭിച്ചിരിക്കുന്നവരും കമ്യൂണിസ്റ്റുകാരെന്നു കരുതപ്പെട്ടിരുന്നവരുമായ വിയറ്റ്മിഞ്ചുകൾക്കു നൽകപ്പെട്ടു. തെക്കുള്ള പ്രദേശം പാശ്ചാത്യരാജ്യങ്ങളുടെ പിന്തുണ ലഭിച്ചിരുന്നവരും ജനാധിപത്യ വിശ്വാസികളെന്നു കരുതപ്പെടുന്നവരുമായ ദേശീയവാദികൾക്കും നൽകപ്പെട്ടു. 1955 ജൂലായ് മാസത്തിൽ വടക്കൻ വിയറ്റ്നാമിലും തെക്കൻവിയറ്റ്നാമിലും സ്വതന്ത്രമായ തിരഞ്ഞെടുപ്പു നടത്തണമെന്നു ജനീവാസമ്മേളനം വ്യവസ്ഥചെയ്തിരുന്നുവെങ്കിലും ഉത്തരവിയറ്റ്നാമിലെ ഭരണാധികാരികൾ അതിനു സമ്മതിച്ചില്ല. അവർ അതിനു സമ്മതിച്ചിരുന്നെങ്കിൽ വിയറ്റ്നാമിലെ അവസാനിക്കാതെ പോകുന്ന ആഭ്യന്തരയുദ്ധം ഒഴിവാക്കാമായിരുന്നു. സ്വതന്ത്രമായ തിരഞ്ഞെടുപ്പുകൾ നടത്തിയാൽ ജനങ്ങളുടെ വിധി തങ്ങൾക്കെതിരായിവന്നേക്കുമെന്നു ഭയപ്പെട്ടിരുന്ന ഉത്തരവിയറ്റ്നാമിലെ ഭരണാധികാരികൾ ബലപ്രയോഗംകൊണ്ട് ദക്ഷിണവിയറ്റ്നാം പിടിച്ചെടുക്കണമെന്ന ലക്ഷ്യത്തോടുകൂടി അട്ടിമറിപ്രവർത്തനങ്ങൾ നടത്തുന്നതിനു വിയറ്റ്കോംഗുകൾ എന്ന പേരിലറിയപ്പെടുന്ന തീവ്രവാദികൾക്കു പ്രേരണയും സഹായവും നൽകിക്കൊണ്ടിരുന്നു. ഉത്തരവിയറ്റ്നാമിലെ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രക്കാർ ബലപ്രയോഗംകൊണ്ട് ദക്ഷിണവിയറ്റ്നാം പിടിച്ചെടുക്കുമെന്നുള്ള ഭയംകൊണ്ടാണ് അമേരിക്കാ വിയെറ്റ്നാമിൽ ഇടപെട്ടത്. റഷ്യയുടെയും ജനകീയചൈനയുടെയും പിന്തുണയുള്ള ഉത്തരവിയറ്റ്നാമും അമേരിക്കാ ഉൾപ്പെടെ ഏഴു രാജ്യങ്ങളുടെ പിന്തുണയുള്ള ദക്ഷിണവിയറ്റ്നാമും തമ്മിൽ 1958 മുതൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധം അടുത്തെങ്ങും അവസാനിക്കുന്ന ലക്ഷണങ്ങൾ കാണുന്നില്ല.

## ഉത്തരവിയറ്റ്നാമും ദക്ഷിണവിയറ്റ്നാമും

ഹാനോയി തലസ്ഥാനമായുള്ള ഉത്തരവിയറ്റ്നാമിലെ ജനസംഖ്യ (1964) ഏകദേശം 18 ദശലക്ഷമാണ്. സെയ്ഗോൺ തലസ്ഥാനമായുള്ള ദക്ഷിണവിയറ്റ്നാമിലെ ജനസംഖ്യ (1964) ഏകദേശം 16 ദശലക്ഷമാണ്. രണ്ടു പ്രദേശങ്ങളിലും ഭൂരിപക്ഷം ജനങ്ങൾ ബുദ്ധമതക്കാരാണ്. സാമാന്യം പ്രബലമായ ഒരു ന്യൂനപക്ഷം കത്തോലിക്കരുമുണ്ട്. വിയറ്റ്നാമിലെ ജനങ്ങൾ സമാധാനവും സുരക്ഷിതത്വവും അറിഞ്ഞിട്ട് കാൽ ശതാബ്ദത്തിനു മേലായി. 1940-ൽ ജപ്പാൻ അവിടെ ക്രൂരവും കിരാതവുമായ ഒരു ഭരണം ആരംഭിച്ചു. 1945-ൽ ജപ്പാൻ കീഴടങ്ങിയതിനുശേഷം ഇന്നോളം വിയറ്റ്നാമിൽ ആഭ്യന്തരസംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിനാളുകൾ ഭവനരഹിതരായിത്തീർന്നിട്ടുണ്ട്. യുദ്ധംകൊണ്ടും രാഷ്ട്രീയകൊലപാതകങ്ങൾകൊണ്ടും പട്ടിണികൊണ്ടും അട്ടിമറിപ്രവർത്തനങ്ങൾകൊണ്ടും മരിച്ചിട്ടുള്ളവരുടെ സംഖ്യയ്ക്കു കണക്കില്ല. രാജ്യം മിക്കവാറും യുദ്ധരംഗമായിമാറിയതുകൊണ്ട് പട്ടാളക്കാരുടെ ദുർന്നടപ്പുകൾ സാധാരണസംഭവങ്ങളായിത്തീർന്നിരിക്കുന്നു. അതുമൂലം നിസ്സഹായരായ സ്ത്രീ ജനങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുള്ള അപമാനങ്ങളും യാതനകളും ഊഹിക്കാവുന്നതാണ്.

## യുദ്ധം എന്തിനുവേണ്ടി?

വിയറ്റ്നാമിൽ ആഭ്യന്തരയുദ്ധം എന്തിനുവേണ്ടിയാണു നടക്കുന്നത്? അതിന്റെ ലക്ഷ്യങ്ങൾ വളരെ സങ്കീർണ്ണമാണ്. പ്രത്യയശാസ്ത്രപരമായ ഒരു സംഘട്ടനം വിയറ്റ്നാമിലെ ആഭ്യന്തരയുദ്ധത്തിലുണ്ടെന്നുള്ളതു സംശയരഹിതമാണ്. പട്ടാളച്ചിട്ടയോടുകൂടിയ ഒരു സാമൂഹ്യവ്യവസ്ഥിതിയ്ക്കുവേണ്ടി ഉത്തരവിയറ്റ്നാം നിലകൊ

ളുമ്പോൾ വ്യക്തിസ്വാതന്ത്ര്യമുള്ള ഒരു 'ഇന്ന' സാമൂഹ്യവ്യവസ്ഥിതിയിലു് ദക്ഷിണ വിയറ്റ്നാം നിലകൊള്ളുന്നു. ആദ്യത്തേതു കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും രണ്ടാമത്തേതു വ്യക്തിസ്വാതന്ത്ര്യപ്രത്യയശാസ്ത്രവും സ്വീകരിക്കുന്നു. ദക്ഷിണ വിയറ്റ്നാമിലെ ജനങ്ങൾക്കു കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി വേണമെന്നുണ്ടെങ്കിൽ അവരെ തടയുന്നതു ശരിയായിരിക്കയില്ല. എന്നാൽ സംഘടിതമായ ഒരു ന്യൂനപക്ഷം പുറമേനിന്നുള്ള സഹായത്തോടുകൂടി ബലപ്രയോഗംകൊണ്ട് ദക്ഷിണവിയറ്റ്നാമിൽ കമ്മ്യൂണിസം സ്ഥാപിക്കുവാൻ ശ്രമിക്കുകയാണെന്നത്രേ അവിടെ യുദ്ധം ചെയ്യുന്ന സഖ്യകക്ഷികളുടെ വിശ്വാസം. വിയറ്റ്നാം യുദ്ധത്തിൽ ഇനിയും പ്രശ്നങ്ങളുണ്ട്. പതിനൊന്നാം നൂറ്റാണ്ടിൽ ചൈനാക്കാരും പതിമൂന്നാം നൂറ്റാണ്ടിൽ ചെങ്കിസ്ഖാന്റെ അനുയായികളായ മംഗോൾ വർഗ്ഗക്കാരും അതിൽപിന്നെ വീണ്ടും ചൈനാക്കാരും വിയറ്റ്നാമിൽ ആക്രമണങ്ങൾ നടത്തുകയും ചില ഭാഗങ്ങളിൽ അധികാരം നടത്തുകയും ചെയ്തിട്ടുണ്ട്. ചൈനായിലെ മഞ്ചുരാജവംശം വിയറ്റ്നാമിന്റെമേൽ മേധാവിത്വം പുലർത്തിയിരുന്നു. വിയറ്റ്നാമിന്റെ മേൽ ചൈനയ്ക്കു ചരിത്രപരമായ അവകാശങ്ങളുണ്ടെന്നു ചൈനയിലെ ഇപ്പോഴത്തെ ഭരണാധിപന്മാർ കരുതുന്നുണ്ടെന്നു വിചാരിക്കുവാൻ കാരണമുണ്ട്. 600 ദശലക്ഷം ജനങ്ങളെ തീറ്റിപ്പോറ്റുവാൻ ഞെരുങ്ങുന്ന ജനകീയചൈനയ്ക്കു് ഏഷ്യയുടെ നെല്ലറയായ വിയറ്റ്നാം, ലാവോസ്, കംബോഡിയാ മുതലായ പ്രദേശങ്ങളിൽ മേധാവിത്വം സ്ഥാപിക്കണമെന്ന് ആഗ്രഹമുണ്ട്.

## ശീതസമരത്തിന്റെ ഒരു കണ്ണി

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്ന ആഗോളശീതസമരത്തിന്റെ ഒരു രംഗമാണ് വിയറ്റ്നാം. റഷ്യയും അമേരിക്കയുമാണ് ശീതസമരത്തിന്റെ നേതൃത്വം വഹിക്കുന്നവർ. ശീതസമരത്തിന്റെ ജയാപജയങ്ങളിൽ ദൃഷ്ടിവെച്ചുകൊണ്ടാണ് അമേരിക്കയും റഷ്യയും വിയറ്റ്നാം സംഘട്ടനത്തിൽ സജീവമായ പങ്കു വഹിക്കുന്നത്.

## സംഘട്ടനം–മതത്തിന്റെപേരിൽ

ഇതിനൊക്കെപ്പുറമേ രണ്ടു മതവിഭാഗങ്ങൾ തമ്മിലുള്ള ഒരു മത്സരവും വിയറ്റ്നാം യുദ്ധത്തിൽ അന്തർഭവിച്ചിട്ടുണ്ട്. അവിടത്തെ ജനസംഖ്യയിൽ ഭൂരിപക്ഷവും ബുദ്ധമതക്കാരാണ്. എന്നാൽ സാമാന്യം പ്രബലരായ ഒരു ന്യൂനപക്ഷമാണ് വിയറ്റ്നാമിലെ കത്തോലിക്കർ. 1954 മുതൽ 1963 വരെ ദക്ഷിണവിയറ്റ്നാമിൽ ഭരണം നടത്തിയിരുന്ന പ്രസിഡന്റ് ഡീയെം ഒരു കത്തോലിക്കനായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഭരണവകുപ്പുകളിൽ വലിയ സ്വാധീനമുണ്ടായിരുന്നു, കത്തോലിക്കർക്ക്. അവർ വിദ്യാഭ്യാസരംഗത്തും മറ്റും കൂടുതൽ പുരോഗതി പ്രാപിച്ചിരുന്നതുകൊണ്ടാണ് ഭരണവകുപ്പുകളിൽ അവർക്കു കൂടുതൽ പ്രാതിനിധ്യം കിട്ടിയതെന്നു പറയപ്പെടുന്നു. ഒരുകാലത്ത് മദ്രാസിൽ ബ്രാഹ്മണമേധാവിത്വത്തിനെതിരായി അബ്രാഹ്മണരുടെ ഒരു പ്രസ്ഥാനമുണ്ടായതുപോലെ വിയറ്റ്നാമിൽ കത്തോലിക്കാമേധാവിത്വമാണ് നടക്കുന്നതെന്നുതോന്നിയ ബുദ്ധമതക്കാർ ഒരു കത്തോലിക്കാവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചു. ബുദ്ധമതക്കാർ പ്രായേണ വിയറ്റ്കോംഗുകൾക്കു പിന്തുണ നൽകുവാനും തുടങ്ങി.

## പാശ്ചാത്യവിരുദ്ധത

വിയറ്റ്നാം യുദ്ധത്തിൽ അന്തർഭവിച്ചിരിക്കുന്ന മറെറാരു പ്രത്യേകത ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ സാധാരണ കാണാറുള്ള പാശ്ചാത്യവിരുദ്ധതയാണ്. ഫ്രഞ്ചുകാർ വളരെക്കാലം വിയറ്റ്നാമിൽ കൊളനിഭരണം നടത്തിയിട്ടുണ്ട്. അന്നുമുതൽ പാശ്ചാത്യവിരുദ്ധത ഒരു ഉൾപ്രേരണയായി വിയറ്റ്നാമിലെ ജനങ്ങളുടെ മനസ്സിന്റെ അടിത്തട്ടിൽ ഉറച്ചുകിടപ്പുണ്ട്. യഥാർത്ഥത്തിൽ പാശ്ചാത്യവിരുദ്ധത എന്നപോലെ ചൈനീസ്‌വിരുദ്ധതയും അവരുടെ മനസ്സിൽ അടിയുറച്ചിട്ടുണ്ടെന്നാണ് വിയറ്റ്നാംപ്രശ്നങ്ങളിൽ വിദഗ്ദ്ധന്മാരായ ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

## വിയറ്റ്നാം യുദ്ധവും റഷ്യയും-

1951-ൽ ഉത്തരകൊറിയ ദക്ഷിണകൊറിയയെ ആക്രമിച്ചപ്പോൾ ഐക്യരാഷ്ട്രസംഘടന അതിലിടപെടുകയും ഉത്തരകൊറിയയെ അക്രമകാരിയെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഐക്യരാഷ്ട്രസംഘടന എന്തുകൊണ്ടാണ് വിയറ്റ്നാമിൽ ഇടപെടാതിരിക്കുന്നത്? റഷ്യയുടെ എതിർപ്പാണതിനു കാരണം. വിയറ്റ്നാംപ്രശ്നം ഐക്യരാഷ്ട്രസംഘടനയിൽ സമർപ്പിക്കുന്നതിനു് അമേരിക്ക കഴിഞ്ഞവർഷം വളരെ പരിശ്രമിച്ചതാണ്. എന്നാൽ റഷ്യ എല്ലായ്പ്പോഴും ആ നിർദ്ദേശത്തെ എതിർത്തിരുന്നു. 1954–ൽ നടന്ന ജനീവാസമ്മേളനം വീണ്ടും വിളിച്ചുകൂട്ടണമെന്ന് അതിന്റെ സഹാദ്ധ്യക്ഷരാജ്യങ്ങളിലൊന്നായ ബ്രിട്ടൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ റഷ്യ ആ നിർദ്ദേശത്തിനുമെതിരായിരുന്നു. വിയറ്റ്നാം പ്രശ്നത്തിൽ റഷ്യയുടെ ലക്ഷ്യമെന്താണ്? നീണ്ടുപോയാൽ അതു് അമേരിക്കയുടെ സാമ്പത്തികസുസ്ഥിരതയെ ക്രമേണ സ്പർശിക്കുമെന്നും അമേരിക്കയുമായി നടന്നുവരുന്ന ആഗോളശീതസമരത്തിൽ തങ്ങൾക്കതൊരു നേട്ടമായിരിക്കുമെന്നും റഷ്യ കരുതുന്നുണ്ടാകണം.

## വിയറ്റ്നാം യുദ്ധവും ചേരിചേരാരാജ്യങ്ങളും

ചേരിചേരാരാജ്യങ്ങളായി അറിയപ്പെടുന്ന അനേകം രാജ്യങ്ങളുണ്ട്. ഈ രാജ്യങ്ങളിൽ പ്രധാനപ്പെട്ടവ ഇൻഡ്യാ, യുഗോസ്ലാവിയാ, യു. ഏ.

ആർ. എന്നിവയാണ്. മിക്ക ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളുമെല്ലാം ഇവർ ഏറെക്കുറെ സ്വാധീനം ചെലുത്തുന്നുണ്ട്. 1954 ലെ ജനീവാസമ്മേളനത്തിന്റെ തീരുമാനങ്ങളനുസരിച്ച് വിയററ്നാം പ്രശ്നം പരിഹരിക്കപ്പെടണമെന്നും അമേരിക്കാ ഉത്തരവിയററ്നാമിൽ നടത്തുന്ന വിമാനാക്രമണങ്ങൾ നിരുപാധികമായി അവസാനിപ്പിക്കണമെന്നും പല ചേരിചേരാരാജ്യങ്ങളും കൂടെക്കൂടെ പ്രസ്താവനകൾ ഇറക്കി പൊതുജനാഭിപ്രായത്തിന്റെമേൽ സ്വാധീനം ചെലുത്താറുണ്ട്. എന്നാൽ വിയററ്നാം പ്രശ്നം ഐക്യരാഷ്ട്രസമിതിയിൽ സമർപ്പിക്കപ്പെടുന്നതിനുവേണ്ടിയോ ജനീവാ സമ്മേളനം വീണ്ടും വിളിച്ചുകൂട്ടുന്നതിനുവേണ്ടിയോ ഇവർ സ്വരമയത്തിൽ പ്രചാരണം നടത്താറില്ല. ചേരിചേരാരാജ്യങ്ങൾ ഉത്തരവിയററ്നാമിന് പിന്തുണ നൽകുന്നവരാണെന്നു പറഞ്ഞുകൂടെങ്കിലും അവരുടെ പ്രചാരണങ്ങൾ പ്രായേണ ഉത്തരവിയററ്നാമിന്റെ ലക്ഷ്യങ്ങൾക്ക് സഹായകരമായിത്തീരുകയാണ് ചെയ്തിട്ടുള്ളത്.

## വിയററ്നാം യുദ്ധവും 'നാറേറാ' സംഘടനയും

ഫ്രാൻസ് നാറേറാസംഘടനയിൽനിന്ന് മിക്കവാറും വിട്ടുമാറിയിരിക്കുകയാണ്. അമേരിക്കാ വിയററ്നാം യുദ്ധത്തിൽനിന്ന് നിരുപാധികം പിന്മാറണമെന്നുള്ള ആശയമാണ് ഫ്രഞ്ച് പ്രസിഡൻറ് ചാൾസ് ഡിഗാളിന്റെ പ്രസ്താവനകൾ സൃഷ്ടിക്കാറുള്ളത്. 'നാറേറാ'സംഘടനയിൽപ്പെട്ട മററു 14 രാജ്യങ്ങളിൽ അമേരിക്കാ മാത്രമേ വിയററ്നാം യുദ്ധത്തിൽ സജീവമായി പങ്കെടുക്കുന്നുള്ളൂ. സമാധാനപരമായ കൂടിയാലോചനകൾവഴി വിയററ്നാംപ്രശ്നം പരിഹരിക്കണമെന്നുള്ള അഭിപ്രായമാണ് കാനഡായ്ക്കുള്ളത്. വിയററ്നാംയുദ്ധം നീണ്ടുപോകുന്നതിനെപ്പററി ആശങ്കയുള്ളവരാണ് മററു 12 'നാറേറാ'രാജ്യങ്ങളെങ്കിലും അതിൽ സജീവമായി പങ്കെടുത്ത് അമേരിക്കയെ സഹായിക്കണമെന്ന് അവർക്കുദ്ദേശമില്ല. കിഴക്കുനിന്നുള്ള ആക്രമണം അവരിപ്പോഴും ഭയപ്പെടുന്നതുകൊണ്ട് അവക്ക് അതിനുള്ള കഴിവോ സാഹചര്യമോ ഉണ്ടെന്നു തോന്നുന്നില്ല.

## ദക്ഷിണവിയററ്നാം: ദേശീയവിമോചന മുന്നണിയും വിയററ്കോംഗും

ദേശീയവിമോചനമുന്നണിയും വിയററ്കോംഗും ഒന്നുതന്നെ. ദേശീയവിമോചനമുന്നണി എന്നു വിവരിക്കപ്പെടുന്നത് ദക്ഷിണ വിയററ്നാമിലെ കമ്മ്യൂണിസ്റ്റ് കക്ഷിയാണെന്നു പറയാം. വിയററ്കോംഗ് അവരുടെ സൈനികവിഭാഗമാണ്. 1954 ന മുമ്പ് വിയററ്മിഞ്ഞ് എന്നറിയപ്പെട്ടിരുന്നവരാണ് ഇന്നു ദേശീയവിമോചന മുന്നണിയായി വ്യവഹരിക്കപ്പെടുന്നത്. വിയററ്കോംഗിന്റെ സംഖ്യ ഒരു ലക്ഷത്തിൽ താഴെയേയുള്ളുവെന്നാണ് അമേരിക്കൻകേന്ദ്രങ്ങൾ പറയാറുള്ളത്. എന്നാൽ ദേശീയവിമോചനമുന്നണിയിലുള്ളവർ അതിന്റെ പലമടങ്ങുവരും. ദക്ഷിണവിയററ്നാമിലെ ജനങ്ങളിൽ എത്ര ശതമാനം വിയററ്കോംഗിന്റെ അനുഭാവികളാണെന്നുള്ളത് അജ്ഞാതമാണ്. എന്നാൽ അവരൊരു ചെറിയ ന്യൂനപക്ഷം മാത്രമേയുള്ളുവെന്നു കരുതുവാൻ കാരണങ്ങളുണ്ട്. കഴിഞ്ഞ ജനുവരി 30-ാം തീയതി ഉത്തരവിയററ്നാം സൈനികരും വിയററ്കോംഗുകളും ആരംഭിച്ച വമ്പിച്ച ആക്രമണങ്ങൾമൂലം സെയ്ഗോണിലും വേറെ പല നഗരങ്ങളിലും ക്രമസമാധാനങ്ങളും നിയമവാഴ്ചയും തകർന്നുപോയെങ്കിലും ദക്ഷിണവിയററ്നാം ഗവണ്മെൻറിനെതിരായി ഒരു ജനകീയവിപ്ലവം ഉണ്ടായില്ല. ഈ വസ്തുത പരിഗണിക്കുമ്പോൾ ദക്ഷിണവിയററ്നാമിലെ ഭൂരിപക്ഷം ജനങ്ങളും സെയ്ഗോണിലെ ഗവണ്മെൻറിന് പിന്തുണ നൽകുന്നവരാണെന്നുവേണം കരുതുവാൻ. ഇതാണു വസ്തുതയെങ്കിൽ 5 ലക്ഷത്തോളം വരുന്ന അമേരിക്കൻസൈനികർക്കും ഏഴരലക്ഷത്തോളം വരുന്ന ദക്ഷിണവിയററ്നാം സൈനികർക്കും എന്തുകൊണ്ട് വിയററ്കോംഗുകളുടെ ആക്രമണങ്ങൾ അവസാനിപ്പിക്കുവാൻ കഴിയുന്നില്ല എന്നൊരു ചോദ്യമുദിക്കുന്നുണ്ട്. ഒളിപ്പോരുകാർക്കുള്ള പ്രത്യേകസാഹചര്യങ്ങളും സൗകര്യങ്ങളുമാണ് ഒരു കാരണം. ഒരു വിയററ്കോംഗുകാരനെ നേരിടുന്നതിന് നൂറ് അമേരിക്കൻ സൈനികർ വേണ്ടിവരുമെന്ന് ഒരു നിഷ്പക്ഷനിരീക്ഷകൻ ഒരിക്കൽ പറയുകയുണ്ടായി. കമ്മ്യൂണിസ്റ്റുകാരിൽ സാധാരണയായി കാണുന്ന ലക്ഷ്യബോധവും നിശ്ചയദാർഢ്യവും ത്യാഗസന്നദ്ധതയും രണ്ടുംകല്പിച്ചുകൊണ്ടുള്ള മുന്നേററവുമാണ് ഇതിനു കാരണം. പ്രായേണ സുഖലോലുപന്മാരും മനസ്സില്ലാമനസ്സോടെ യുദ്ധം ചെയ്യുന്നവരുമായ അമേരിക്കൻസൈനികർക്കും സ്വഭാവംകൊണ്ട് അവരെക്കാൾ മെച്ചമില്ലാത്ത ദക്ഷിണവിയററ്നാം സൈനികർക്കും വിയററ്കോംഗുകൾക്കുള്ള പരാക്രമമോ സാഹസികസ്വഭാവമോ ഇല്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇതിനുപുറമേ കമ്മ്യൂണിസ്റ്റ്രാജ്യങ്ങളായ റഷ്യ, ചൈന തുടങ്ങിയവ അവർക്കു പല വിധത്തിൽ പിന്തുണ നൽകുന്നുമുണ്ട്.

സങ്കീർണ്ണമായ വിയററ്നാമിന്റെ പ്രശ്നങ്ങൾക്കു ശരിയായ പരിഹാരങ്ങൾ കണ്ടെത്തുക എളുപ്പമല്ല. അതുകൊണ്ടാണ് യുദ്ധം നീണ്ടുപോകുന്നത്. അമേരിക്കാ ഈ യുദ്ധത്തിൽ അഗാധമായി ഉൾപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അവർ രണ്ടിലൊന്നു ചെയ്യേണ്ടിവരും. ഉത്തരവിയററ്നാം പറയുന്ന വിധത്തിലുള്ള ഒരു സമാധാനത്തിനു സമ്മതിക്കുകയോ, ഉത്തരവിയററ്നാമിലേയ്ക്ക് സൈന്യങ്ങളെ നീക്കി യുദ്ധം വ്യാപിപ്പിക്കുകയോ ആണ് അമേരിക്കയുടെ മുന്നിലുള്ള മാർഗ്ഗങ്ങൾ. ഇതിൽ ഏതാണ് അവർ സ്വീകരിക്കുന്നത് എന്നകാര്യം 1968 നവംബറിൽ നടക്കുവാനിരിക്കുന്ന പ്രസിഡൻറ്തിരഞ്ഞെടുപ്പിനെ ആശ്രയിച്ചാണിരിക്കുന്നതെന്നു തോന്നുന്നു.

കവിത

# “മെൻഡലിനോട്”

എൻ. അപ്പുക്കുട്ടൻ, എം. എസ്‌സി.

(1)

ആത്മചൈതന്യത്തിന്റെ
പുണ്യസൂക്തങ്ങൾ ചൊല്ലി
ആത്മവീര്യത്തിൻ മാററു
കൂട്ടുവാൻ മോഹിപ്പു നാം.
സസ്യതല്ലജങ്ങളിൽ
ലസിക്കും സൗന്ദര്യവും
ജന്തുവർഗ്ഗങ്ങൾക്കുള്ള
ജീവിതത്വരകളും
മാനവചൈതന്യത്തിൻ
താഴെയാണല്ലോ; പിന്നെ—
യാത്മാവു നമുക്കില്ലേ,
ദൈവത്തിൻ സ്വരൂപവും?

(2)

അങ്ങു യൂറോപ്പിൽക്കൊച്ചു
ബ്രൂണിയിൽപ്പരക്കുന്നു
മെൻഡലിൻ ഗവേഷണ—
പുഷ്പത്തിൻ പരിമളം.
ദൈവത്തെ രക്ഷിക്കാനായ്
ശാസ്ത്രത്തെ മറയ്ക്കേണ്ട:
വൈദികൻ കൊളുത്തുന്നു
പൈതൃകശാസ്ത്രത്തിരി.

(3)

അന്നത്തെഗ്ഗവേഷണ
പകുത്തിലുൾക്കൊള്ളുന്നു—
ണ്ടിന്നത്തെപ്പാരമ്പര്യ
ശാസ്ത്രവൃക്ഷത്തിൻബീജം.
ഡീയെന്നേ യാറെന്നേയും
പിന്നെയക്രോമോസോമും
ജീൻസമാത്തത്വത്തിന്റെ
വിജയം പ്രഖ്യാപിപ്പൂ.

(4)

സസ്യജന്തുക്കൾക്കുമീ
മാനവവർഗ്ഗത്തിനും
പൈതൃകശക്തിയ്ക്കുള്ള
പ്രാഭവം കുറിക്കവേ
പൊളിഞ്ഞു നരസൃഷ്ടി—
സ്സർശിയാം കടങ്കഥ;
തകർന്നു മനുഷ്യന്റെ
മിഥ്യയാം സങ്കല്പങ്ങൾ.
നമ്മുടെ പിതാമഹർ
വാനരരെന്നേ വന്നു!
പൈതൃകം മോഹത്തിനു
മാററുവാനുണ്ടോമാർഗ്ഗം?

(5)

മർക്കടപ്പിടുത്തവും
ചാപല്യപ്രഭാവവും
ഗോഷ്ഠികൾ കാട്ടാനുള്ള
വെമ്പലുമുദ്വേഗവും
എങ്ങുന്നു വരുന്നെന്നു
സംശയമുണ്ടോ, പിന്നിൽ
തൂങ്ങുന്നവാലൊന്നല്ലേ
നമ്മൾക്കുപോരായ്മയുള്ളൂ?
എങ്കിലുമിന്നും നമ്മൾ
ദർപ്പത്താൽ ഞെളിയുന്നു
നമ്മുടെ സംസ്കാരത്തിൻ
മേന്മയെച്ചൊല്ലിച്ചൊല്ലി.

(6)

ദർപ്പണഫലകത്തിൽ
മുഖവൈകൃതം കണ്ടു
വദനം തിരിപ്പതും
വാനരചാപല്യമോ?

(From page No. 16)

ഭാഷാമണ്ഡലത്തിന്റെ പ്രസിഡണ്ടായ പ്രൊഫ: മാത്യു ഉലകംതറയുടെ മേൽനോട്ടത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. മോഹൻദാസ് (II P. D.) ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. കെ. രാമഷേണായി (II P. D.) ജോയിന്റ് സെക്രട്ടറിയായും നിയമിക്കപ്പെടുകയുണ്ടായി.

ഭാഷാമണ്ഡലത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 1967 ഡിസംബർ 3-ാംനു വൈകുന്നേരം കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽവെച്ച് പ്രസിദ്ധ എഴുത്തുകാരിയായ ശ്രീമതി ആനി കെ. തയ്യിൽ നിർവ്വഹിച്ചു. പ്രൊ: ഉലകംതറ ശ്രീമതി ആനിയെ സദസ്സിനു പരിചയപ്പെടുത്തിക്കൊടുത്തു.

വിദ്യാർത്ഥികൾക്ക് ഇന്നത്തെ രാഷ്ട്രീയത്തിലുണ്ടായിരിക്കേണ്ട പങ്കിനെപ്പററിയാണ് ശ്രീമതി ആനി സംസാരിച്ചതു്. പാർട്ടിപ്രവർത്തകരല്ലാത്ത ഭൂരിഭാഗം സാധാരണക്കാർക്കുവേണ്ടി ചിന്തിക്കുകയും അവർക്കുവേണ്ടി രാഷ്ട്രീയപ്പാർട്ടികളെത്തന്നെ നേരായ വഴിയിലേക്കു കൊണ്ടുവരികയും ചെയ്യേണ്ടതു് വിദ്യാർത്ഥികളും ബുദ്ധിജീവികളുമാണെന്ന് ശ്രീമതി ആനി പ്രസ്താവിക്കുകയുണ്ടായി. അവർ ഇങ്ങനെ തുടർന്നു:- നിസ്സാരകാര്യങ്ങൾക്കുവേണ്ടി തലതല്ലിപ്പൊളിക്കേണ്ടവരല്ല വിദ്യാർത്ഥികൾ. അവർ രാജ്യത്തിന്റെ പ്രശ്നങ്ങൾ പഠിക്കുകയും ഭാവിയ്ക്കു ഭദ്രമായ രൂപം കൊടുക്കുകയും ചെയ്യേണ്ടവരാണ്.

സെക്രട്ടറി കൃതജ്ഞത പറഞ്ഞു.

ചുററുപാടുകളുടെ പ്രാതികൂല്യം നിമിത്തം ഭാഷാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ തെല്ലു പരിമിതമാക്കേണ്ടിവന്നുവെന്നു ഖേദപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

മോഹൻദാസ്

സെക്രട്ടറി.

## ARTS CLUB

***പ്രസിഡണ്ട്***: *റവ: ഫാ. ഗ്രേഷ്യൻ, സി. എം. ഐ; എം. എസ്‌സി.*

***സെക്രട്ടറിമാർ***: *ടി. കെ. എബ്രഹാം* III B. A. *വി. ററി.* ***ജോൺ*** I B. A.

ഡ്രാമാററിക് ക്ലബ്ബിന്റെ ഈ വർഷത്തെ സെക്രട്ടറിയായി ശ്രീ. ടി. കെ. എബ്രഹാം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. മ്യൂസിക് ക്ലബ്ബ് സെക്രട്ടറിയായി ശ്രീ. വി. ററി. ജോൺ നിയമിതനാവുകയുമുണ്ടായി.

നവംബർ നാലാം തീയതി വൈകുന്നേരം ഓഡിറേറാറിയത്തിൽവെച്ച് ഉദ്ഘാടനസമ്മേളനം നടന്നു. പ്രസിദ്ധ ചലച്ചിത്രസംവിധായകനും ഈ കോളേജിലെ പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ. പി. എ. തോമസാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചതു്. ഓരോ വർഷവും അഭിനയത്തിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്കായി ഒരു റോളിങ് കപ്പ് തരുന്നതാണെന്ന് ഉദ്ഘാടനപ്രസംഗത്തിനിടയിൽ അദ്ദേഹം വാഗ്ദാനം ചെയ്തു.

ഉദ്ഘാടനസമ്മേളനത്തോടനുബന്ധിച്ച് മ്യൂസിക്ക്ലബ്ബിന്റെ ഗാനമേളയുണ്ടായിരുന്നു. അതിനുശേഷം 'ആങ്സൈററി ന്യറോസിസ്,' 'അതിഥി' എന്ന ഉജ്ജ്വലമായ രണ്ടു് ഏകാങ്കങ്ങളും നടന്നു.

അമേരിക്കൻ വിദ്യാർത്ഥികളുടെ സാന്നിദ്ധ്യത്തിൽ ഓഡിറേറാറിയത്തിൽവെച്ച് മ്യൂസിക് ക്ലബ്ബ് നടത്തിയ ഗാനമേള ആ വിദേശവിദ്യാർത്ഥികളെ അത്യന്തം ആകർഷിക്കുകയുണ്ടായി.

നവംബർ 30–ാം തീയതി വൈകുന്നേരം ഓഡിറ്റോറിയത്തിൽവെച്ച് ആർട്ട്സ് ക്ലബ്ബിന്റെ വിവിധ കലാപരിപാടികൾ നടക്കുകയുണ്ടായി. 'ഉദ്ഘാടനം' എന്ന ഒരു പ്രഹസനം, ഗാനമേള, നൃത്തം എന്നിത്രയും കലാപരിപാടികളുണ്ടായിരുന്നു.

ജനുവരി മാസത്തിൽ നടന്ന ഇന്റർ കോളേജിയറ്റ് കാത്തലിക് യുവജനോത്സവത്തിൽ ഈ കോളേജിലെ ആർട്ട്സ് ക്ലബ്ബ് സജീവമായി പങ്കെടുക്കുകയും മോണോആക്ട് (ജോസഫ് പഠനാടൻ), നൃത്തം (വി. ജെ. വിക്ടർ), ഗാനമേള എന്നിവയിൽ ഒന്നാംസ്ഥാനവും ടാബ്ളോയിൽ രണ്ടാം സ്ഥാനവും നേടുകയുണ്ടായി.

മാർച്ച് നാലാംതീയതി വൈകുന്നേരം ഓഡിറ്റോറിയത്തിൽ സമാപനസമ്മേളനം നടന്നു. കാർട്ടൂണിസ്റ്റ് തോമസ് പ്രസംഗിച്ചു. തുടർന്ന് ഗാനമേള, മോണോ ആക്ട്, ബാലേ എന്നീ ലഘുപരിപാടികളും 'റിഹേഴ്സൽ' എന്ന രസകരമായൊരു ഏകാങ്കനാടകവും നടത്തപ്പെട്ടു.

പിന്നീട് നടന്ന കോളേജ്യൂണിയന്റെ സമാപനസമ്മേളനത്തോടനുബന്ധിച്ച് ഗാനമേള, മോണോആക്ട്, നൃത്തം എന്നീ കലാപരിപാടികൾ നടത്തപ്പെടുകയുണ്ടായി.

